# വിഷയവിവരം.


സമസ്തകേരള സാഹിത്യപരിഷത്തു്.

(ദശമസമ്മേളനം.)

സാഹിത്യവും പൗരവിദ്യാഭ്യാസവും

— വി. ആർ. നായനാർ ബി. ഏ.

ഭാഷാസാഹിത്യത്തിലെ ചില സുപ്രസിദ്ധ കഥാപാത്രങ്ങൾ

— പ്രൊഫസ്സർ എം. പി. പോൾ എം. ഏ.

അവളുടെ ആത്മബോധം

(ഒരു കഥ) — വി. വി.

ചണ്ഡിദാസ്

— പി. ഉണ്ണി.

ശാകുന്തളത്തിലെ ആദ്ധ്യാത്മികരഹസ്യം

— ഏ. ഹരിഹരൻ.

പ്രൊഫസർ മേഘനാദ സാഹ

— എസ്സ്. കെ. ബാലകൃഷ്ണൻ.

ഒളിമ്പിക്ക് വിനോദങ്ങൾ

— എം. ഒ. ജോസഫ്.

ആരാമപക്കത്തു് (കവിത)

— പ്രേംജി.

സാഹിത്യവും സാമാന്യജീവിതവും

— എം. എസ്സ്. ദേവദാസ് ബി. ഏ. (ഓണേഴ്സ്)

പ്രതിധ്വനി.

വംശവിജ്ഞാനീയവും നമ്മുടെ ഭാവിയും — അലക്
സാൻഡറും ബ്രാഹ്മണരും — ഒരു കലാകാരന്റെ ധർമ്മാ
ചാരം — ആന്ധ്രസാഹിത്യം.

MADRAS - 3 APR 2003 CHENNAI-600
JUL. 1936 MADRAS
91770
O32m2032:N15
67

# കൈരളി

| പുസ്തകം ൨൧. | ൧൧൧൧ മേടം, എടവം. | ലക്കം ൧. |
|---|---|---|

## സാഹിത്യപരിഷത്തു്.

[ദശമസമ്മേളനം.]

സമസ്തകേരള സാഹിത്യപരിഷത്തിന്റെ ദശമസമ്മേളനം തൃശ്ശിവപേരൂർ സെൻറ് തോമസ്സ് കലാശാലയുടെ ആഭിമുഖ്യത്തിൽ, നിരാഡംബരമായിട്ടാണെങ്കിലും, ഭംഗിയായി നടന്നിരിക്കുന്നു. സംസ്കാരവൈദ്യുതശക്തി സംഭരിക്കുവാനും ജനജീവിതത്തിൽ അതിന്റെ ശക്തിയും വെളിച്ചവും പ്രയോജനപ്രദമായ വിധത്തിൽ പ്രസരിപ്പിക്കുവാനും സന്നദ്ധമായിരിക്കേണ്ട കോളേജുകൾ സർവ്വകലാശാലയുടെ നിർദ്ദേശങ്ങൾ അനുസരിച്ചു പരീക്ഷ്യന്മാരെ ബദ്ധകങ്കണന്മാരാക്കുവാൻ മാത്രം ഒരുങ്ങി ചാരിതാൎത്ഥ്യം നടിക്കുന്നതു് അനാശാസ്യമാണെന്നും ഈദൃശങ്ങളായ സാംസ്കാരികയജ്ഞങ്ങളിലും സഹകരിക്കേണ്ടതാണെന്നും സ്വാഗതസംഘാദ്ധ്യക്ഷനായ പ്രിൻസിപ്പാൾ സൂചിപ്പിച്ചിട്ടുള്ളതു പ്രത്യേകം സന്തോഷാവഹമായിരിക്കുന്നു. ആ ഭാഷാപ്രണയിയുടെ ഉൽബോധനം വനരോദനമായി പരിണമിക്കുകയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം.

* * * *

'പതിവുപോലെ' പരിഷത്തു ഭംഗിയായി കഴിഞ്ഞു എന്നു പറയുവാൻ ഞങ്ങൾ ധൈര്യപ്പെടുന്നില്ല. ഭംഗിയായിട്ടാണു കഴിഞ്ഞതെങ്കിലും കേവലം 'പതിവുപോലെ'യല്ലെന്നു നിർമ്മത്സരന്മാരായ നിരൂപകന്മാർ സമ്മതിക്കുമെന്നു തോന്നുന്നു. ധനവ്യയനിയന്ത്രണം, അദ്ധ്യക്ഷസ്വീകരണം, 'കാര്യക്രമ'ത്രുപവൽകരണം മുതലായ വിഷയങ്ങളിൽ കന്നു

കണ്ണോടിച്ചാൽ അപൂൎണ്ണമാണെങ്കിലും ഗണ്യമായ ചില വ്യതിയാനങ്ങൾ കാണാം. ആഡംബരം, സദ്യ ഈ രണ്ടിനങ്ങളാണു പരിഷത്തിനു വേണ്ടി വ്യയം ചെയ്തിരുന്ന ധനത്തിന്റെ സിംഹഭാഗം ഗ്രസിച്ചിരുന്നതെന്നു് അറിയാത്തവരില്ല. സാഹിത്യവാസനയേക്കാൾ പാചകശാലാവാസനയാണു പരിഷത്തിൽ പല ദിക്കിലും പടൎന്നുപിടിച്ചിരുന്നതു്. ദശമസമ്മേളനം രസനയുടെ രസവേദിത്വത്തെ തൃപ്തിപ്പെടുത്തുവാൻ വളരെ യത്നിക്കാതിരുന്നാൽ ദുൎഭരമായ ധനവ്യയംകൂടാതെ നിരാഡംബരവും കാൎയ്യക്ഷമവുമായ സാഹിത്യസദസ്സു നടത്താമെന്നു വ്യക്തമാക്കിയിട്ടുണ്ടു്.

*   *   *   *

വ്യക്തികളെ തൃപ്തിപ്പെടുത്തുവാൻ, പൂരത്തിനു കാലത്തും വൈകുന്നേരവും കേററി എഴുന്നെള്ളിക്കുന്ന ആനയെ എന്നപോലെ, ഓരോ യോഗത്തിനും അദ്ധ്യക്ഷനെ മാറുന്ന രീതിക്കു ദശമസമ്മേളനം ഇട്ട വിരാമം പൂൎണ്ണവിരാമം തന്നെയായിരുന്നാൽ നന്നായിരിക്കും. വളൎന്നുവരുന്ന സജീവങ്ങളായ അഭിപ്രായങ്ങളോടും തെളിഞ്ഞുകഴിഞ്ഞ പരിപുഷ്ടമായ സംസ്കാരത്തോടുംകൂടിയ ഒരു സഭാപതി പരിഷത്തേല്പിച്ച കൃത്യങ്ങൾ യഥാകാലം ചെയ്തുതീൎക്കുവാൻ ഉണ്ടായിരിക്കുകയാണല്ലോ നല്ലതു്.

*   *   *   *

'കാൎയ്യക്രമം' രൂപവൽക്കരിച്ചിട്ടുള്ളതിലും പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നു. ആധുനികപദ്യസാഹിത്യത്തിലെ ഗതിവിശേഷങ്ങൾ', 'മലയാളഭാഷാസാഹിത്യത്തിലെ പ്രസിദ്ധ കഥാപാത്രങ്ങൾ', 'നമ്മുടെ നാടകവേദി', 'ഗ്രന്ഥകൎത്താക്കളും പ്രസാധകന്മാരും', 'വിമൎശനരീതി' ഈ വിഷയങ്ങൾ സാഹിത്യത്തിന്റെ നാനാമുഖങ്ങളേയും സ്പൎശിക്കുന്നവയത്രെ. എന്നാൽ കവിതകൾ തിരഞ്ഞെടുക്കുന്നതിൽ ഈ ഔചിത്യബോധം പരിഷത്തു വളരെ കാണിച്ചിട്ടില്ലെന്നു തന്നെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

*   *   *   *

ഭാഷയേയും സാഹിത്യത്തേയും സ്പൎശിക്കുന്ന ഗുരുതരങ്ങളായ പ്രമേയങ്ങളെക്കുറിച്ചുള്ള വിവാദങ്ങൾക്കു് ഒരു യോഗംതന്നെ വിനിയോഗിച്ചതു സപ്രയോജനമായ ഒരു വ്യതിയാനമാകുന്നു. മഹാകവികളും ഇതരസാഹിത്യകാരന്മാരും കലാലയങ്ങളിലെ ഭാഷാഭിമാനികളായ

പല പ്രാസംഗികന്മാരും അതിൽ കാണിച്ച ഔൽസുക്യം പരിഷത്സമ്മേളനത്തിനു ഗൗരവവും ജീവനും ഉണ്ടാക്കിയിട്ടുണ്ടെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. 'കലയ്ക്കു സാന്മാർഗ്ഗികമായ ഉദ്ദേശമില്ല' എന്ന പ്രമേയത്തെക്കുറിച്ചു നടന്ന വാദപ്രതിവാദം പ്രത്യേകം ശ്രദ്ധേയമായിരുന്നു. 'സർവ്വകലാശാലയെ സംബന്ധിക്കുന്ന' വിവാദത്തിനു ഗൗരവലോപം വരുത്തിയിട്ടുണ്ടെങ്കിൽ, ശ്രീമാൻ കെ. വി. ശങ്കരൻനായർ എം. ഏ. ആണു് അതിനു് ഉത്തരവാദിത്വം വഹിക്കുന്നതു്. 'വാദത്തിനുവേണ്ടി വാദം' എന്ന സിദ്ധാന്തം അദ്ദേഹം സ്വീകരിക്കുമെന്നു് അറിഞ്ഞുകൊണ്ടാണു പരിഷൽപ്രവർത്തകന്മാർ ശ്രീമാൻ നായരെ പ്രസംഗത്തിനു ക്ഷണിച്ചതെങ്കിൽ സാഹിത്യവിഷയകമായ ഒരാത്മഹത്യതന്നെയായിരുന്നു ആ കൃത്യം എന്നു പറയാതെ നിവൃത്തിയില്ല. 'ഭാരതത്തിനു് ഒരു സാമാന്യലിപി' എന്ന വിഷയം ഭാരതത്തെ സാമാന്യമായി ബാധിക്കുന്നതും സന്ദർഭസമുചിതവുമാകയാൽ പരിഷത്തു ചിന്തിക്കേണ്ടതു തന്നെ.

*  *  *  *

ദശമസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗം നവീനതയും സ്വതന്ത്രതയും വ്യാപകതയുംകൊണ്ടു് വിശിഷ്യ ഗണനീയമാകുന്നു. സാഹിത്യസിദ്ധാന്തങ്ങളുടെ ചർവ്വിതചർവ്വണത്തിനു് സഭാപതി തുനിഞ്ഞിട്ടില്ലെന്നു മാത്രമല്ല ശുദ്ധസാഹിത്യത്തിൻേറയും പ്രായോഗികസാഹിത്യത്തിൻേറയും സാമാന്യസ്വഭാവത്തെക്കുറിച്ചു് മിതപദങ്ങളെക്കൊണ്ടു വിവരിക്കുകയും പുരോഗമനമാർഗ്ഗം സൂചിപ്പിക്കുകയും ചെയ്തിട്ടുമുണ്ടു്. അഭിനയവിഷയകമായി കഥകളിക്കുള്ള മെച്ചം ശ്രീമാൻ തമ്പി സാഭിമാനം വിശദമാക്കിയിരിക്കുന്നു. നാടകാദികളെ ആ വിഷയത്തിൽ ആ നൃത്യശാഖ അതിശയിക്കുന്നുണ്ടെന്നാണു് അദ്ദേഹത്തിൻെറ മതം. എന്നാൽ ഒന്നുകൂടി പറയേണ്ടിയിരിക്കുന്നു: നാടകത്തിൽ സാഹിത്യത്തിൻെറ സൈരന്ധ്രിയാണു് അഭിനയകല; കഥകളിയിൽ സാഹിത്യം അവളുടെ പിന്നാലെ നടക്കുന്ന ഭൃത്യനാകുന്നു. കഥകളിയിലെ അഭിനയകലയ്ക്കുള്ള സർവ്വാതിശായിയായ വൈശിഷ്ട്യം പ്രശംസനീയംതന്നെ.

*  *  *  *

അദ്ധ്യക്ഷപ്രസംഗത്തിൽ അതിശ്രദ്ധേയമായ ഒരു ഭാഗമാണു് 'ഗവേഷണസമിതി'യെ സംബന്ധിക്കുന്നതു്. സാഹിത്യം, ചരിത്രം, ശില്പകല, സംഗീതം, വൈദ്യം, ജ്യോതിഷം മുതലായ വിവിധവിഷയ

ങ്ങളിൽ കേരളത്തിനോടു പ്രത്യേകമായുള്ള ബന്ധത്തെ ആസ്പദമാക്കി ഗവേഷണം ആരംഭിക്കുന്നപക്ഷം ഭാരതസംസ്കാരത്തിൽ കേരളത്തിനു അഭിമാനജനകമായ സ്ഥാനമാണുള്ളതെന്നു വിശദമാകുന്നതാണ്. സത്യാന്വേഷണതല്പരന്മാരും സമർത്ഥന്മാരുമായ അംഗങ്ങളുണ്ടാവണം; രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ധനികന്മാരുടേയും ഔദാര്യം കണ്ണുതുറക്കണം; എന്നാൽ മാത്രമേ ഈ ഉദ്ദേശം വിജയാലിംഗിതമാവുകയുള്ളു.

* * * * *

ഭാരതഖണ്ഡത്തിലെ ഇതരദേശസാഹിത്യങ്ങളിലെ ഗതിവിശേഷങ്ങളോടു താരതമ്യപ്പെടുത്തി വിശ്വസാഹിത്യഗതികളെ പരഭാഗമാക്കിക്കൊണ്ട് കേരളസാഹിത്യത്തെ വിമർശിക്കുന്ന മൂന്നുനാലു ഖണ്ഡികകൾകൂടി അദ്ധ്യക്ഷപ്രസംഗത്തിൽ ഉണ്ടായിരിക്കുമെന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. ഭാരതീയ സാഹിത്യങ്ങളിൽ സർവ്വത്ര ഒരു ചലനമുണ്ടായിട്ടുണ്ട്. അതിനെ യാഥാർത്ഥ്യത്തിൻെറ വെളിച്ചത്തിൽ കൊണ്ടുവന്നു പരിശോധിക്കുകയും അതിനു ലോകത്തിൽ എന്തു വിലയുണ്ടെന്നു സ്ഥാപിക്കുകയും നമ്മെ അതെത്രമാത്രം അനുഗ്രഹിച്ചിട്ടുണ്ടെന്നു വിശദമാക്കുകയും ചെയ്യുന്നതു് അത്യാവശ്യമാണല്ലോ.

* * * * *

'കലയ്ക്കു സാന്മാൎഗ്ഗികമായ ഉദ്ദേശം ഇല്ല' എന്ന വിഷയം അവതരിപ്പിച്ച സഹൃദയാഗ്രിമനും സാഹിത്യനിപുണനും ആയ പി. ശങ്കരൻ നമ്പ്യാർ അവർകളുടെ വിവാദരീതി അദ്ദേഹത്തിൻെറയും പരിഷത്തിൻെറയും ഗൗരവത്തിനും അന്തസ്സിനും അനുരൂപമായിരുന്നു. കാലാകാരൻ ലോകത്തിനു സന്മാൎഗ്ഗോപദേശം ചെയ്യണമെന്ന ഉദ്ദേശത്തെ പുരസ്കരിച്ചല്ല ചിത്രമോ കാവ്യമോ ഗീതമോ രചിക്കുന്നതെന്നും പരോക്ഷമായിട്ട് കലയ്ക്ക് അങ്ങനെ ഒരു പ്രയോജനമുണ്ടായിരിക്കാമെന്നും ആയിരുന്നു അദ്ദേഹത്തിൻെറ സൗമ്യമെങ്കിലും ധീരവും യുക്തിയുക്തവുമായ വാദം. എന്നാൽ അദ്ദേഹത്തിൻെറ പ്രതിയോഗികൾ ആ പരോക്ഷഫലം പ്രത്യക്ഷോദ്ദേശമാണെന്നു 'സിദ്ധാന്തി'ച്ചു. ഒരാൾ 'കല കലയ്ക്കുവേണ്ടി' എന്ന വാദം 'ഉലയ്ക്കു ഉലയ്ക്കുയ്ക്കുവേണ്ടി' 'കത്തി കത്തിയ്ക്കുവേണ്ടി' എന്ന മതത്തിൻെറ പര്യായമാണെന്നുപോലും പറയുവാൻ ധൈര്യപ്പെട്ടു. ലാവണ്യാത്മകകലകളും ഔപയോഗികകലകളും തമ്മിലുള്ള അന്തരം തന്നെ അദ്ദേഹം അറിഞ്ഞിട്ടില്ലെന്നു തോന്നും.

* * * * *

പൎവ്വതശിഖരങ്ങളിൽനിന്നു ശക്തിപൂൎവ്വം പ്രവഹിക്കുന്ന അരുവികളിൽനിന്നു ജലം കുടിച്ചു വന്യജന്തുക്കൾ ദാഹം തീൎക്കും; തീരത്തുനിൽക്കുന്ന വൃക്ഷങ്ങൾ തഴച്ചുവളരും. കാലുറയ്ക്കാത്ത മാൻകുട്ടികൾ പ്രവാഹത്തിൽവീണു മരിച്ചെന്നുംവരും. അരുവി വന്യജന്തുക്കളുടെ ദാഹം തീൎക്കണമെന്നോ തീരദ്രുമങ്ങളെ വളൎത്തണമെന്നോ മാൻകുട്ടികളെ പ്രവാഹത്തിൽപ്പെടുത്തി കൊല്ലണമെന്നോ കാലേ കരുതിയിട്ടുണ്ടായിരുന്നു എന്നു ശ്രീമാൻ ഗോപാലപിള്ള വാദിക്കുമോ? ഇല്ലെന്നാണ് ഇപ്പോഴും ഞങ്ങളുടെ വിശ്വാസം. കലാകാരന്റെ ഉന്നതഹൃദയത്തിൽനിന്ന് നിൎഗ്ഗളിക്കുന്ന ആശയങ്ങളേയും ഈ തത്വം സംബന്ധിക്കുന്നതാകുന്നു.

*　　*　　*　　*　　*

പ്രമേയാവതരണഘട്ടത്തിലും ദശമസമ്മേളനം വിവേകപൂൎവ്വമാണ് പ്രവൎത്തിച്ചിട്ടുള്ളതു്. പരിഷത്തു് ഇന്നും ജനങ്ങളുടെ മമത്വബോധത്തിൽ അടിയുറപ്പിച്ചുകഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് പഞ്ഞിപോലെ അങ്ങുമിങ്ങും പറന്നുനടക്കുന്നതും ചിലരുടെ തലയിൽചെന്നു തങ്ങിനിൽക്കുന്നതും. ഒരു വൎഷത്തിനിടയ്ക്കു് അഞ്ഞൂറംഗങ്ങളെ ചേൎത്തു് പരിഷത്തിനെ പുഷ്ടിപ്പെടുത്തണമെന്നൊരു പ്രമേയംമാത്രമേ ഈ സമ്മേളനത്തിൽ സ്വീകരിച്ചിട്ടുള്ളു. അതു് അസാദ്ധ്യമായ അത്യാഗ്രഹവുമല്ല.

*　　*　　*　　*　　*

---

# സാഹിത്യവും
# പൌരവിദ്യാഭ്യാസവും.

—വി. ആർ. നായനാർ ബി. ഏ.

സാഹിത്യത്തിന്നു് അടിസ്ഥാനമായി നില്ക്കുന്നതു പൌരവിദ്യാഭ്യാസമാണു്. അതിനാൽ സാഹിത്യകാരന്മാർ വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ പ്രതിപത്തി പ്രദശിപ്പിക്കേണമെന്നു് എനിക്കുള്ള ആകാംക്ഷയാണു് ഈ ഉപന്യാസം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്.

പൌരവിദ്യാഭ്യാസമെന്നു ഞാൻ പറയുന്നതു ജനങ്ങളെ പൌരന്മാരാക്കിത്തീക്കുവാനുതകുന്ന വിദ്യാഭ്യാസമാണു്. അതിന്റെ ആദ്യത്തെ പടി എഴുതുവാനും വായിക്കുവാനും അറിയുകയാകുന്നു. ഇതു രണ്ടും അറിയാത്ത ഒരാൾക്കു് പൌരകൃത്യങ്ങൾ നിറവേററുവാനാകട്ടെ, സ്വന്തകാര്യങ്ങൾ നോക്കുവാനാകട്ടെ പ്രാപ്തിയുണ്ടാകയില്ല. അയാൾക്കു സാഹിത്യവുമായി യാതൊരുവിധത്തിലും ഇടപെടുവാനും സാധിക്കയില്ല. ആ സ്ഥിതിക്കു് ജനസമുദായത്തിന്റെ അഭിവൃദ്ധിയെ കാംക്ഷിക്കുന്ന ഏതൊരുവനും ആദ്യമായി ചെയ്യേണ്ടതു എഴുത്തും വായനയും ശീലിക്കുകയാകുന്നു. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ അധികം ജനങ്ങൾക്കും പൌരവിദ്യാഭ്യാസത്തിന്റെ ഈ പ്രാഥമികപാഠംപോലും നിശ്ചയമില്ല എന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുകതന്നെ വേണം. മററു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നമ്മുടെ ദയനീയസ്ഥിതി ഭയാനകമായി തോന്നും. ലോകത്തിൽ അക്ഷരാഭ്യാസമുള്ളവരുടെ കണക്കു നോക്കുക.

| | | |
|---|---|---|
| ഇംഗ്ലണ്ടു് | 93 | ശതമാനം |
| ഫ്രാൻസ് | 94 | ,, |
| ജമ്മനി | 99 | ,, |
| അമേരിക്ക | 95 | ,, |
| ജാപ്പാൻ | 96 | ,, |
| ആസ്ത്രേലിയ | 98 | ,, |
| റഷ്യ | 90 | ,, |
| ഇന്ത്യ പൊതുവെ | 8 | ,, |
| ബ്രിട്ടീഷിന്ത്യ | 11 | ,, |
| തിരുവിതാംകൂർ | 28 | ,, |
| കൊച്ചി | 33 | ,, |

ഈ വിഷയത്തിൽ കൊച്ചിയും തിരുവിതാംകൂറും ബ്രിട്ടീഷിന്ത്യയെ അപേക്ഷിച്ചു് നല്ല സ്ഥിതിയിലാണെങ്കിലും ബ്രിട്ട

നോടോ ജമ്മനിയോടോ താരതമ്യപ്പെടുത്തി നോക്കുമ്പോഴുള്ള സ്ഥിതി എത്രയും പരിതാപകരമായി തോന്നുന്നു. എഴുതുവാനും വായിപ്പാനും അറിയാത്ത 80-ം 90-ം ശതമാനം ജനങ്ങളുള്ള ഒരു രാജ്യത്തുവെച്ച സാഹിത്യസമ്മേളനം നടത്തുക എന്നതു അന്യരാജ്യക്കാൎക്കു പരിഹാസ്യമായി തോന്നുന്നതിൽ അത്ഭുതപ്പെടുവാനില്ല.

സാഹിത്യകാരന്മാർ നിൎമ്മിക്കുന്ന കൃതികൾ വായിക്കുവാൻ ചിലർ വേണമല്ലോ. റ, ര, ത എന്നക്ഷരങ്ങൾ തന്നെ വായിക്കുവാൻ അറിയാത്ത ജനങ്ങളെക്കൊണ്ടു് നിറഞ്ഞ ഒരു ദേശത്തിൽ സാഹിത്യഗ്രന്ഥങ്ങൾ വായിക്കുവാനാരാണുള്ളതു്? പുസ്തകങ്ങൾക്കു് ചിലവില്ല എന്നു ഗ്രന്ഥകാരന്മാർ സാധാരണമായി ആക്ഷേപിച്ച മൌഢ്യം കൈക്കൊള്ളാറുണ്ടു്. വായിക്കുവാനാളില്ലാത്ത സ്ഥലത്തു് എവിടെയാണു് പുസ്തകത്തിന്നു് ചിലവുണ്ടാകുക? നഗ്നലോകത്തു വെളുത്തേടനെന്തിന്നു്! മലയാളഭാഷയെപ്പററി പറകയാണെങ്കിൽ, ഇത്ര കുറച്ചു് ആളുകൾ സംസാരിക്കുന്ന ഭാഷ മററധികമില്ല. നമ്മുടെ നാട്ടിൽ അതായതു് ഇന്ത്യയിൽ 10000 ആളുകളിൽ ഏകദേശം 2041 ആളുകൾ ഹിന്ദിയും 1525 പേർ ബങ്കാളിയും 797 പേർ ബീഹാറിയും 752 പേർ തെലുങ്കും 596 പേർ മറാത്തിയും 582 പേർ തമിഴും 320 പേർ കൎണ്ണാടകവും 261 പേർ മാത്രം മലയാളവും സംസാരിക്കുന്നു. ജനസംഖ്യ ഇത്രയും കുറഞ്ഞിരിക്കെ ഉള്ളവരെല്ലാം എഴുത്തും വായനയും അറിയാത്തവരായാൽ പുസ്തകങ്ങൾക്കു് എവിടെയാണു് പ്രചാരമുണ്ടാകുക. ഇന്ത്യൻ ഭാഷകളുടെ കൂട്ടത്തിൽ ജനസംഖ്യകൊണ്ടു് 13-ാമത്തെ സ്ഥാനം മാത്രമുള്ള നമ്മുടെ കൈരളി ക്ലാസിൽ ഒടുവിലത്തെ ബെഞ്ചിൽ ഇരിക്കുന്ന മടിയൻകുട്ടിയെപ്പോലെയാകുന്നു. ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിക്കാതെ സാഹിത്യത്തിന്നു ഒരിക്കലും പ്രചാരമോ അഭിവൃദ്ധിയോ ഉണ്ടാകുന്നതല്ല.

കുട്ടികൾക്കു് സാഹിത്യത്തിൽ അഭിരുചിയുണ്ടാക്കിത്തീൎക്കേണ്ടതു് അമ്മമാരാണു്. പാട്ടുകൾ പാടിയും കഥകൾ പറഞ്ഞും സാഹിത്യഗ്രന്ഥങ്ങളിലേക്കു് കുട്ടികളുടെ ശ്രദ്ധയെ ആകൎഷിക്കുവാൻ അമ്മമാൎക്കല്ലാതെ മററാൎക്കും എളുപ്പത്തിൽ സാധിക്കയില്ല. എന്നാൽ നമ്മുടെ അമ്മമാൎക്കു വല്ല വിദ്യാഭ്യാസവുമുണ്ടോ? കേവലമില്ല. ഇന്ത്യയിൽ പൊതുവെ നൂറിൽ 97 സ്ത്രീകൾക്കും തിരുവിതാംകൂറിൽ 84 സ്ത്രീകൾക്കും കൊച്ചിയിൽ 78 സ്ത്രീകൾക്കും അക്ഷരജ്ഞാനമില്ല. നിരക്ഷരകുക്ഷികളായ അമ്മമാർ സാഹിത്യത്തിൽ എന്തഭിരുചിയാണു് അവരുടെ കുട്ടികളിൽ ഉണ്ടാക്കിത്തീൎക്കുന്നതു് എന്നു് നമുക്കു മനസ്സിലാക്കാൻ പ്രയാസമാണു്.

വിദ്യാഭ്യാസവിഷയത്തിൽ നമുക്കുള്ള ശോച്യാവസ്ഥ നമ്മുടെ സാഹിത്യത്തെ പട്ടിണിയാക്കുന്നു. സാഹിത്യത്തെ മാത്രമല്ല സാഹിത്യകാരന്മാരേയും എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല. സാഹിത്യവിഷയത്തിൽ ഏറ്റപ്പെട്ടു രണ്ടുനേരം ഭക്ഷണം കഴിക്കുവാൻ സാധിക്കുന്ന ഗ്രന്ഥകാരന്മാർ എത്രയുണ്ട് എന്ന് അന്വേഷിച്ചാൽ ഞാൻ പറയുന്നതു് അതിശയോക്തിയല്ലെന്നു മനസ്സിലാകും.

ജനങ്ങൾക്കു സാഹിത്യത്തിൽ അഭിരുചിയുണ്ടാകണമെങ്കിൽ ആദ്യമായി വിദ്യാഭ്യാസം വേണം. ഭക്ഷണത്തിനു രുചിയുണ്ടാകേണമെങ്കിൽ ദഹനശക്തി വേണമല്ലോ. നമ്മുടെ കവികളും ഗദ്യകാരന്മാരും വിശേഷപ്പെട്ട വിഭവങ്ങൾ ഉണ്ടാക്കിവെയ്ക്കുന്നുണ്ട്. പക്ഷേ എന്തുചെയ്യാം. നാട്ടുകാൎക്കു ദഹനശക്തിയില്ല. അവർ അതു നോക്കിയിരിക്കുന്നു. നാട്ടുകാൎക്കു ദഹനശക്തി ഉണ്ടാക്കുകയാണ് ഇന്നു അടിയന്തരമായി ചെയ്യേണ്ടതു്.

എല്ലാവൎക്കും ഭക്ഷണം, എല്ലാവൎക്കും വസ്ത്രം, എല്ലാവൎക്കും സമ്മതിദാനാവകാശം എന്നെല്ലാം നാം കേൾക്കാറുണ്ട്. എന്നാൽ എല്ലാവൎക്കും വിദ്യാഭ്യാസം എന്ന മുറവിളിക്കു് ഇനിയും ശക്തികൂടീട്ടില്ല.

സാഹിത്യകാരന്മാൎക്കു് ഒരു കാൎയ്യം ചെയ്യാം വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്നു് അവൎക്കു ഉത്സാഹിക്കാം. ഇതു് അവരുടെ ഗ്രന്ഥങ്ങൾക്കു കൂടുതൽ പ്രചാരം സിദ്ധിക്കുമെന്നു കരുതീട്ടു മാത്രമല്ല. രാജ്യത്തിന്റെ പൊതുനന്മയെ ഉദ്ദേശിച്ച്, പ്രായോഗികമായ ഒരു കാൎയ്യപരിപാടിയുണ്ടാക്കി അതു നടപ്പിൽ വരുത്തുവാൻ സാഹിത്യപരിഷത്തു മുഖേന നമുക്കെല്ലാം ശ്രമിക്കാം.

(1) വിദ്യാഭ്യാസം എല്ലാടവും നിർബ്ബന്ധമാക്കുക.

(2) മുതിൎന്നവരുടെ വിദ്യാഭ്യാസത്തിന്നു നിശാപാഠശാലകൾ ഗ്രന്ഥശാലകൾ മുതലായവ സ്ഥാപിക്കുക.

(3) കൊല്ലത്തിലൊരിക്കൽ മാത്രമല്ല ഉൾനാട്ടുകളിൽ അവിടവിടെയായി സാഹിത്യസമ്മേളനങ്ങൾ നടത്തി നാട്ടുകാൎക്കു സാഹിത്യത്തിൽ അഭിരുചിയുണ്ടാക്കിത്തീൎക്കുക.

(4) അങ്ങുമിങ്ങും ഒളിഞ്ഞിരിക്കുന്ന എഴുത്തുകാരെ തേടിപ്പിടിച്ചു പ്രോത്സാഹിപ്പിക്കുക.

(5) ഉത്തമഗ്രന്ഥങ്ങൾ വില ചുരുക്കി പ്രസിദ്ധീകരിക്കുക.

ഇങ്ങിനെ ഒരു കാൎയ്യപരിപാടി എല്ലാ സാഹിത്യകാരന്മാരും അംഗീകരിച്ചു നടപ്പിൽ വരുത്തുവാൻ ഹൃദയപൂൎവ്വം ശ്രമിക്കുന്നപക്ഷം സാഹിത്യത്തിന്നു് അല്പകാലംകൊണ്ടു ഗണ്യമായ അഭിവൃദ്ധിയുണ്ടായിത്തീരും. സംശയമില്ല.

# ഭാഷാസാഹിത്യത്തിലെ ചില സുപ്രസിദ്ധ കഥാപാത്രങ്ങൾ.

—പ്രൊഫസ്സർ എം. പി. പോൾ എം. എ.

കാവ്യധൎമ്മങ്ങളിൽവെച്ച് സൃഷ്ടിയാണ് എല്ലാംകൊണ്ടും പരമോൽകൃഷ്ടം. ഈ ധൎമ്മത്തിന്നു ഗദ്യപദ്യഭേദമില്ല, പണ്ട് പദ്യത്താലാണ് സൃഷ്ടിധൎമ്മം അധികവും നിൎവ്വഹിക്കപ്പെട്ടിരുന്നതു്. ഗദ്യം സംഭാഷണത്തിനും ആധാരമെഴുത്തിനും പട്ടയം ചാൎത്തലിനും വിളംബരങ്ങൾക്കും മാത്രമേ ഉതകിയിരുന്നുള്ളു. ഇന്നാകട്ടെ കാവ്യനിൎമ്മാണം ഏറിയകൂറും ഗദ്യത്തിലാണ് നടന്നുപോരുന്നതു്; സാഹിത്യസാമ്രാജ്യത്തിന്റെ ഭൂരിഭാഗവും ഗദ്യമാണു കരസ്ഥമാക്കിയിരിക്കുന്നതു്. എന്നാൽ ഗദ്യത്തിലായാലും കൊള്ളാം, പദ്യത്തിലായാലും കൊള്ളാം, കാവ്യധൎമ്മങ്ങളിൽവച്ച് അതിപ്രധാനം സൃഷ്ടിയാണെന്നുള്ളതു് നിസ്തൎക്കമാണ്. പുതിയ ലോകങ്ങൾ, പുതിയ സന്ദൎഭങ്ങൾ, പുതിയ സാഹചര്യങ്ങൾ, പുതിയ ജീവികൾ, പുതിയതെങ്കിലും പഴയതെന്നു തോന്നിക്കുന്ന പാത്രസമൂഹം—ഇങ്ങനെ എത്രയെത്ര നൂതനസൃഷ്ടികളാണ് കവിതാനിശാസത്താൽ ആവിൎഭവിച്ചിട്ടുള്ളതു്! 'ഉണ്ടാകട്ടെ!' എന്ന ആകാംക്ഷയോട് ജന്മസിദ്ധമായ വാസനയും ദൃഢമായ വ്യുൽപത്തിയും നിസ്തന്ദ്രമായ പരിശ്രമവും ചേൎന്നപ്പോൾ സൃഷ്ടിയായ മനുഷ്യന് സ്രഷ്ടാവിനെ അനുകരിക്കുവാൻ കഴിഞ്ഞു.

സൃഷ്ടവസ്തുക്കളുടെ മകുടമായി ശോഭിക്കുന്നതു മനുഷ്യനെന്നാണല്ലൊ നാം അഭിമാനിക്കുന്നതു്. അപ്രകാരംതന്നെ, കവിയുടെ നിൎമ്മാണകൌശലം മുഖ്യമായി പ്രതിഫലിക്കുന്നതു് പാത്രവിധാനത്തിലാണ് മനുഷ്യന്റെ പാഠവിഷയം സൎവ്വോപരി മനുഷ്യൻതന്നെയായിരിക്കണമെന്നുള്ള കവിവാക്യം വ്യൎത്ഥമല്ല. മനുഷ്യഹൃദയമാണു കവിയുടെ അദ്ധ്യയനവിഷയം; സഹൃദയന്മാരെയാണ് അദ്ദേഹം അഭിമുഖീകരിക്കുന്നതു്; അവരുടെ ഹൃദയത്തിലുണ്ടാകുന്ന തിരത്തല്ലാണ് അദ്ദേഹത്തിന്റെ അപദാനം. കവിത മനുഷ്യഹൃദയത്തെ വിഷയമാക്കി, കവിഹൃദയത്തിൽനിന്നു പുറപ്പെട്ട് സഹൃദയഹൃദയത്തിൽ ചാരിതാൎത്ഥ്യത്തോടെ നിൎവ്വാണമടയുന്നു.

മനുഷ്യന്റെ അന്തരംഗമാണ് കവിയുടെ വ്യാപാരരംഗമെങ്കിൽ

പിന്നെ ഒരു കഥ എന്തിന്?—കഥയോട് പറയാം. മനുഷ്യൻ ഏകനായിട്ടല്ലല്ലോ ജീവിതനൌകയത്തിൽ പ്രയാണം ചെയ്യുന്നത്. പ്രപഞ്ചവും സഹജീവികളും അവനെ ചൂഴന്ന് അവൻെറ ഗതി പല വിധത്തിലും നിയന്ത്രിക്കുന്നു. ലോകത്തിനും മനുഷ്യനും തമ്മിലുള്ള ഈ സംശ്രയപ്രത്യാശ്രയങ്ങൾ നിഴലിക്കുന്നതിന്നായിട്ടാണ് ഒരു ഇതിവൃത്തം ആവശ്യമായി വന്നുകൂടുന്നത്. ജീവിതത്തിൽ ഓരോ ഭാഗ്യവിശേഷം നേരിടുമ്പോൾ, നാം ഗ്രഹസ്ഥിതിയേയോ തലയിലെഴുത്തിനേയോ ഈശ്വരേച്ഛയേയോ കാലവൈഭവത്തേയോ നമ്മുടെ അനുഭവങ്ങളുടെ നിദാനമായി കല്പിക്കുന്നു. അപ്രകാരംതന്നെ, കഥാപാത്രങ്ങളുടെ സുഖദുഃഖങ്ങൾ ക്രമവൽക്കരിക്കുകയെന്നതാണ് ഇതിവൃത്തത്തിൻെറ ഉദ്ദേശ്യം. പാത്രങ്ങളുടെ നിയതിയാണ് ഇതിവൃത്തം.

നമ്മുടെ പദ്യകാവ്യങ്ങളിലെ ഇതിവൃത്തം മിക്കവാറും പുരാണോപാത്തമാണല്ലോ. ശ്രീരാമൻ, സീതാദേവി, ശ്രീകൃഷ്ണൻ, ദുര്യോധനൻ, പാഞ്ചാലി മുതലായ കഥാപാത്രങ്ങൾ ഭാരതത്തിൻെറ പൊതുസ്വത്താകയാൽ, അവ നമ്മുടെ ഭാഷയുടെ സന്താനങ്ങളാണെന്നു പറയാവതല്ല. അവയെ നമ്മുടെ ഭാഷയിലേക്ക് അതേപടി—എന്നുവച്ചാൽ വേഷഭൂഷാദികളിൽ യാതൊരു മാററവും കൂടാതെ—പകർത്തുകയാണ് നിരണത്തു രാമപ്പണിക്കർ, കൃഷ്ണഗാഥാകർത്താവ്, എഴുത്തച്ഛൻ മുതലായവർ ചെയ്തിട്ടുള്ളത്. കാലദേശാദിവർണ്ണനകളിൽ കേരളപ്രതിപത്തി കലശലായി പ്രദർശിപ്പിച്ച തനിമലയാളിയായ കുഞ്ചൻനമ്പ്യാർപോലും പുരാണപാത്രങ്ങളെ വിവർത്തനം ചെയ്യുന്നതിൽ യാതൊരു പൊടിക്കൈയും ചെലുത്തിയിട്ടില്ല.

പ്രസ്തുതപാത്രങ്ങളെല്ലാം ആദർശപരങ്ങളാണ്. ലോകസാധാരണത്വം അവയ്ക്കില്ല. കഥാനായകൻ വ്യൂഢോരസ്കനും വൃഷസ്കന്ധനും സാലപ്രാംശുവും മഹാഭുജനുമായിരിക്കണം. സർവ്വശാസ്ത്രങ്ങളിലും സർവ്വകലകളിലും അദ്ദേഹം പ്രവീണനാണ്. അദ്ദേഹത്തിനു യാതൊരു കുറവുമില്ല. ലോകത്തിൽ ജനിച്ചുവെന്നൊരു പോരായ്ക മാത്രമേ ഉള്ളൂ. സ്വർഗ്ഗത്തിൽ ജനിക്കുകയായിരുന്നു കുറേക്കൂടി ഉചിതം. നായിക സർവ്വാംഗസുന്ദരിയും സർവ്വസദ്ഗുണസമ്പന്നയും സൽക്കുലജാതയുമായിരിക്കും. നേരേമറിച്ച്, പ്രതിനായകൻ ഘാതകനും നിർഘൃണനും സർവ്വദുർഗ്ഗുണഭൂയിഷ്ഠനുമായിരിക്കും. ഹിംസ്രജന്തുക്കൾക്കുള്ള ഒരുവക ശൌര്യംമാത്രമേ ആയാളിൽ ഒരു സൽഗുണമായി എണ്ണുവാൻ കാണുകയുള്ളൂ.

ഇങ്ങനെയുള്ള സ്വഭാവവിരുദ്ധമായ അഥവാ സ്വഭാവാതീതമായ പാത്രങ്ങളെ പുരാതനകവികൾ വിധാനം ചെയ്തതു് സാധാരണ മനുഷ്യസ്വഭാവത്തോടുള്ള അവരുടെ അനാദരംകൊണ്ടോ സാമാന്യജീവിതത്തോടുള്ള ജുഗുപ്സകൊണ്ടോ ആയിരിക്കുവാനിടയില്ല. പ്രാചീനകവികൾ കവികൾ മാത്രമല്ലാ ആചാര്യന്മാർകൂടിയായിരുന്നു. കാവ്യമാർഗ്ഗേണ ലോകത്തിനു ധർമ്മോപദേശം നൽകുവാനാണു് അവർ ശ്രമിച്ചതു്. സൽപാത്രങ്ങളെ അവർ ഭൂരിസത്വമയമാക്കുകയും നീചപാത്രങ്ങളെ നീചനീചമാക്കുകയും ചെയ്തതു് വായനക്കാർക്കു് നിഷ്പ്രയാസം ധർമ്മാധർമ്മവിവേചനം ചെയ്യുവാനായിരിക്കണം.

ആദർശപരങ്ങളായ ഈദൃശപാത്രങ്ങൾ കാവ്യാനുഗുണമല്ലെന്നോ സഹൃദയാഹ്ളാദകരമല്ലെന്നോ ആർ പറയും? ഭാരതഹൃദയത്തിൽ അനേകം നൂറ്റാണ്ടുകളായി വിരാജിച്ചുപോരുന്ന ഈ പാത്രങ്ങൾക്കു യാതൊരു രാമണീയകവും ഇല്ലെന്നു പറയുന്നതു് യുക്തിക്കും അനുഭവത്തിനും ചേർന്നതല്ല. അവ കേവലം ആദർശപരങ്ങളായിരുന്നിട്ടും അവയുടെ ഹൃദ്യതയ്ക്കു് യാതൊരു വിലോപവും ഇല്ലാത്തതു് എന്തുകൊണ്ടാണു്? അവയ്ക്കായി കവി സൃഷ്ടിച്ചിട്ടുള്ള പരിതസ്ഥിതികൾ അവയുടെ സ്വഭാവത്തിനു് ഏററം യോജിച്ചതായതുകൊണ്ടുതന്നെ. പാത്രങ്ങൾ ആദർശപരങ്ങളാണെങ്കിൽ അവ വിഹരിക്കുന്നതും ആദർശപരമായ ഒരു ലോകത്തിലാണു്. സങ്കല്പജമായ ആ ലോകത്തിൽ സങ്കല്പജങ്ങളായ പാത്രങ്ങൾ അസ്വാഭാവികങ്ങളല്ല. രാമായണാദി ഗ്രന്ഥങ്ങൾ വായിക്കുന്ന ഏതൊരു ഭാരതീയനും സ്വാനുഭവസ്ഥമായ ലോകത്തിൽനിന്നു ഭാവനാസംസൃഷ്ടമായ ഒരു ലോകത്തിലേക്കു കടക്കുവാൻ ചിരപരിചയത്താൽ അഭ്യസിച്ചിട്ടുണ്ടു്. ഹനുമാനും വിഭീഷണനും പത്തു തലയുള്ള രാവണനും ആയിരം കൈയുള്ള കാർത്തവീര്യാർജ്ജുനനും ആ ലോകത്തിൽ അപരിചിതരല്ല. പൂരത്തിനു തൃശ്ശിവപേരൂർ പട്ടണത്തിൽ വന്നുചേർന്ന ജനങ്ങളുടെ മദ്ധ്യേ ഹനുമാനും വിഭീഷണനും തിക്കിത്തിരക്കി നടന്നു വെടിക്കെട്ടു കാണ്മാൻ മണികണ്ഠനാൽത്തറയിൽ കയറിയിരുന്നു എന്നു കവി പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. എന്നാൽ ഹനുമാനും വിഭീഷണനും ലങ്കയിൽ പാളയമടിച്ചിരിക്കുന്ന വാനരസൈന്യത്തെ ചുററി നടന്നു പരിശോധിച്ചു, എന്നു വിശ്വസിക്കുവാൻ യാതൊരു പ്രയാസവുമില്ല. അതതു ലോകത്തിനു് അതതു പാത്രം ഇണങ്ങും, നമുക്കു നിത്യപരിചിതമായ ലോകത്തിന്റെ അളവുകോൽ പ്രയോഗിച്ചു സങ്കല്പമാ

ത്രസ്ഥിതങ്ങളായ പാത്രങ്ങളെ അളക്കുന്നതുകൊണ്ടാണ് കവികൾ കണക്കുവിട്ടു പ്രശംസിക്കുന്ന രാമാദികളോടു ചിലക്ക് ഈൎഷ്യയും രാവണാദികളിൽ എന്തെന്നില്ലാത്ത ഒരു പ്രതിപത്തിയും തോന്നിയിട്ടുള്ളതു്.

ഇതിഹാസപാത്രങ്ങളുടെ വിശ്വമോഹനതയ്ക്കുള്ള മറ്റൊരു ഹേതു അവയിൽ പ്രകാശിക്കുന്ന ഉൽക്കടവും അന്യാദൃശവുമായ മനുഷ്യത്വമാണ്. അങ്ങനെയുള്ള മനുഷ്യർ ഈ ഭൂമിയിൽ ഇതേവരെ ജനിച്ചിട്ടില്ലെന്നിരിക്കിലും, സജ്ജനങ്ങൾ നിരന്തരം സമീപിക്കുവാൻ കൊതിക്കുന്ന മനുഷ്യത്വത്തിന്റെ പരിപൂൎണ്ണതയാണ് അവയിൽ വിളങ്ങുന്നതു്. അത്രതന്നെയുമല്ല, അവയ്ക്കോരോന്നിനും മൂലഗ്രന്ഥത്തിൽ ആശ്ചര്യകരമായ വ്യക്തിത്വമുണ്ട്. സാവിത്രി, ദമയന്തി, സീത, പാഞ്ചാലി, സുഭദ്ര, അരുന്ധതി ഇത്യാദി നായികമാൎക്കോരോന്നിനും അനന്യസാധാരണമായ ഒരു ഗുണവിശേഷമുണ്ടെന്നുള്ളതു് അനുഭവവേദ്യമാണ്. കവി അവരെ വൎണ്ണിക്കുന്നതു് ഒരേ വിധത്തിലാണെന്നു നമുക്കു പ്രഥമവീക്ഷണത്തിൽ തോന്നിയേക്കാം. പക്ഷേ അനിൎവ്വചനീയമായ ഏതോ ഒരു ഗുണം ഓരോ പാത്രത്തേയും ഇതരപാത്രങ്ങളിൽനിന്നു വ്യത്യസ്തമാക്കിച്ചെയ്യുന്നുണ്ട്. പാഞ്ചാലിയെ ദമയന്തിയെന്നോ സുഭദ്രയെ സീതയെന്നോ ആരും തെററിദ്ധരിക്കുകയില്ല. അവയ്ക്കു തമ്മിലുള്ള വ്യത്യാസം അവയുടെ ചരിത്രങ്ങൾക്കു തമ്മിലുള്ള വ്യത്യാസമല്ല. സൂക്ഷ്മതരവും ആഭ്യന്തരവുമായ എന്തോ ഒന്നു് അവയെ ഭിന്നഭിന്നവ്യക്തികളാക്കിച്ചെയ്യുന്നു.

എന്നാൽ ഭാഷാവിവൎത്തനങ്ങളിൽ ഈ സൂക്ഷ്മവ്യത്യാസം സമഞ്ജസമായി പാലിക്കപ്പെട്ടിട്ടുണ്ടോ എന്നു സംശയിക്കുവാൻ വകയുണ്ട്. മുൻസീപ്പുമാരേയോ പോലീസ്സിൻസ്പെക്ടർമാരേയോ ഒരു താലൂക്കിൽനിന്നു മറ്റൊരു താലൂക്കിലേക്കു സ്ഥലം മാററിയാൽ സാമാന്യജനത അതറിയുകയില്ല. അപ്രകാരംതന്നെ നമ്മുടെ മഹാകാവ്യങ്ങളിലെ നായികമാരെ പരസ്പരം സ്ഥലം മാററിയാൽ പറയത്തക്ക വ്യത്യാസമൊന്നുമുണ്ടാകുമെന്നു തോന്നുന്നില്ല. ദമയന്തിയുടെ സ്ഥാനത്തു സാവിത്രിയേയും സാവിത്രിയുടെ സ്ഥാനത്തു സീതയേയും പ്രതിഷ്ഠിക്കുന്നപക്ഷം കഥ മുന്നേപ്പോലെതന്നെയിരിക്കും. പാത്രസ്വഭാവവിശേഷത്തിനു കഥയിൽ അത്രയ്ക്കേ സ്ഥാനമുള്ളു. അവരുടെ ആകൃതിയും പ്രകൃതിയും എല്ലാം ഒന്നുപോലെതന്നെ. അവരുടെ ചേഷ്ടിതങ്ങളും ഒന്നുപോലെതന്നെ. അത്യാഹിതമായ ഒരു സംഗതി കേട്ടാൽ അവർ ഇടിവെട്ടേററതുപോലെ മൂൎച്ഛി

ച്ചുവീഴും. മൂർച്ഛ കഴിഞ്ഞാലുടനെ വിലാപമായി. പ്രേമാങ്കുരമുണ്ടായാൽ കാമുകനെപ്പററി നർമ്മസല്ലാപം ചെയ്യുവാൻ ഒരോരുത്തൎക്കും തോഴിമാർ വേണം. വ്രീളാപരവശതയാണ് അഭിനയിക്കേണ്ടതെങ്കിൽ നമ്രമുഖിയായി നിന്നു നിലത്തു പാദംകൊണ്ടു വരയ്ക്കണം. വിപ്രലംഭത്തിൽ പനിനീരും തിങ്കളും ചന്ദനവും രാമച്ചവും എല്ലാം അത്യുഷ്ണമായി തോന്നണം. ഇങ്ങനെ കഷായത്തിനു കുറിക്കുന്നതുപോലെ നായികമാരുടെ ഓരോ ചേഷ്ടിതവും മുൻകൂട്ടി നിശ്ചയിക്കാമെന്നു തോന്നുന്നു. പ്രകൃതത്തിൽ കഥാനായിക എന്തു ചെയ്യുമെന്നു ഭാവനാദീപ്തിയോടെ ദൎശിക്കുന്നതിനുപകരം, 'ഏതാദൃശസന്ദൎഭത്തിൽ സ്ത്രീകൾ സാധാരണ എന്താണു ചെയ്യുക?' എന്ന സാമാന്യന്യായം അന്വേഷിക്കുക കാരണമാണു നായികാചേഷ്ടിതവൎണ്ണനയിൽ അനഭിലഷണീയമായ ഈ ഗതാനുഗതികത്വം കാണുന്നത്.

പുരാണപുരുഷന്മാരിലും മനുഷ്യത്വമുണ്ടെന്നു കണ്ടറിഞ്ഞ ചുരുക്കം ചില കവികൾ ഭാഷയിൽ ഇല്ലാതില്ല. നമ്മുടെ കുചേലബ്രാഹ്മണന്റെ കാൎയ്യം ഒന്നാലോചിക്കുക. സജീവമായൊരു ചിത്രമാണത്. കൊടിയ ദാരിദ്ര്യം! ജനനനിയന്ത്രണം അന്നു നടപ്പില്ലാതിരുന്നതുകൊണ്ടോ മിസ്സിസ്സ് സാംഗർ അന്നു ജനിച്ചിട്ടില്ലായിരുന്നതുകൊണ്ടോ എന്തോ, സന്താനങ്ങൾക്ക് ഒരു കുറവുമില്ല. കുട്ടികൾ വിശപ്പുകൊണ്ടു വലയുന്നു. സാത്വികനും ശുദ്ധാത്മനുമായ കുചേലനുണ്ടോ അതറിയുന്നു! ധനം മനുഷ്യന്റെ ശത്രുവാണുപോലും. കഷ്ടിച്ചു നിത്യവൃത്തി കഴിക്കുന്നവനേയും അനവധി ധനം കെട്ടിവെച്ചിരിക്കുന്നവനേയും പെട്ടെന്നു നിത്യദുഃഖം പിടികൂടുമത്രെ. പോരേ വിശപ്പിന്നുപശാന്തി? നന്ദാത്മജനോടുള്ള സ്നേഹാദരങ്ങളാൽ ബ്രാഹ്മണന്റെ ഹൃദയം തരളിതമാകുന്നതു നോക്കുക. ഉമിയും തവിടും പോകാത്ത അവിൽക്കെട്ടുംകൊണ്ടുള്ള പുറപ്പാടും പോകുംവഴിക്കുള്ള ആശങ്കകളും, പൂൎവ്വസതീൎത്ഥ്യനെ കാണുമ്പോഴുണ്ടാകുന്ന ആനന്ദാശ്രുക്കളും സന്തോഷാതിരേകത്താൽ വന്ന കാൎയ്യം പറവാൻ മറന്നതും മററും എത്ര ചേതസ്സമാകൎഷകമായിരിക്കുന്നു! മൂലത്തേപ്പോലും അതിശയിക്കുമാറുള്ള സ്ഫുടത രാമപുരത്തു വാൎയ്യരുടേയും കുഞ്ചൻ നമ്പ്യാരുടേയും കുചേലബ്രാഹ്മണന്ന് ഉണ്ടെന്നു സമ്മതിച്ചേ കഴിയൂ.

മറെറാരു ഇതിഹാസപാത്രം ഒരു ആധുനികകവിയുടെ മനോമുകുരത്തിൽ എങ്ങനെയാണു പ്രതിബിംബിക്കുന്നതെന്നു നോക്കുക. ഭാൎഗ്ഗവൻ

ഗണനായകന് ഏകദന്തത്വം പ്രദാനം ചെയ്യുന്നതു കണ്ടു കുപിതയായ പാർവ്വതി പരമശിവനോടു മുള്ളുവാക്കു പറയുകയാണ്:

"കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം!
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി
യെന്നാലതും നൽകിയനുഗ്രഹിക്കാം!!"

പട്ടാപ്പകൽ നേരത്തു ദീപവും കരത്തിലേന്തി നഗ്നയായി തെരുവിലെ നടക്കണമെന്നാണു ഭർത്താവിൻെറ തിരുവുള്ളമെങ്കിൽ അതും അനുസരിക്കേണ്ടവളാണു ഭാര്യ എന്നു വാദിക്കുന്ന പാതിവ്രത്യവേദാന്തികൾക്കു ഒരു പക്ഷേ മലമകളുടെ വാക്കുകൾ അത്ര രസിക്കുകയില്ലായിരിക്കും. "അല്ലയോ ജീവനാഥാ! അങ്ങയുടെ ശിഷ്യൻ ഉണ്ണിയുടെ കൊമ്പൊന്നു ഒടിച്ചു. അങ്ങയുടെ ശ്രേഷ്ഠശിഷ്യൻ സർവ്വോൽക്കർഷേണ വർത്തിക്കട്ടെ" എന്നോ മറേറാ വിനീതയായിപ്പറയുന്നതാണ് ഒരു പതിവ്രതയുടെ ധർമ്മമെന്നായിരിക്കാം അവരുടെ പക്ഷം. എന്നാൽ നാരീഹൃദയം അറിയുന്നവനു പാർവ്വതിയുടെ പരുഷവാക്കുകൾതന്നെയാണു രസപ്രദായകങ്ങളായിരിക്കുക. 'വിശിഷ്ടനാം' എന്നു പറയുമ്പോഴുള്ള ചുണ്ടു പിരിക്കലും 'അനുഗ്രഹിക്കാം' എന്നു പറഞ്ഞശേഷം ഭർത്താവിൻെറ നേർക്കയെക്കുന്ന തീക്ഷ്ണമായ ആ നോട്ടവും സഹൃദയന്മാർക്ക് അനായാസേന ഊഹിക്കാവുന്നതാണ്.

സീതാദേവിയാണല്ലോ പതിവ്രതാലോകത്തിലെ നടുനായകം. ദേവി ശ്രീരാമനെക്കുറിച്ച് അപ്രിയം നിനയ്ക്കുകയോ? ഒരിക്കലുമില്ല. എന്നാൽ 'ചിന്താവിഷ്ടയായ സീത' പറയുന്നതു കേട്ടാലും: കാട്ടിൽ പോകേണ്ടിവന്നപ്പോൾ ജനപ്രീതിക്കുവേണ്ടി ശ്രീരാമൻ പോകാതിരുന്നില്ല; പൌരന്മാരുടെ അപേക്ഷ കൈക്കൊണ്ടില്ല. എന്നാൽ പ്രണയിനിയെ പരിത്യജിക്കേണ്ട കാര്യത്തിൽ ജനമോദമാണ് ആധാരം:

"അതു സത്യപരായണത്വമാം
ഇതു ധർമ്മവ്യസനിത്വമെന്നുമാം,
പൊതുവിൽ ഗുണമാക്കിടാം ജനം
ചതുരന്മാരുടെ ചാപലങ്ങളും."

എന്നു ഭർത്താവിനെ അപഹസിക്കുകയത്രേ ആ നിതാന്തപതിവ്രത ചെയ്യു

ന്നതു്. ഇതു സതീധൎമ്മത്തിനു ചേൎന്നതോ അല്ലയോ എന്നു പാതിവ്രത്യശാസ്ത്രജ്ഞന്മാർ വിധിക്കട്ടെ.

"പറവാൻ പണി—തൽപ്രിയക്കൊരാൾ
കുറ ചൊന്നാൽ സഹിയാ കുശീലനും
കുറയെന്നിലുരപ്പതുത്തമൻ
മറപോലെങ്ങിനെ കേട്ട മന്നവൻ."

എന്നു സീതക്കു പരിഭവിക്കുവാൻ പാടുണ്ടോ? സതീധൎമ്മം എന്തുതന്നെയായിരുന്നാലും സഹൃദയന്മാൎക്കു ചിന്താവിഷ്ടയായ സീതയുടെ പരിഭവവാക്കുകൾ അത്യധികം ശോചനീയങ്ങളാണെന്നുള്ളതിനു സംശയമില്ല.

പാത്രങ്ങൾ ആദൎശപ്രധാനങ്ങളാണെങ്കിലും സ്വഭാവാനുഗുണ്യം നിമിത്തം അവ എത്രമാത്രം മനോജ്ഞങ്ങളായിത്തീരാമെന്നുള്ളതിനു് ഇനിയും ദൃഷ്ടാന്തങ്ങൾ വേണമെങ്കിൽ, കുമാരനാശാന്റെ ഖണ്ഡകാവ്യങ്ങൾ നോക്കിയാൽ മതി. നളിനി, ലീല, സാവിത്രി, മാതംഗി, വാസവദത്ത എന്നീ അഖ്യായികമാർ സ്നേഹത്തിന്റെ ഭിന്നഭിന്നവിലാസങ്ങൾക്കു നിദൎശനങ്ങളായിട്ടാണു സങ്കല്പിക്കപ്പെട്ടിരിക്കുന്നതു്.

"സ്നേഹമാമഖിലസാരമൂഴിയിൽ
സ്നേഹസാര മിഹ സത്യമേകമാം."

സംസാരികമായ സ്നേഹം ദിവാകരോന്മുഖതയാൽ സാത്വികമായിപ്പരിണമിക്കുന്നതാണു നളിനിയിൽ കാണുന്നതു്. തപസ്വിനിയായിട്ടാണു നളിനി സ്നേഹത്തെ അണയുന്നതു്. നളിനി, 'ശാന്തമായ സുഗന്ധവും ഉദാരമായ ശോഭയുമുള്ള താമരപ്പൂ'വാണെങ്കിൽ, ലീല 'പ്രകടമായ സൌരഭ്യവും ഉജ്ജ്വലമായ കാന്തിയുമുള്ള ചമ്പകപ്പൂ'വാണു്. രാഗത്തിന്റെ ഉൽഫുല്ലവിലാസവും ത്യാഗത്തിൽക്കൂടിയുള്ള ശശ്വദാനന്ദപ്രാപ്തിയുമാണു ലീലയുടെ സാരം. നളിനിയേക്കാൾ ലോകായതികയും വിക്രമയുമാണു ലീല. സാവിത്രിയാകട്ടെ സാന്ദ്രമായ ആത്മധൈൎയ്യത്താൽ പ്രശോഭിതയാണു്. ദാരുണമായ അധഃപതനത്തിൽ ഐശ്വൎയ്യവും പുലയക്കുടിലിൽ സ്വൎഗ്ഗവും ചാത്തൻപുലയനിൽ നീലക്കാർവൎണ്ണനായ കോമളവിഗ്രഹവും ദൎശിച്ച ഒരു നമ്പൂതിരി സ്ത്രീയാണു സാവിത്രി. ചണ്ഡാലകുമാരിയായ മാതംഗിയുടെ സ്നേഹമാകട്ടെ അതിനേക്കാൾ നിഷ്കാമമാണു്. വ്യക്തിരൂപത്തിലാണു് ആദ്യം അവൾ സ്നേഹത്തിന്റെ വിളി കേട്ടതെങ്കിലും, നിൎവ്വാണരൂപമായ പരമസ്നേഹത്തിൽ അവൾക്കു

ലയിക്കുവാൻ കഴിഞ്ഞു. വാസവദത്തയുടെ പ്രേമം ഇതിലും സ്ഥൂലതമാണ്. ആരിലും സ്നേഹം ഭാവിക്കുകയും ആരേയും സ്നേഹിക്കാതിരിക്കുകയും ചെയ്യുന്ന കുലവൃത്തിയാണ് അവളുടേതു്. അവളുടെ അശുദ്ധശരീരം ഭയങ്കരമായി അധഃപതിക്കുന്നു; അവൾ ഘോരകർമ്മിണിയാവുന്നു. എന്നാൽ തപസ്വിയായ ഉപഗുപ്തനിൽ ഈ ഗണികയ്ക്കുണ്ടായ നിഷ്കാമസ്നേഹം ഒടുവിൽ അവൾക്കു സ്വർഗ്ഗസോപാനമായി ഭവിക്കുന്നു. ഇങ്ങനെ സ്നേഹത്തിന്റെ വിവിധഭാവങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നതോടെ, ഒരിക്കലും മറക്കാവതല്ലാത്ത സചേതനങ്ങളായ പാത്രങ്ങളെ നമ്മുടെ മനസ്സിൽ പ്രതിഷ്ഠിക്കുവാനും ഈ കൃതികൾ പര്യാപ്തമായിട്ടുണ്ടു്.

## II

ആദർശപരങ്ങളായ പാത്രങ്ങളെയാണല്ലോ നാം ഇതേവരെ വിചിന്തനം ചെയ്തതു്. അവയുടെ സ്വഭാവ വൈശിഷ്ട്യം എത്രതന്നെ ശ്ലാഘനീയമായിരുന്നാലും, അവയ്ക്കു ഏതാണ്ടൊരു അപൂർണ്ണത്വമുണ്ടെന്നു കാണാം. ഇതു് ഒരു ന്യൂനതയാണെന്നല്ല വിവക്ഷ. പാത്രവിധാനത്തിൽ രീതിഭേദങ്ങളുണ്ടെന്നു മാത്രമേ നാം ധരിക്കേണ്ടതുള്ളു.

ഈ അപൂർണ്ണത്വം ഹാസ്യപാത്രങ്ങളിലുമുണ്ടു്. ഹാസ്യപാത്രങ്ങളെന്നു ചിന്തിക്കുമ്പോൾ നമുക്കു ഗദ്യസാഹിത്യത്തിലേയ്ക്കു കടക്കേണ്ടിവരുന്നു. സൂരിനമ്പൂതിരിപ്പാടാണ് ആദ്യം നമ്മുടെ മനസ്സിൽ ഉദയംചെയ്യുന്നതു്. സ്ത്രീഭ്രാന്തു്, കഥകളിഭ്രാന്തു്, ആചാരഭ്രാന്തു്, പ്രഭുത്വഭ്രാന്തു്, മുതലായ ഭ്രാന്തുകൾ മൂർത്തീഭവിച്ച ഒരു പാത്രമാണ് നമ്പൂതിരിപ്പാട്ടു്. ഹാസ്യപാത്രവർണ്ണനയിൽ അതിശയോക്തി സാധാരണ പ്രയോഗിക്കാറുണ്ടല്ലോ. സൂരിനമ്പൂതിരിപ്പാടിന്റെ സ്വഭാവത്തിലുള്ള ഹാസവിഷയകങ്ങളായ അംശങ്ങൾ ഇന്ദുലേഖയുടെ പരിഷ്കൃതമാനസത്തോടിടയുമ്പോൾ ഹാസ്യത്തിനു മാററു കൂട്ടുന്നു. അപ്രകാരംതന്നെ, മേഘദന്തൻ സായ്പുമായുള്ള കൂടിക്കാഴ്ചയിലും നമ്പൂതിരിപ്പാട്ടിലേവിടത്വം താരതമ്യേന ദ്വിഗുണീഭവിക്കുന്നു. വൈത്തിപ്പട്ടരുടെ സർപ്പദൃഷ്ടിയും കൊടന്തയാശാന്റെ പഴഞ്ചൊല്ലും പണ്ടത്തെ പാച്ചന്റെ കരകൌശലവും മാററും നാം അഭിനന്ദിക്കുന്നതു് പ്രസ്തുതപാത്രങ്ങളുടെ ലോകസാധാരണത്വംകൊണ്ടല്ല. ഹാസോചിതമായ ഒരു ലോകത്തിലാണ് അവ വിക്രീഡിക്കുന്നതു്. ഹാസം ഉച്ഛൃംഖലമാണ്. അതിശയോക്തി സ്പർശം ഉണ്ടെങ്കിലേ ഹാസ്യം ഉദ്ദീപ്തമായിത്തീരുകയുള്ളു. ഉള്ളകാര്യം ഉള്ളതുപോലെ പറഞ്ഞാൽ ചിരിക്കുവാൻ വകയുണ്ടാകയില്ല.

'പ്രേമാമൃത'ത്തിലെ ഗണേശൻ മൂപ്പിന്നിനെ ഒന്നു നോക്കാം.— "അൺപ്രായരായ ബഹുജീവികളുടെ ഭവനമായ തലപ്പാവും, തൈലങ്ങൾ ദ്രവിച്ചും കൈമുട്ടിന്റെ ഭാഗം കീറിയും വിയർപ്പുനാറിയും ഉള്ള കുപ്പായവും, ചാണകത്തിന്റെ നിറത്തിൽ ഉലഞ്ഞുകുഴഞ്ഞുള്ള ശരായിയാകുന്ന രണ്ടു തലയണ ഉറകളും, ഉറ്റപ്പൂററിയുടെ നേക്കു മുതലപോലെ വാ പൊളിച്ചുള്ള ബൂട്സും, നാസിക മുതൽ പാദാന്തംവരെ കളമെഴുതീട്ടുള്ള പുകയിലപ്പൊടിയും, ഒരിക്കലും മുഖഭേദം കാട്ടാത്തതായ ഘടികാരം ബന്ധിച്ചുള്ള പിച്ചളത്തുടലും, നെഞ്ചിനുനേക്കുള്ള കീശയിൽ പൊന്തിനില്ക്കുന്ന നാഗസ്വരക്കുഴലും, സംഘടിച്ചിരിക്കുന്ന ഈ മൂന്നരച്ചാൺ പുരുഷൻ ... ... ... ...' ഇത്യാദി വർണ്ണന ആംഗലഭാഷാപരിചയം ഉള്ളവക്കു് ഡിക്കൻസിന്റെ കൃതികളുടെ അനുസ്മരണ ഉളവാക്കുന്നു.

മറെറാരു ഹാസ്യചിത്രം നോക്കുക:— "തലപ്പാവു തലയിൽനിന്നെടുത്തപ്പോൾ ഇൻസ്പെക്ടർക്കു് ഉണ്ടായ സുഖം ഓത്തിട്ടുള്ള സന്തോഷംകൊണ്ടോ എന്നു തോന്നുമാറു്, അദ്ദേഹം അതിനെ മടിയിൽവെച്ചു രണ്ടു കൈകൊണ്ടും അനുഗ്രഹിക്കുന്നുണ്ടു്. കണ്ണു കുറഞ്ഞൊന്നടഞ്ഞിട്ടുണ്ടു്. കഷണ്ടി നെററി മുതൽ കയറി നിറന്തലയെ ആക്രമിച്ചു ശിരസ്സിന്റെ പിൻഭാഗത്തേക്കുള്ള ചെരുവിന്നടുത്തുള്ള ശിഖരത്തികലോളം എത്തിയപ്പോൾ അവിടെനിന്നും കീഴ്പോട്ടുള്ള കുടുംത്തുക്കം കണ്ടു ഭയപ്പെട്ടു ശിരസ്സിന്റെ ഇരുഭാഗത്തുകൂടി ഇറങ്ങി ചെവിയുടെ അടുക്കലോളം എത്തീട്ടുണ്ടു് ശിഖരത്തികൽ എട്ടുപത്തു നരച്ചരോമം, മൊട്ടക്കുന്നിന്റെ മുകളിൽ നില്ക്കുന്നതും ഉണങ്ങിക്കരിഞ്ഞതുമായ പുല്ലിന്റെ തലകൾ പോലെ കാററുകൊണ്ടു് ആടുന്നുണ്ടു്. നെററിയുടെ മേല്പതിരു് വളരെ സൂക്ഷ്മമാണെങ്കിലും, മിനുപ്പിന്റെ ഭേദം കണ്ടു ഏകദേശം തീരുമാനപ്പെടുത്താം. അതിരുകണ്ടേടംകൊണ്ടു് നെററിക്കു വിസ്താരം വളരെ കുറയുമെന്നാണു് പറയേണ്ടതു്. പ്രകൃത്യാ ചെറുതായുള്ള കണ്ണുകളും വായും മാംസളങ്ങളായ കപോലങ്ങളെക്കൊണ്ടു് ഒട്ടുമുക്കാലും മൂടിയിരിക്കുന്നു. ഇൻസ്പെക്ടരുടെ മൂക്കു് കരടിയുടെ മൂക്കിനു തുല്യമെന്നോ, അതോ ആ വർഗ്ഗത്തിൽപ്പെട്ട പോക്കിന്റേതു പോലെയെന്നോ, ഖണ്ഡാമൃഗമൂക്കെന്നോ പറയേണ്ടതെന്നു രൂപമില്ല. ബീഭത്സമാംവണ്ണം പരന്നുവിടന്നിട്ടുള്ളതിനു പുറമേ മൂക്കിന്റെ അഗ്രഭാഗം മേല്പോട്ടു മടങ്ങീട്ടുമുണ്ടു്". കവിളുകൾ രണ്ടുവശത്തും സഞ്ചികൾപോലെ തൂങ്ങിക്കിടക്കുന്നതുകൊണ്ടു്

താടിയുടെ സമീപത്തിലുള്ള വർത്തമാനമൊന്നും അറിഞ്ഞുകൂടാ. സ്വതേ തന്നെ ഇടുങ്ങിയ കഴുത്തു മേദസ്സു വർദ്ധിച്ചിട്ട്, കനം കേററിയ പച്ചക്കളി മണ്ണുപോലെ നാലുപുറവും പരന്നുവശായിട്ടുണ്ട്. ശരീരമാസകലം മേദസ്സു വർദ്ധിച്ചിട്ടു കസാലയുടെ പഴുതുകളിൽകൂടി പുറത്തേക്കു പുറപ്പെട്ടിട്ടുണ്ട്. വയർ കുപ്പായം ഭേദിച്ചു പുറത്തേക്കു ചാടുവാനുള്ള ശ്രമം തുടങ്ങിയിരിക്കുന്നു..........ആകെക്കൂടി ആനന്ദപുരം ഇൻസ്പെക്ടർ സാധാരണ ബ്രഹ്മസൃഷ്ടികളിൽ ഒന്നും ഉൾപ്പെടുന്നവനല്ല"......എത്ര തന്മയത്വത്തോടെയാണ് ഇൻസ്പെക്ടർ നമ്മുടെ കണ്മുമ്പിൽ ആവിർഭവിക്കുന്നതു്. പരിഹാസധ്വനി ഉദാരവും മിതവുമാണെങ്കിലും, ഇതും രമണീയമായ ഒരു ഹാസ്യചിത്രമാണെന്നുള്ളതിനു സംശയമില്ല.

ചന്തുമേനവന്റെ കൃതികളിൽ ഈവക ഹാസ്യപാത്രങ്ങൾ സുലഭമാണ്. പൂഞ്ചോലക്കര അച്ചൻ, കരുപ്പൻ, വൈത്തിപ്പട്ടരുടെ സേവകനായ കൃഷ്ണൻ, മുതലായ പാത്രങ്ങൾ സുവിദിതങ്ങളാണല്ലോ. നാട്ടുകാര്യസ്ഥനെ ചന്തുമേനവൻ വർണ്ണിക്കുന്നതിപ്രകാരമാണ്:— "സർക്കാരുദ്യോഗം, കച്ചവടം, കൃഷി, ഗൃഹസ്ഥവൃത്തി വിദ്യാപരിശ്രമം, കൈവേലപ്രവൃത്തികൾ, കൂലിപ്പണി, തീർത്ഥാടനം, പിച്ചഎടുക്കൽ, മുതലായ യാതൊരു വ്യാപാരങ്ങളിലും ക്രമമായും ശരിയായും പ്രവേശിക്കാതേയും അധികകാലം കോടതികളിൽ വ്യവഹാരകാര്യങ്ങളിൽ പരിചയിച്ചു വ്യവഹാരത്തിൽ അത്യന്തം രസംപിടിച്ച്, പൂർവ്വാർജ്ജിതമായി വല്ല സ്വത്തുക്കളും തനിക്ക് ഉണ്ടായിരുന്നുവെങ്കിൽ അതു വ്യവഹാരഭ്രാന്തിനാൽ നശിപ്പിച്ചു ദിവസവൃത്തിക്കു നല്ല ബുദ്ധിമുട്ടോടുകൂടി, വല്ല കാര്യങ്ങളിലും 'മദ്ധ്യസ്ഥം' പറഞ്ഞും വ്യവഹാരങ്ങൾ നടത്തുന്നതിൽ വക്കീലന്മാരുടെ ഉപദേഷ്ടാവായും, വല്ല മുറിവാചകങ്ങളും പഠിച്ചു ഹർജികൾ, ആധാരങ്ങൾ, തറവാട്ടുകരാറുകൾ, മുതലായതും എഴുതുന്നതിൽ ബഹുസമർത്ഥൻ എന്നു അറിവില്ലാത്താളുകളെ ധരിപ്പിച്ചും, ധനപുഷ്ടിയും ജനപുഷ്ടിയുമുള്ള തറവാട്ടുകളിൽ കടന്നുകൂടി കുടുംബച്ഛിദ്രവും നാശവും ഉണ്ടാക്കിയും, നാട്ടിൽ വ്യവഹാരങ്ങൾ വർദ്ധിപ്പിച്ചും, കാലക്ഷേപം ചെയ്യുന്ന ഒരു മനുഷ്യനു ഞാൻ 'നാട്ടുകാര്യസ്ഥൻ' എന്നു പേർ കൊടുക്കുന്നു.—മതി! ചന്തുമേനവന്റെ കൃതികളിൽനിന്നു ഉദ്ധരിച്ചുതുടങ്ങിയാൽ അലംഭാവമുണ്ടാകയില്ല. ഉദാഹരണം ബുദ്ധിയുടെ അതിസാരരോഗമാണെന്നുള്ള കോളറിഡ്ജിന്റെ ശകാരത്തിനു ഞാൻ പാത്രീഭവിക്കുകയും ചെയ്യും.

ഏതാദൃശപാത്രങ്ങൾ എത്രതന്നെ രമണീയങ്ങളായിരുന്നാലും, മനുഷ്യസ്വഭാവത്തിന്റെ കണികകൾ അവയിൽ എത്രതന്നെ സ്പഷ്ടമായി പ്രകാശിച്ചാലും, അവ കേവലം ഹാസ്യോപകരണങ്ങളും തന്മൂലം അപൂർണ്ണങ്ങളുമാണെന്നുള്ള കഥ നാം വിസ്മരിയ്ക്കരുതു്. അവയ്ക്കു വൃദ്ധിക്ഷയങ്ങളോ മററു രൂപാന്തരങ്ങളോ സംഭവിയ്ക്കുന്നില്ല. അവ എന്നും അഭേദമാണു്. മനുഷ്യഹൃദയത്തിന്റെ ദുരവഗാഹങ്ങളായ വികാരങ്ങൾ അവയിൽ സംഭവിയ്ക്കുന്നുണ്ടെന്നോ സംഭവിയ്ക്കുമെന്നോ നമുക്കു തോന്നുകയില്ല. അവയ്ക്കു കഥാലോകത്തിൽ മാത്രമേ സ്ഥാനമുള്ളു.

വേറൊരു ഇനത്തിലുള്ള കഥാപാത്രങ്ങളെക്കുറിച്ചാണു് ഇനി കുറഞ്ഞൊന്നു് ആലോചിയ്ക്കുവാനുള്ളതു്. അവയെ കഥാപാത്രങ്ങളെന്നു വിളിയ്ക്കുന്നതുതന്നെ അബദ്ധമാണു്. നമ്മുടെ മാനസികജീവിതത്തിലെ പങ്ങാതിമാരാണു് അവ. നമ്മുടെ ഉററവരേക്കാൾ അവ നമുക്കു പരിചിതങ്ങളുമാണു്. യഥാർത്ഥലോകത്തിൽ നമ്മുടെ ആപ്തമിത്രങ്ങളെപ്പോലും നാം സൂക്ഷ്മമായി അറിയുന്നില്ല. ഓരോ മനുഷ്യന്റേയും ഹൃദയാന്തർഭാഗത്തു് ഇതരന്മാൎക്കു ദുഷ്പ്രാപങ്ങളായ ചില ഗഹ്വരങ്ങളുണ്ടു്. വളരെക്കാലം വേർപിരിയാതെ ജീവിയ്ക്കുന്ന ദമ്പതിമാൎക്കുപോലും പരസ്പരജ്ഞാനമുണ്ടോ? ലീലയുടെ ഹൃദയം പരകീയമാണെന്നു മദനൻ സംശയിയ്ക്കുകപോലുമുണ്ടായില്ല. എന്നാൽ ലീലയുടെ ഭൎത്താവു് അറിയാത്ത കാര്യം കവിഭാവനാദൃഷ്ട്യാ കണ്ടറിഞ്ഞു. അവളുടെ ജഡം ഒരിടത്തും മനസ്സു മറെറാരിടത്തുമാണെന്നു കവിക്കും അദ്ദേഹത്തിന്റെ വാചാമൃതം ആസ്വദിയ്ക്കുന്ന നമുക്കും അറിവാൻ കഴിഞ്ഞു. ഇങ്ങനെയുള്ള കല്പിതപാത്രങ്ങൾ ഒരുവിധത്തിൽ പറഞ്ഞാൽ യഥാർത്ഥമനുഷ്യരേക്കാൾ യഥാർത്ഥങ്ങളാണു്. അവയെ നാം മുമ്പു് എവിടേയൊ കണ്ടിട്ടുണ്ടെന്നു നമുക്കു സംശയം തോന്നുന്നു. അവയെ ഇനി എപ്പോഴെങ്കിലും കാണ്മാൻ സംഗതിവന്നാൽ നമുക്കു് ആശ്ചര്യം തോന്നുകയില്ല. അവയെ എപ്പോഴെങ്കിലും കണ്ടുമുട്ടുമെന്നുള്ള ഒരു വിശ്വാസവും നമുക്കുണ്ടു്.

പരലോകത്തിൽ ചെല്ലുമ്പോൾ ഞാൻ ആദ്യം ശങ്കു ആശാനെയാണു് അന്വേഷിയ്ക്കുക. ആശാനെ അടുത്തു പരിചയപ്പെട്ടിട്ടുള്ള ആക്കെങ്കിലും ആ ഉഗ്രമൂർത്തിയെ വിസ്മരിയ്ക്കുവാൻ കഴിയുമോ? ചെറുപ്പകാലത്തു് ആയുധാഭ്യാസത്തിൽ അതിനിപുണനായിരുന്ന ആശാൻ ചമ്പക

ശ്ശേരി വീട്ടിൽത്തന്നെ ഒരു കളരിയിട്ട് അവിടത്തെ മൂത്തപിള്ളയേയും തിരുമുഖത്തു വീട്ടുകാരേയും മററു പലരേയും വാൾ, പരിച, ഈട്ടി, കുന്തം, വില്ല്, അമ്പ് മുതലായ ആയുധങ്ങൾകൊണ്ടുള്ള പ്രയോഗങ്ങൾ വളരെ സാമർത്ഥ്യത്തോടെ അഭ്യസിപ്പിച്ച ഗുരുസ്ഥാനം വഹിച്ചതിനാൽ ഈ വാർദ്ധക്യകാലത്തു് ആരേയും ശകാരിക്കുവാനുള്ള അവകാശം സമ്പാദിച്ചിരിക്കുകയാണ്. മൂത്തപിള്ളയേയും കാർത്ത്യായിനി അമ്മയേയും എന്നുവേണ്ട ബ്രഹ്മം വിഷ്ണുമഹേശ്വരന്മാരേയും ആശാൻ അസഭ്യവാക്കുകൾകൊണ്ടു മർമ്മഭേദനം ചെയ്യും. ആശാന്റെ നെട്ടുവടിയുടെ രുചി അറിയാത്ത വാല്യക്കാർ ചെമ്പകശ്ശേരിയിൽ ചുരുക്കമാണ്. "എത്രവയസ്സായി അമ്മാവാ?" എന്നു ചോദിച്ചാൽ മതി. പ്രഹരം ഉടനെ കഴിയും. ശങ്കു ആശാനോട്ട് അറപ്പുരയിൽ കയറരുതെന്നു പറവാൻ കാർത്ത്യായിനി അമ്മ പറഞ്ഞയച്ച ഭൃത്യനു കിട്ടിയ സമ്മാനം 'ഫ' എന്നൊരു ആട്ടും പ്രഹരവുമായിരുന്നു. സുന്ദരയ്യനോട്ട് ആശാനു ദ്വേഷ്യം കലശലാണ്. ആയാൾ അറപ്പുരക്കകത്തു കാലുവച്ചപ്പോൾ തന്നെ 'ചുത്തമററവൻ', 'അടിച്ചു കുറക്കാനെ ഞെരിചൂടണം', എന്നെല്ലാം കേട്ടുതുടങ്ങുന്നു. ആശാന്റെ ദ്വേഷ്യത്തിന്റെ കാരണം പാറുക്കുട്ടി ചോദിച്ചപ്പോൾ, "ശെന്നേ നാരായണ! ശെന്നേ നാരായണ! വലിയ തമ്പി അങ്ങത്തെ കുതിരകേറണവനോ? ഞാൻ അറിയല്ലയോ, പിന്നെ? ആഭാതക്കൂട്ടം. ഇയിത്തുങ്ങളെ ഇതിനകത്തു കാലെടുത്തു ചവുട്ടാൻ തമ്മസിചൂടാ. എവൻ പട്ടരോ? അവന്റെ പൂണൂലിനെ പിടുങ്ങി വല കെട്ടണം"— എന്നിങ്ങനെ സ്വതസ്സിദ്ധമായ വാഗ്വിലാസത്തോടെ ആശാൻ കയക്കുന്നു. ഇത്രവലിയ ദ്വേഷ്യക്കാരനാണെങ്കിലും പാറുക്കുട്ടിയോട്ട് ആശാനുള്ള വാത്സല്യത്തിനു് അതിരില്ല. പാറുക്കുട്ടിയുടെ കണ്ണീർ ആശാനു കണ്ടുകൂടാ— "അല്ലേ കരയാനോ പാവിക്കുണതു്? ചുമ്മാ അല്ലേ ചിണുങ്ങി അമ്മ എന്നു എല്ലാവരും പറയണതു്." എന്നാൽ ആശാന്റെ അഭിപ്രായങ്ങൾക്കു പ്രതികൂലമായി ഒന്നു പറയുന്നതായാൽ പാറുക്കുട്ടിയോടും ആശാൻ കയക്കും. അടുത്ത നിമിഷത്തിൽ പാറുക്കുട്ടിയുടെ സാന്ത്വനം കേട്ടു ശാന്തനാകയും ചെയ്യും. തന്റെ ചോദ്യത്തിനു് ഉത്തരം പറയാതിരുന്നാൽ തന്നെ അവമാനിച്ചതാണെന്നാണ് ആശാൻ നിശ്ചയിക്കുക: പിന്നത്തെ പുറപ്പാട്ട് ഒരുവക ആക്ഷേപസ്വരത്തിലാണ്. "ചെമ്പകം അക്കനോ? ലീലാവതി—താവതി—അരുന്ധതി—ഇപ്പം കറന്ന പാല്—പച്ചവെള്ളം ചവച്ചുകുടി

ക്കണെ പൂച്ചക്കുട്ടി മതിയോ?" ഇത്ര പ്രതാപവാനായ ആശാനും കരിസ്സൽ അടിയൊന്നു പിഴച്ചു. "എക്കൊരു കൊറച്ചില് വന്നുപോയി," "എൻെറ ചെമ്മാന്ത്രത്തിലും ഇങ്ങനെയുള്ള പോക്കണെക്കേട്ട പററീട്ടില്ല"—എന്നാണ് ആശാൻ അതിനെപ്പററി പറയുന്നതു്. 'കുടിക്കിണ വെള്ളത്തിപ്പോലും വിച്'വതിചൂടാത്താ' ആ കാശിവാസിയുടെ കൈയിൽനിന്നു 'ഇത്തിരി ഒരെള്ളോളം' വാങ്ങിച്ച തിന്നതു് ഓക്കുമ്പോൾ ആശാനു് കോപവും ലജ്ജയും പശ്ചാത്താപവും സഹിക്കാവതല്ല. ആ സംഭവത്തിനു ശേഷമുള്ള വൃദ്ധൻെറ ചേഷ്ടിതങ്ങൾ അത്യധികം രസാവഹവും സ്വഭാവാനുഗുണവുമാണ്! അതു ആരോടും പറയുകയില്ലെന്നു് ആശാൻ നിശ്ചയിച്ചുറച്ചുവെങ്കിലും സുഭദ്രയുടെ മുള്ളുവാക്കുകൾ കേൾക്കുമ്പോൾ രഹസ്യം ഉള്ളിലൊതുക്കുവാൻ നിവൃത്തിയില്ലാതാവുന്നു. വൃദ്ധൻെറ ഓരോ വാക്കും ചേഷ്ടയും എത്ര സജീവമാണ്; എത്ര സ്വാഭാവികമാണ്. വൃദ്ധനെന്നോ? അതു കേട്ടാൽ എഴുപതിൽ പരം വയസ്സുണ്ടെങ്കിലും ആശാൻ കയക്കും. വയസ്സ് ഇപ്പോൾ കീഴ്പോട്ട് എണ്ണിത്തുടങ്ങിയിരിക്കുന്നു. ഒടുവിൽ ഘോഷിച്ച പിറന്നാൾ നാല്പത്തിയഞ്ചാമത്തേതോ മറേറാ ആണ്. "ചത്ത ആളും തിരിച്ചുവന്നു. കെഴവൻ കേറി ചെറുപ്പമാകുമോ എന്തോ? ആക്കറിയാം, പഹവാൻെറ മായാവിലാധങ്ങള്!"

ശങ്കു ആശാനോടൊപ്പം നമ്മുടെ മനസ്സിൽ ലബ്ധപ്രതിഷ്ഠമായ മറെറാരു പാത്രം കാത്ത്യായനി അമ്മയാണ്. കാത്ത്യായനി അമ്മയെ കേരളത്തിലെ അന്തസ്സുള്ള പല തറവാട്ടുകളിലും കാണാം; ഏതു ജാതിയിലും കാണാം. വെളുത്തു തടിച്ചുള്ള ആകൃതി; ഗംഭീരമായ നോട്ടങ്ങളും. അടുക്കള ഭരണത്തിൽ ഹിററ്ലറിനെപ്പോലെ കഠിന ആജ്ഞക്കാരി. വാല്യക്കാരോടും മററും തീരെ ദയയില്ല. പാറുക്കുട്ടിക്കു മാത്രമേ ആ മാതൃഹൃദയത്തിൽ ഇടമുള്ളു. എന്നാൽ പാറുക്കുട്ടിയുടെ പുതിയ മട്ടൊന്നും കാത്ത്യായനിഅമ്മയ്ക്കു് ഒട്ടും രസിക്കുന്നില്ല. അച്ഛൻ ലാളിച്ചു ലാളിച്ചു മകളെ തലയിൽ കയററിയെന്നു ആവലാതിയുണ്ട്. ശുദ്ധഗതിയും കുറഞ്ഞൊരു ദുർമ്മോഹവും ഉള്ളതിനാൽ പല അവിവേകത്തിലും ചാടും; കുറെയൊക്കെ മക്കടമുഷ്ടി പിടിച്ചു നോക്കും. എന്നിട്ടും ഫലമില്ലെന്നു കണ്ടാൽ വലിയ നൈരാശ്യത്തിലായി. ആപൽക്കാലത്തു ധൈര്യം ലവലേശമില്ല. എന്നാൽ നല്ലകാലത്തു തറവാട്ടിൻെറ അന്തസ്സു പാലിക്കുവാൻ കാത്ത്യായനി അമ്മയെപ്പോലെയുള്ള സ്ത്രീകൾ വേണം.

മനുഷ്യസ്വഭാവത്തിൻെറ ശരിപ്പകപ്പെന്നു തോന്നിക്കുന്ന പുണ്യപാത്രങ്ങൾ സി. വി. രാമൻപിള്ളയുടെ കൃതികളിൽ പലതുമുണ്ട്. മഹാമനസ്കരായ ജനങ്ങൾ തെററിദ്ധാരണയിൽപ്പെട്ടു നട്ടംതിരിയുന്നതു വർണ്ണിക്കുന്നതിൽ സി. വി. രാമൻപിള്ളക്കുണ്ടായിരുന്ന ചാതുര്യം കുറച്ചൊന്നുമല്ല. തിരുമുഖത്തുപിള്ള, കേശവനുണ്ണിത്താൻ എന്നീ പാത്രങ്ങളെ സൃഷ്ടിച്ചിരിക്കുന്നതിൽ പ്രദശിപ്പിക്കപ്പെടുന്ന മനുഷ്യഹൃദയജ്ഞാനം വിസ്മയാവഹമെന്നേ പറയേണ്ടതുള്ളു. എത്ര ഓജസ്സുള്ള നായികമാരെയാണ് സി. വി. യുടെ കൃതികളിൽ നാം കാണുന്നത്? പാറുക്കുട്ടി, മീനാക്ഷി, സാവിത്രി എന്നീ പാത്രങ്ങളോടു കിടനില്ക്കുന്ന ഒരു കഥാനായിക ഭാഷാസാഹിത്യത്തിലുണ്ടെങ്കിൽ അതു ഇന്ദുലേഖമാത്രമാണ്. തടില്ലതപോലെ ചൈതന്യയുക്തയും സ്വപ്രത്യയസ്ഥൈര്യവും പരിഹാസവിചക്ഷണയും പരിഷ്കൃതമാനസയും വിടന്മാരെ ചെണ്ടകൊട്ടിക്കുവാനും സ്വകാമുകനെ അഭിമാനം വിടാതെ സ്നേഹിക്കുവാനും കഴിവുള്ളവളുമായ ഇന്ദുലേഖമാത്രം സി. വി. രാമൻപിള്ളയുടെ നായികമാരെപ്പോലും അതിശയിക്കുന്നുണ്ടെന്നു് എനിക്കു് തോന്നാറുണ്ട്.

ഇങ്ങനെയുള്ള ലോകോത്തരങ്ങളായ കഥാപാത്രങ്ങൾ ഭാഷാസാഹിത്യത്തിൽ അധികമുണ്ടെന്നു നമുക്കു് അഭിമാനമടയുവാൻ നിവൃത്തിയില്ല. അതിനു പലകാരണങ്ങളുമുള്ളതിൽ ഒന്നു ജാതിഭ്രാന്താണെന്നു നിസ്സംശയം പറയാം. സമുദായത്തേയും രാഷ്ട്രത്തേയും മാത്രമല്ല ജാതിയാകുന്ന ദുർഭൂതം ബാധിച്ചിരിക്കുന്നതു്. മനുഷ്യഗുണം വിളങ്ങുന്ന പാത്രങ്ങൾ നമ്മുടെ സാഹിത്യത്തിൽ അധികമില്ലാത്തതിനും ജാതി ഒരു ഗണനീയ ഹേതുവാണ്. വൈദ്യൻെറ മരുന്നുചെപ്പിലെ അറകൾപോലെ നാം അസ്മാദൃശരായ മനുഷ്യർക്കായി ഓരോ അറകൾ നിശ്ചയിച്ചു്, അവക്കു് ഓരോ സംജ്ഞകൾ നൽകി, ചില ഗുണദോഷങ്ങൾ അവരിൽ ആരോപിച്ചു്, അവരെക്കുറിച്ചു് അറിയേണ്ടതെല്ലാം അറിഞ്ഞുകഴിഞ്ഞുവെന്നു കൃതാത്ഥരാവുന്നു. മനുഷ്യത്വത്തിൻെറ മാഹാത്മ്യം ജാതിവൈചിത്ര്യത്തിൽ വിസ്മൃതമായിപ്പോകുന്നു. ഏതവസ്ഥയിലും മനുഷ്യൻ അത്യുൽകൃഷ്ടമായ ഒരു ജീവിയാണെന്നും, അവൻെറ ഓരോ ചേഷ്ടയും ഓരോ വിചാരവും ആദരപൂർവ്വകമായ ജിജ്ഞാസയെ അർഹിക്കുന്നതാണെന്നും എത്ര ഉന്നതമായ പദത്തിലിരിക്കുന്നവനും എത്ര നികൃഷ്ടമായ അവസ്ഥയിൽ ജീവിക്കുന്നവനിൽനിന്നു വളരെ വ്യത്യസ്തനല്ലെന്നും

പ്രസംഗത്തിലും ലേഖനത്തിലും മാത്രമല്ല, ഹൃദയത്തിന്റെ അന്തരാളത്തിലും ദൃഢമായി നിദ്ധാരണം ചെയ്ത് അനുകമ്പാസമന്വിതമായ ദൃഷ്ടിയോടെ ലോകത്തെ സമീക്ഷണം ചെയ്യത്തക്ക മനോവിശാലത നമ്മുടെ കവികളും അവരുടെ കൃതികൾ അഭിനന്ദിക്കുന്നവരും പ്രാപിച്ചാൽ മാത്രമേ സ്വാതന്ത്ര്യത്തിൽ ജീവിക്കുന്ന ഇതരസമുദായങ്ങളുടെ സാഹിത്യത്തിലുള്ള വിശിഷ്ടപാത്രസമൃദ്ധി നമ്മുടെ ഭാഷയ്ക്കും ലഭ്യമാകയുള്ളു.

---

* സമസ്ത കേരള സാഹിത്യപരിഷത്തിന്റെ ദശമസമ്മേളനത്തിൽ ചെയ്ത പ്രസംഗം.

# അവളുടെ ആത്മബോധം:

## (ഒരു കഥ)

—വാ. വി.

ലീലക്കു് ഇരുപതു വയസ്സു പ്രായമാണു്. മുഴുവൻ വിടൎന്നുകഴിഞ്ഞിട്ടില്ലാത്ത പ്രഭാതത്തിലെ ഒരു പനിനീർ പുഷ്പത്തിനോടാണു് അവളുടെ സൌന്ദൎയ്യത്തിനു് അധികം സാമ്യം. ആ പനിനീർപുഷ്പത്തിന്റെ ബഹിൎഗ്ഗമിച്ചു കഴിഞ്ഞിട്ടില്ലാത്ത അരൂപവും, അവൎണ്ണ്യവുമായ സൌഭാഗ്യം, അതിന്റെ പൂൎണ്ണമായ വികാസത്തിന്നുമുമ്പുള്ള, ഒരു മയക്കം പോലെ തോന്നിക്കുന്ന, അല്പമായ കൂമ്പിച്ച, പ്രഗത്ഭമാവാത്തതെങ്കിലും സൌരഭ്യം വീശിത്തുടങ്ങിയിരുന്ന അതിന്റെ പരിപൂൎണ്ണലാവണ്യം—ഇതെല്ലാം ലീലക്കും ഉണ്ടായിരുന്നു. മുഴുവൻ വിടൎന്നു കഴിഞ്ഞിട്ടില്ലാത്ത 'ആ പുഷ്പത്തിന്റെ ഒട്ടൊട്ടു മുകുളിതമായ മുഖത്തിനോടു്, ജീവിതത്തിലേക്കു മുഴുവൻ വിടൎന്നു കഴിയാതെ കൂമ്പിക്കൊണ്ടുതന്നെ നിന്നിരുന്ന ആ ലീലയുടെ മനോമുഖത്തേയും വേണമെങ്കിൽ ഉപമിക്കാമായിരുന്നു.

ആ പുഷ്പത്തിന്റെ അന്തസ്സും അപ്രതിദമല്ലാത്ത ആകൎഷകസൌകുമാൎയ്യവും അതു കാണുന്നവരെയെല്ലാം നോക്കി നിൎത്തുന്നതുപോലെ, ലീലയുടെ രൂപലാവണ്യവും സകലരേയും സ്തബ്ധരാക്കി ഒരുവക ഉൾക്കമ്പത്തിന്നധീനപ്പെടുത്തിയിരുന്നു. അവളുടെ രൂപസമ്പത്തിന്റെ വില എത്രത്തോളമുണ്ടെന്നു് അവൾക്കറിയുകയും ചെയ്യാമായിരുന്നു. ആ അന്തൎബോധത്തോടുകൂടിയായിരുന്നു അവൾ ആരോടും പെരുമാറിയിരുന്നതും. ആരേയും വകവെക്കാതെ, ഒരുത്തരേയും പേടിക്കാതെ, അഭിമാനപുരസ്സരം അവൾ എവിടേയും കാലിടറാതെ നടക്കും. ആരോടും, ഗുരുനാഥന്മാരോടുകൂടി ധിക്കാരം കാണിക്കും. നൎമ്മോക്തിപ്രിയരായ സഹപാഠികൾകൂടി അവളെ ഒതുക്കത്തോടുകൂടിയേ നോക്കിയിരുന്നുള്ളു: അവളുടെ രൂപലാവണ്യം ആസ്വദിച്ചു നില്ക്കുകയല്ലാതെ അതിനെക്കുറിച്ചു വിമൎശനരൂപേണ അവർ ഒരൊററ അക്ഷരംപോലും ശബ്ദിച്ചിരുന്നില്ല. അവരെല്ലാം ആ സ്ത്രീപുഷ്പത്തിന്റെ സൌന്ദൎയ്യാസ്വാദനംകൊണ്ടു തൃപ്തിപ്പെടാത്തവരായിരുന്നു. പക്ഷെ അവരാരുംതന്നെ ആ പുഷ്പം കൈക്കലാക്കുവാൻ ശ്രമിച്ചിരുന്നില്ല. അവൎക്കറിയാമായിരുന്നു, വിടരുന്ന ഒരു പുഷ്പത്തെ നോക്കിക്കൊണ്ടുനില്ക്കുന്ന വെറും ചില പച്ചിലകളാണു്

അവരെല്ലാമെന്ന്. എന്നാൽ, അവരിലും ദുർമ്മോഹിയായ ഒരു പുരുഷദലമുണ്ടാവാതിരുന്നില്ല. അയാൾ—ഗോപി—ആ പുഷ്പത്തിനു തണൽ നല്കുവാൻ ആഗ്രഹിച്ചു. അയാൾക്കറിയായ്കയല്ല ആ പുഷ്പം, ഒരുപക്ഷെ, ധനികനും സുന്ദരനുമായ ഒരു യുവാവിന്റെ മാറിടത്തെ അലങ്കരിക്കാൻ നിർമ്മിച്ചതായിരിക്കുമെന്ന് എന്നുമാത്രമല്ല, അയാളെപ്പോലെ പ്രേമപ്രക്ഷനങ്ങൾക്ക് കൊള്ളരുതാത്തവരായി അധികംപേരെ കാണുക അസാദ്ധ്യമാണ്. അത്രക്കു ലജ്ജാശീലനായിരുന്നു അയാൾ. പക്ഷെ, മററു പോരായ്മകളുണ്ടായിരുന്നെങ്കിലും ഒരു ഗുണം അല്ലെങ്കിൽ ദോഷം ആ യുവാവിനുണ്ടായിരുന്നു. ആഗ്രഹിച്ചു കഴിഞ്ഞാൽ പിന്നെ തടസ്സങ്ങൾ മാത്രം ഓർത്ത് അതിനെ അയാൾ കൈവെടിയുക പതിവില്ല. ലീലയെ അയാൾ സ്നേഹിച്ചുകഴിഞ്ഞു. ആ യുവതിയെ ഇനി തന്റെ ജീവിതത്തിൽനിന്ന് കഴിച്ചുനിർത്തുക അയാൾക്കസാദ്ധ്യമായി തോന്നി. ആ സ്ത്രീയെ അയാൾക്കു കിട്ടുകയില്ലായിരിക്കാം; ആ സ്ത്രീ അയാളെ സ്നേഹിക്കുകയുമില്ലായിരിക്കാം. എങ്കിലും ഒന്നയാൾക്കു കഴിയും. അവളെ സ്നേഹിക്കുക.

ലീലയുടെ സൌന്ദര്യഗർവ്വം മററുള്ളവരെല്ലാം നോക്കിക്കാണുമ്പോൾ ഗോപി മാത്രം, ഒരൊഴിഞ്ഞ സ്ഥലത്തുനിന്ന് ആ സുന്ദരവിഗ്രഹത്തെ കണ്ണിമക്കാതെ നോക്കും. പലപ്പോഴും അയാളറിയാതെ ദീർഘശ്വാസം വിടും. അയാളുടെ ബോധം അയാളെ ആരും കാണുന്നില്ലെന്നായിരുന്നു. പക്ഷെ, സ്ത്രീകൾക്ക് അവരെ നേരിട്ടു നോക്കുന്നവരെ കാണുന്നതിലും വേഗം അവരെ മറഞ്ഞുനിന്നു നോക്കുന്നവരെ കണ്ടുപിടിക്കാൻ ഒരു പ്രത്യേക സാമർത്ഥ്യമുണ്ട്. മററെന്തൊക്കെ ഉണ്ടായിരുന്നാലും ശരി, ലീലയും ഒരു സ്ത്രീയായിരുന്നു. അവൾ, ഗോപിയെ അയാൾ കുററം ചെയ്യുന്ന വേളകളിൽ കണ്ടിരിക്കുക എളുപ്പമാണ്. പക്ഷേ, അവളുടെ സൌന്ദര്യഗർവം ഒരാളേയും ഒരു നിമിഷം തികച്ചു നോക്കുന്നതിന് അവളെ സമ്മതിച്ചിരുന്നില്ല. യാതൊന്നും കണ്ടു എന്നു നടിക്കാതെ, അന്തസ്സു വിടാതെ, അവൾ അഭിമാനം പുലർത്തിപ്പോന്നു. ആ ഭീരുവായ യുവാവിനെ 'ശിങ്കിരി' പാടിക്കുന്ന തന്റെ സൌന്ദര്യത്തെ അഭിനന്ദിച്ചു സ്വയം പുഞ്ചിരിതൂകുന്ന സന്ദർഭങ്ങളിലല്ലാതെ മററൊരിക്കലും അവൾ അയാളെപ്പററി വിചാരിച്ചിരുന്നില്ല.

അങ്ങനെ, സുശോഭനമായ ആ കോളേജ്ജീവിതവും അവസാനിച്ചു. ഒരു രാജ്ഞിയേപ്പോലെ, മററുള്ളവരെയെല്ലാം തലകുനിപ്പിച്ചി

രുന്ന തന്റെ സൌന്ദൎയ്യമദത്തെ കാമനിച്ചിരുന്ന ആ കാലവും, അതെ, കഴിയണമെന്നു വന്നു. ലീലക്കും മററുള്ളവരെപ്പോലെ വിവാഹത്തിനേയും അതോടുകൂടി യഥാൎത്ഥജീവിതത്തിനേയും നേരിടേണ്ട ഘട്ടമെത്തി. ഒരു ചിത്രശലഭംപോലെ പാറിനടന്നിരുന്ന അവൾക്ക് ഒതുങ്ങിയ ഗൃഹഭിത്തികൾക്കുള്ളിൽ കഴിച്ചുകൂട്ടുക അസാദ്ധ്യമായിത്തോന്നി. പക്ഷെ, പദവിയും, പണവും അതുപോലെ രൂപസൌഭാഗ്യവുമുണ്ടായിരുന്ന ഒരു വരനെ അച്ഛൻ അന്വേഷിച്ചുകൊണ്ടുവന്നപ്പോൾ ലീലക്കു സമാധാനമായി. കോളേജിലെ പരിമിതസ്ഥലം വിട്ട്, ഇനി ലോകത്തിന്റെ തുറന്ന പൂന്തോട്ടത്തിൽതന്നെ അവൾക്കു വിഹരിക്കുവാൻ യാതൊരു പ്രയാസവുമുണ്ടാവില്ലല്ലോ. സൌന്ദൎയ്യഗൎവ്വത്തിനൊത്ത പദവിലബ്ധി അവളെ ഭ്രമിപ്പിച്ചു. അവൾ വിവാഹത്തിന്നു സമ്മതം നല്കി.

രണ്ടുമാസത്തിനകം വിവാഹം കഴിഞ്ഞു. യൌവനയുക്തനും രൂപസമ്പന്നനുമായ ഒരു പുരുഷന്റെ പത്നീപദം ലീല അലങ്കരിച്ചു. മധുവിധു എന്നു പറയപ്പെടാവുന്ന പുതുക്കത്തിലെ ആ ലഹള പിടിച്ച കാലവും ബന്ധുക്കളുടേയും സുഹൃത്തുക്കളുടേയും ആശീൎവ്വാദകോലാഹലത്തിന്നിടയിൽ ആരും അറിയാതെ അങ്ങനെ കഴിഞ്ഞുപോയി. ലീല, ഭൎത്താവിനെ, അദ്ദേഹത്തിന്റെ ജോലിസ്ഥലത്തേക്ക് അനുഗമിച്ചു. അതിഗംഭീരമായ ഒരു മാളിക, അലംകൃതങ്ങളായ മുറികൾ അതിസുന്ദരമായ ഒരു പൂങ്കാവനം. എപ്പോഴും ശുഷ്ക്കാന്തിയോടുകൂടി പ്രവൃത്തി എടുക്കുന്ന ഭൃത്യജനങ്ങൾ—ഇവയെല്ലാം ലീലയുടെ ചുററുപാടുമുണ്ടായിരുന്നു. അവൾക്ക് ഹൃദയവേദന ജനിപ്പിക്കത്തക്ക യാതൊന്നും സ്മരണയിൽ കൂടി അരിച്ചു കേറാതിരിക്കത്തക്കവണ്ണം അത്ര ആഡംബരംകൊണ്ടു സുരക്ഷിതമായിരുന്നു ലീലയുടെ ചുററുപാടും.

എങ്കിലും ഒരാറുമാസം കഴിയുന്നതിന്നു മുമ്പ് ലീലക്കെന്തോ കൈവിട്ടുപോയതുപോലെ തോന്നിത്തുടങ്ങി. ഒരു വലിയ അസ്വസ്ഥത എന്നു പറയത്തക്കവണ്ണം അത്ര പ്രത്യക്ഷമായിരിന്നില്ല. എങ്കിലും അതവിടെ ഉണ്ടായിരുന്നു. അതിലൊക്കെ രസം അതെന്താണെന്നു ലീലക്കുതന്നെ നിശ്ചയമില്ലായിരുന്നു എന്നുള്ളതാണ്. അതൃപ്തി! എന്നു പറയത്തക്കവണ്ണം അവൾക്കു ബാഹ്യമായി ആവശ്യമുള്ള യാതൊന്നുമുണ്ടായിരുന്നില്ല. എങ്കിലും അതൃപ്തിയുടെ ഛായയിൽ എന്തോ ഒന്നായിരുന്നു അവളെ കൂടക്കൂടെ വേദനിപ്പിച്ചുകൊണ്ടിരുന്നത്. പക്ഷെ, ആന്തരമായ ഈ അസ്വാസ്ഥ്യം പ്രകടമായി കാണിക്കത്തക്കവണ്ണം അത്ര പ്രബലമായിരുന്നില്ല.

അങ്ങിനെ കാലം കുറച്ചു കഴിഞ്ഞു. ലീലക്കൊരു കുട്ടിയായി. ഒരു ദിവസം ഉച്ചക്ക് ഊണു കഴിഞ്ഞ് മാളികമുകളിൽ ഒരു ജനലിന്നഭിമുഖമായിരുന്നു ലീല പുസ്തകം വായിക്കുകയായിരുന്നു. വായന കുറച്ചു കഴിഞ്ഞപ്പോഠം മുഷിഞ്ഞു്, അവഠം പുസ്തകത്തിൽനിന്നു മുഖമെടുത്തു പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു. അനാകൎഷകമായ രീതിയിൽ റോഡിൽ കൂടി വാഹനങ്ങളും ജനങ്ങളും പോയിക്കൊണ്ടിരുന്നു. ലീല അലസയായി അതു കുറേ നേരം നോക്കിക്കൊണ്ടിരുന്നു. ക്രമേണ അവളുടെ ഓൎമ്മയിൽ ഭൂതകാലം അവളറിയാതെ സ്ഥലം പിടിച്ചു. കോളേജ് ജീവിതത്തിൽ അവഠംക്കു സിദ്ധിച്ചിരുന്ന പരിപൂൎണ്ണമായ വിജയത്തെ ഓൎത്ത് അവഠം സ്വയം അഭിനന്ദിച്ചു. ഒരു ലജ്ജിതനായ യുവാവ് തന്നെ മറഞ്ഞുനിന്നു നോക്കുന്നതിന്റെ ഒരു മങ്ങിയ ചിത്രം അവളുടെ മനോദൎപ്പണത്തിലേയ്ക്ക് അരിച്ചരിച്ചു വരുന്നതു ലീല കണ്ടു. അവഠം സ്വയം പുഞ്ചിരിതൂകി. അവളറിയാതെ ഒരു ദീൎഘശ്വാസവും, എന്തിനോ അവളിൽനിന്നു പുറപ്പെട്ടു. പുസ്തകം മാറത്തിട്ടു ചാരുകസേലയിലേക്കു ചാഞ്ഞ് അവഠം വീണ്ടും പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു. പ്രകാശിച്ചുകൊണ്ടിരുന്ന സൂൎയ്യൻ ഒരു മേഘശകലത്തിൽ ചെന്നൊളിച്ചതു് റോഡിൽ ഒരു മങ്ങിയ നിലാവുപോലുള്ള വെളിച്ചം വീശിയിരുന്നു. ലീലയുടെ അധരങ്ങഠംക്കിടയിൽനിന്ന് അപ്പോഴും, വിടരാൻ തുടങ്ങുന്ന ഒരു പനിനീർമുകുളത്തിന്റെ ഉള്ളിൽനിന്നെന്നപോലെ, പുഞ്ചിരിയുടെ ഒരു നേരിയ വാടാചരായ പുറപ്പെട്ടിരുന്നു. പുറമെ തൃപ്തയായിരുന്നെങ്കിലും അവളുടെ അന്തഃകരണം അവഠം തൃപ്തയല്ലെന്നുപദേശിച്ചു. സ്വബോധമില്ലാതെ കണ്ടിരുന്ന ആ പകുതി മയക്കത്തിൽ ലീലയുടെ മനസ്സിൽകൂടി എന്നപോലെ റോഡിൽ കൂടിയും ഒരു രൂപം മറയുന്നതു പോലെ അവഠംക്കു തോന്നി. ആവേഗത്തോടുകൂടി അവഠം ചാടി എഴുന്നേററ് പുറത്തേക്കു ഉററുനോക്കി. ആ രൂപം പകുതി അപ്രത്യക്ഷമായിരുന്നു. എങ്കിലും അവഠംക്കതു വളരെ പരിചിതമാണെന്നു ലീലക്കു തോന്നി.

അന്നു വൈകുന്നേരം അവളുടെ ഭൎത്താവ് പറഞ്ഞു 'ലീലേ, എനിക്കു ജോലി പിടിപ്പതിലധികമാവുന്നു. ഒരാളുടെ സഹായം കൂടി ഇല്ലാതെ ഇനി സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ട് ഒരാളെ ഞാനിവിടെ ശമ്പളം കൊടുത്തു താമസിപ്പിക്കണമെന്നു വിചാരിക്കുന്നു. ലീലക്കെന്തു തോന്നുന്നു?

"ജോലി അധികമാവുന്നുണ്ടെങ്കിൽ ചെയ്യോളൂ" എന്നവഠം കഴിയുന്നത്ര ഉന്മേഷം നടിച്ചു പറഞ്ഞു.

"ലീലേ, നിനക്കു സുഖക്കേടു വല്ലതുമുണ്ടോ?" എന്നു ഭർത്താവ് അവളുടെ വകഞ്ഞുവെച്ച തലമുടി തടവിക്കൊണ്ടു് ചോദിച്ചു.

"ഒന്നുമില്ല" അവൾ മറുപടി പറഞ്ഞു.

പിറ്റെ ദിവസം കാലത്തു തന്നെ പുതിയ ഗൃഹസ്ഥൻ എത്തി. അയാളെ കണ്ടമാത്രയിൽ ലീല അറിയാതെ ഒന്നു ഞെട്ടി. ഒരു നിമിഷനേരത്തേക്ക് അവളുടെ മനസ്സിൽ സ്ഥലം പിടിച്ച ആഹ്ളാദത്തെ അവൾ കല്പിച്ചുകൂട്ടി മാററി അതീക്ഷ്ണയാക്കി.

പ്രത്യക്ഷമായ വിരോധഭാവത്തോടും വെറുപ്പോടും കൂടിയായിരുന്നു അവൾ ആ പാവപ്പെട്ട ഗൃഹസ്ഥനോടു പെരുമാറിയിരുന്നതു്. ലീല പലപ്പോഴും അത്ഭുതപ്പെട്ടു. അത്രയ്ക്കു ലജ്ജിതനായിരുന്ന ആ യുവാവ് ഇങ്ങനെ പ്രത്യക്ഷമായി ധൈര്യം കാണിക്കുവാൻ എങ്ങനെ ഒരുമ്പെട്ടു? ഒരു പക്ഷെ, അവളെ അവമാനിക്കുവാനായിരിക്കുമോ? അതോ...... ആവോ? പലവഴിക്കും അവളുടെ ചിന്ത അലഞ്ഞുപോയി. ഒടുവിൽ അവൾ ഒന്നു തീർച്ചപ്പെടുത്തി. എന്തുവന്നാലും ശരി അയാളെ പണ്ടു കണ്ടിട്ടുള്ളതായ ഭാവം അവൾ നടിക്കില്ല. അയാളും അതു പണ്ടേ തീർച്ചപ്പെടുത്തിയിരുന്നതു പോലെ തോന്നി. ഒരിക്കലെങ്കിലും അപരിചിതമല്ലാത്ത ഭാവം അവളുടെ നേക്ക് അയാൾ കാണിച്ചിരുന്നില്ല.

ലീല തനിയെ ഇരിക്കുന്ന സമയത്തെല്ലാം അവൾക്കു പണ്ടു തോന്നാത്ത ഒരു പരിപൂർണ്ണത തോന്നുന്നുണ്ടായിരുന്നു. അതെങ്ങനെയാണെന്ന് അവൾക്കു നിശ്ചയമുണ്ടായിരുന്നില്ല. പക്ഷെ, ഒന്നവൾക്കു സ്വയം സമ്മതിക്കാതെ നിവൃത്തി ഇല്ലെന്നുവന്നു. ആ ഗൃഹസ്ഥനെ കണ്ടുപിടിച്ചതുമുതല്ക്കാണ് ഈ പുതിയ അനുഭവം അവൾക്കു തോന്നിത്തുടങ്ങിയതു്. പക്ഷേ, ആ മുഖം, സ്വതവേ മ്ലാനമെങ്കിലും പ്രസന്നതയെ കഴിയുന്നവിധം പ്രകാശിപ്പിച്ചുകൊണ്ടിരുന്ന ആ മുഖം അവൾ മറക്കുവാൻ ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും അവൾക്കതു കഴിഞ്ഞില്ല. എന്നുമാത്രമല്ല, അതിന്റെ സാമീപ്യം അവളെ ഒരുപോലെ ഉന്മത്തയും നിരുന്മേഷയുമാക്കിത്തീക്കുന്നതായി അവൾക്കു തോന്നി.

ഒരു ദിവസം വൈകുന്നേരം വൈകുന്നേരം ഭർത്താവു് അവളോടു സംഭാഷണമാരംഭിച്ചു. "ലീലേ, പുതിയ ഗൃഹസ്ഥൻ ഞാൻ വിചാരിച്ചിരുന്നതിലധികം മിടുക്കനാണ്. സകല കാര്യവും അയാൾ ചെയ്യുന്നുണ്ട്. നല്ല ഒതുക്കവും ഉണ്ടെന്നു തോന്നുന്നു; ഇല്ലേ?"

"കാപ്പി ഇനി വേണോ?" എന്നു മാത്രം അവൾ സാരിത്തുമ്പുകൊണ്ടു മുഖം തുടച്ചു് ഇതിന്നു മറുപടി പറഞ്ഞു.

"ചോദിച്ചതിന്നു മറുപടി പറയൂ." അവളുടെ ഭർത്താവ് വീണ്ടും അതുതന്നെ വലിച്ചിട്ടു.

"എന്ത്?"

"ഗോപി, നല്ല ഒതുക്കമുള്ള ഒരു ജോലിക്കാരനല്ലേ?"

"ആയിരിയ്ക്കാം. അതിന്നു ഞാനെന്തുവേണം?"

'ലീലയ്ക്ക് ആകപ്പാടെ അയാളെ പിടിച്ചില്ലെന്നു തോന്നുന്നു. അയാളെ മാററണോ?'

'ഞാൻ പറഞ്ഞിട്ടു കൊണ്ടുവന്നതു്?'

'ഇങ്ങനെ തക്കുത്തരം പറയാനല്ലാതെ ഒന്നും പഠിച്ചിട്ടില്ലേ?'

'എനിക്കു് ഇതിലധികം നന്നായി പറയാൻ വയ്യ.'

'ആഹാ', എന്നാൽ അതു പഠിയ്ക്കുന്നതുവരെ അയാൾ ഇവിടെത്തന്നെ ഉണ്ടാവും. അത്രേ ഉള്ളു.'

ആ സംഭാഷണം അങ്ങനെ അവസാനിച്ചു.

ദിവസങ്ങൾ വീണ്ടും പലതു നീങ്ങി. ലീലയ്ക്കു സഹിയ്ക്കവയ്യാതായി. സ്കൂളിൽ പഠിക്കുന്ന ഒരു പെൺകുട്ടിയെപ്പോലെ ലജ്ജ നടിച്ചിരുന്ന ആ യുവാവിൻെറ കൂസലില്ലാത്ത പെരുമാററം അവളെ കണക്കിലേറെ മുഷിപ്പിച്ചു. പലപ്പോഴും, അവളുടെ സമ്മതംകൂടാതെതന്നെ, അതു വേദനിപ്പിയ്ക്കുകയും ചെയ്തിരുന്നു. തൻെറ സൌന്ദര്യം അനാകൎഷകമാകത്തക്കവണ്ണം കുറഞ്ഞുപോയിട്ടുണ്ടോ എന്നവൾ ഇടക്കിടെ കണ്ണാടിനോക്കി തൃപ്തിപ്പെട്ടു പോന്നു. അതു ലവലേശം കുറഞ്ഞിരുന്നില്ല. അയാൾക്കിത്ര ഉൾക്കനമോ? അതു പരീക്ഷിച്ചറിയാതെ അടങ്ങുകയില്ലെന്നു് അവൾ തീൎത്തും ഉറപ്പിച്ചു.

ഒരു ദിവസം ഉച്ചയ്ക്കു് ഭർത്താവില്ലാത്ത സമയത്തു് അവൾ എന്തോ കാരണം പറഞ്ഞു് അയാളെ വരുത്തി; ഒരു ചെറിയ കുററം അയാളുടെ പേരിൽ ആരോപിച്ചു വേണ്ടതിലധികം ശകാരിച്ചു. വെറുപ്പും, വികാരഹീനതയും ഭംഗിയായി മുഖത്തു പ്രകടിപ്പിച്ചു് അവൾ അയാളെ നിൎത്തി ചീത്ത പറഞ്ഞു.

'ഇനി അങ്ങനെയൊന്നു സംഭവിക്കില്ല' എന്നുമാത്രം കുററം സമ്മതിച്ചു മറുപടി പറഞ്ഞു് അയാൾ പോകാൻ ഭാവിച്ചു. ലീല അയാളെ സൂക്ഷിക്കുന്നുണ്ടായിരുന്നു. അവൾക്കു തെററിയില്ല. ദയനീയമായ ഒരു നോട്ടവും, ഒരു ചെറിയ പതിഞ്ഞ ദീൎഘശ്വാസവും അയാളിൽനിന്നു പുറപ്പെട്ടു. അവൾക്കു തൃപ്തിയായി. അയാൾ അതു ഭർത്താവിനോടു പറയില്ലെന്ന വിശ്വാസം അവൾക്കു സമാധാനവും നല്കി.

ഒരു ദിവസം സന്ധ്യയ്ക്കു ഗോപി ലീലയുടെ കുട്ടിയെ കളിപ്പിച്ചും കൊണ്ടു മുററത്തിരിയ്ക്കുകയായിരുന്നു. കുറച്ചകലെയായി ലീലയുടെ ശബ്ദം കേട്ടതു കുട്ടി ശ്രദ്ധിച്ചു. അവൻ 'അമ്മ' എന്നു പറഞ്ഞു ശബ്ദം കേട്ട സ്ഥലത്തേയ്ക്കു നോക്കി. ഗോപിയും ആ ഭാഗത്തേയ്ക്കുതന്നെ നോക്കി. അയാളുടെ നോട്ടത്തിന്ന് അണയാൻപോകുന്ന ദീപത്തിൻെറ ഒരുവക ദീപ്തി ഉണ്ടായിരുന്നു. ലീലയുടെ മുഖത്തേയ്ക്കാണ് അയാൾ മുഖമുയർത്തിയതു്. അവളുടെ കണ്ണുകൾ, പറന്നുപോകുന്ന നക്ഷത്രത്തിൻെറ വേഗത്തിൽ പ്രകാശിച്ചു കെട്ടുന്നതു് അയാൾ ശ്രദ്ധിച്ചു. വികാരവേഗം മാച്ചുകൊണ്ട് അയാൾ അവിടെനിന്നു മുറിയിലേയ്ക്കു പോയി. സ്വന്തം കരകൌശലത്തേക്കാൾ അധികം ശ്രദ്ധയുടേയും, ഭാവനയുടേയും സാമർത്ഥ്യംകൊണ്ടു വരച്ചുണ്ടാക്കിയ ഒരു ചെറിയ പടമെടുത്തു് അയാൾ അതിനെ ഉററുനോക്കിക്കൊണ്ടിരുന്നു. തന്നെത്താനറിയാതെ, 'ലീലേ' എന്നു കുറച്ചുറക്കെ വിളിക്കുകയും ചെയ്തു.

അയാളുടെ ഓരോ ചലനങ്ങളും ശ്രദ്ധിച്ചുകൊണ്ടു ലീല പിന്നാലെ വന്നിരുന്നു. എന്തിനാണു പിന്തുടന്നതെന്നു അവൾക്കുതന്നെ നിശ്ചയമുണ്ടായിരുന്നില്ല. അതിൻെറ ഔചിത്യത്തെപ്പററി അവൾ ശ്രദ്ധിച്ചതേ ഇല്ലായിരുന്നു. 'ലീല' എന്ന വികാരാധീനമായ സംബോധന അവളെ മയക്കി. അയാൾ ചെയ്യുന്നതു ശ്രദ്ധിച്ചുകൊണ്ട് അവൾ വാതുക്കൽതന്നെ നിന്നു. നിരാശനായ ആ കാമുകൻെറ ഓരോ ചേഷ്ടകളും അവളെ രസിപ്പിച്ചിരുന്നു. അവൾ അതു കുറെനേരം നോക്കി നിന്നു. സതീശൻ ഒരു ഭ്രാന്തനെപ്പോലെ ആ പടത്തെ ഓമനിക്കുകയും, തഴുകുകയും ചെയ്തിരുന്നു. പെട്ടെന്ന് അയാളുടെ വികാരം അതിൻെറ മൂർദ്ധന്യത്തിലെത്തി. ആവേഗത്തോടുകൂടി അയാൾ അതിനെ ചുംബിച്ചു.

പിന്നിൽനിന്ന് പ്രബലമായി രണ്ടു കയ്യുകൾ അയാളുടെ പക്കലുണ്ടായിരുന്ന പടം വലിച്ചെടുത്ത്, ചുരുട്ടിക്കൂട്ടി, പുറത്തേയ്ക്കെറിഞ്ഞു. ഗോപി സ്തബ്ധനായി തിരിഞ്ഞുനോക്കി. അതു ചെയ്ത സ്വരൂപത്തെ കുറേനേരം, കണ്ണിമക്കാതെ നോക്കിനിന്നു. പെട്ടെന്ന് സ്വബോധം വന്ന് അയാൾ അവിടെ വിണപേക്ഷിച്ചു.

'ലീലേ, മാപ്പുതരു്. ഇനി . . . . . .'

ഛീ, താനൊരുവിടനാണ്, മിണ്ടാതിരിക്കു' ആ കഠിനഹൃദയ അയാളെ കല്പിച്ചുകൂട്ടി ചവുട്ടിക്കൊണ്ട് അവിടെ നിന്നുപോയി.

അന്നു ലീലയ്ക്കു് എത്ര ശ്രമിച്ചിട്ടും ഉറക്കം വന്നില്ല. അവളുടെ പ്രവൃത്തിയെ ഓർത്തു് വാസ്തവത്തിൽ അവൾ പശ്ചാത്തപിക്കുന്നുണ്ടായിരുന്നു. എങ്കിലും അവൾക്കതു് അവളോടുതന്നെ സമ്മതിക്കുവാൻ വളരെ ലജ്ജ തോന്നി. എന്തു്? ആ എളിയ ജോലിക്കാരനോടു് മാപ്പുചോദിക്കുകയോ? അവൾ അവളെത്തന്നെ വെറുത്തു. പക്ഷെ, "ലീലേ," അവളുടെ അന്തഃകരണത്തിനുള്ളിൽനിന്നു് അവളെ ആരോ വിളിക്കുന്നതുപോലെ തോന്നി, "ലീലേ," അയാൾ നിനക്കു വെറും ഒരു ജോലിക്കാരൻ മാത്രമാണോ? ... ... ... '' അവൾ തിരിഞ്ഞും മറിഞ്ഞും കിടന്നു ഉറക്കംവരുത്താൻ ശ്രമിച്ചു. ഫലമില്ല. ഒടുവിൽ സാവധാനത്തിൽ പുറത്തേയ്ക്കിറങ്ങി.

നിലാവുള്ള രാത്രിയായിരുന്നു അതു്, ആലോചനയുടെ ലക്കില്ലായ്മ അവളെ എങ്ങോട്ടെന്നില്ലാതെ കൊണ്ടുപോയ്ക്കൊണ്ടിരുന്നു. ഒടുവിൽ അവൾ പൂന്തോട്ടത്തിലെ പൊയ്കയുടെ വക്കത്തെത്തി. ഒരു മങ്ങിയ നിലാവെളിച്ചം അവിടമെല്ലാം സ്വപ്നംപോലെ മനോഹരമാക്കിയിരുന്നു. ലീല വിചാരക്ലാന്തയായി കരയ്ക്കിരുന്നു. നിശ്ശബ്ദമായി കരയുവാൻ തുടങ്ങി.

'ലീലേ!,' ആ സംബോധനതന്നെ അന്നു വീണ്ടും അവൾക്കു കേൾക്കുന്നതുപോലെ തോന്നി. ഉദ്ദേശശൂന്യയായി അവൾ തിരിഞ്ഞു നോക്കി. ഗോപിയെ കണ്ടു. ഇരുന്ന ഇരുപ്പിൽനിന്നു കൈകൾ രണ്ടും നീട്ടി അവൾ അയാളുടെ കാലുകൾ കടന്നു പിടിച്ചു.

ലീലേ........' ശ്രദ്ധ വെച്ച ഒരുവക അടക്കം അയാളുടെ വിളിയിലുണ്ടായിരുന്നു.

'ഗോപി, മാപ്പുതരു. ഞാൻ ചെയ്ത സാഹസത്തിൽ വ്യസനിക്കുന്നു.'

"ഗോപി......"

'ലീലേ,......"അയാൾ ഉദ്ദേശശൂന്യനായി കുറേനേരം തടാകത്തിലേയ്ക്കു നോക്കിനിന്നു അതിനുശേഷം തുടന്നു. "അതിനു ഭവതിക്കു യാതൊരു തെററുമില്ല. ഞാനാണു കുററക്കാരൻ ഭവതിയുടെ മനസ്ഥൈര്യത്തെ ഞാൻ അഭിനന്ദിക്കുന്നു".

"അയ്യോ, ഗോപി, നിങ്ങൾ തെററിദ്ധരിച്ചിരിയ്ക്കുന്നു. ഞാനതു ചെയ്തതു്, ഒരു ദീർഘശ്വാസം കൊണ്ടമർത്തി അവൾ പറഞ്ഞു. മനസ്ഥൈര്യമില്ലാതിരുന്നതുകൊണ്ടാണു്.'

അയാളതു കേട്ടില്ലെന്നു തോന്നുന്നു.

"ലീലേ, ഞാൻ ഭവതിയെ സ്നേഹിച്ചു. ഇപ്പോഴും സ്നേഹിക്കുന്നു. ഇനി ജീവിതത്തിൽ ഇതുപോലെ മററൊരാളെ സ്നേഹിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇല്ല, ലീലേ, ഇല്ല; ഇനി എനിക്കു് ഇതുപോലെ മററാരേയും സ്നേഹിക്കാൻ കഴിയില്ല. ലീലയുടെ ആ ചിത്രമായിരുന്നു എൻെറ ഏകാവലംബം. ഞാനതു സൂക്ഷിച്ചു. അതു് ലോകനീതിയിൽ തെററാണെന്നു് എനിക്കറിയാമായിരുന്നു. പക്ഷേ, ലീലേ, ഞാനും ഒരു മനുഷ്യനല്ലേ? ലീല മററൊരാളുടെ പത്നിയായിരിക്കാം. പക്ഷേ, അതു ഭവതിക്കുവേണ്ടി ജീവിതം മുഴുവൻ ത്യജിക്കാൻ സന്നദ്ധനായിട്ടുള്ള ഒരാൾക്കു് ഭവതിയുടെ ഒരു പടം കയ്യിൽവെച്ചുകൊണ്ടിരിക്കുന്നതിനെ വിരോധിക്കണമെന്നുണ്ടോ? ഉണ്ടോ, ലീലേ? പറയൂ. ഏ? എന്നാൽ ആ ലോകനിയമം എത്ര കഠിനമാണു്!" ആവേശം അയാളെ ഒരുവക ഭ്രാന്തനാക്കിയിരുന്നു. ക്ഷീണിച്ചു്, വശംകെട്ടു്, അയാൾ നിലത്തിരുന്നു നിശ്ശബ്ദനായി.

'ഗോപി ... ... '

അയാൾ അനങ്ങിയില്ല.

'ഗോപി, എനിക്കു മാപ്പു തരു. ഞാനങ്ങയെ......" നിശ്ചലനായിരുന്ന ആ യുവാവു് എണീററിരുന്നു. തന്നെത്താൻ മറന്നു് ആ യുവതിയുടെ കൈ കടന്നുപിടിച്ചു് പുലമ്പിത്തുടങ്ങി.

"മുഴുവനാക്കു ലീലേ; മുഴുവനാക്കു; വേഗം; ഞാനങ്ങയെ വെറു...'

'അയ്യോ, വെറുക്കുകയോ! അല്ല ഗോപി, സ്നേഹിക്കുന്നു.' ഒരു ലത പോലെ അവളുടെ കൈകൾ ആ യുവാവിൻെറ കണ്ഠത്തെ ചുററിപ്പിടിച്ചു.

'എന്തു്? സ്നേഹിക്കുകയോ? സ്നേഹിക്കുക! ലീലേ, ഭ്രാന്തു്! എന്നെ സ്നേഹിക്കുക! ലീല എന്നെ സ്നേഹിക്കുക!! വെറും ഭ്രാന്തു്! വെറുക്കുന്നു എന്നു പറയൂ, ലീലേ.'

'അല്ല ഗോപി, വെറുക്കുകയല്ല, സ്നേഹിക്കുക. അതെ. വളരെക്കാലമായിട്ടു്.'

അയാളുടെ കണ്ണുകളിൽ അസാധാരണമായ ഒരുവക ദീപ്തിപൊങ്ങി.

'എന്തു്! വളരെക്കാലമായിട്ടു്! എത്രകാലം?"

അയാൾ അക്ഷമനായി.

'വളരെ, വളരെ. ലജ്ജിതനായ ഒരു യുവാവു് എന്നെ മാഞ്ഞുനിന്നു നോക്കിയിരുന്നില്ലേ? ആ കാലം മുതല്ക്കു്! അവൾ മണിനാദം പോലെ പതുക്കെ ഒന്നു ചിരിച്ചു.

'എന്ത്!'

'അതെ.'

'എന്നിട്ട്?'

'ഞാനതു് മനസ്സിലാക്കിയില്ല, ഗോപി എനിക്കു മാപ്പു തരില്ലേ? എന്നെ സ്നേഹിക്കില്ലേ?'

'ലീല, അതൊന്നുകൂടി പറയൂ. എത്ര കാലം മുമ്പു് ലീല എന്നെ സ്നേഹിക്കാൻ തുടങ്ങി?"

'പണ്ടു് നാം ഒന്നിച്ചു കോളേജിൽ വായിച്ചിരുന്നില്ലേ, അന്നു മുതൽക്കു്.'

'എന്നിട്ട്?' അവളെ മുഴുവൻ പറയാനനുവദിക്കാതെ അയാൾ അക്ഷമനായി വീണ്ടും ചോദിച്ചു.

'ഞാനതു മറച്ചു വെച്ചു. എന്നോടു തന്നെ സമ്മതിച്ചില്ല....' പെട്ടെന്നു് അവളുടെ ദേഹത്തിൽക്കൂടി ഒരു വിറ പാഞ്ഞു. അവൾ നടുങ്ങി. അയാളറിയാതെ പിന്നോട്ടു നീങ്ങി. 'അയ്യോ, അയ്യോ, ഗോപി! എന്താണിതു്! എന്തു ക്രൂരമായ നോട്ടം! അയ്യോ! ആ കണ്ണു്! ആ നോട്ടം! അതു മാററൂ. അയ്യോ അതു മാററൂ. ആ നോട്ടം!!'

'ദുഷ്ടേ'! അയാൾ പല്ലിറുമ്മിക്കൊണ്ടു ചാടി എഴുന്നേററു.

'അയ്യോ!'

ക്രൂരമായ അയാളുടെ നോട്ടം. ഗോപി തടാകത്തിലേക്കു തിരിച്ചു. കുറെ നേരം നിന്നു.

'ലീലേ, നീയൊരു ചപലയാണ്. നിന്നെ ഞാൻ സ്നേഹിച്ചിരുന്നു. പക്ഷേ ...'

"എന്നെ ഇപ്പോഴും സ്നേഹിക്കുന്നില്ലേ? നമുക്കൊരുമിച്ചു് ..". അവൾ അയാളുടെ നേക്കടുത്തു.

'ഛീ, ദുഷ്ടേ! ഒരു പുരുഷൻെറ ഹൃദയം തകർത്തു പോരെ നിനക്ക്. ഒരു യുവാവിനെ നീ സ്നേഹിച്ചു. അതു മറച്ചുവെച്ചു, പദവിയും പണവും മോഹിച്ചു നീ മറെറാരു യുവാവിനെ ഭത്താവായി വരിച്ചു. ഇനി ആ പുരുഷനെക്കൂടി....'

പെട്ടെന്നയാൾ നിർത്തി. കുറച്ചു നേരം നിശ്ശബ്ദമായിരുന്നു. അകാരണമായി അയാളുടെ സ്വരത്തിനു മൂർച്ച താഴുവാനും അയാളുടെ ശാന്തസ്വരത്തിൽ ഒരുവക നിന്ദ സ്ഫുരിക്കുവാനും തുടങ്ങി.

'ലീലേ, ഒരു സ്ത്രീക്കു് എത്ര പുരുഷന്മാരെ വഞ്ചിക്കണം സ്വർഗ്ഗം കിട്ടാൻ?'

'ഗോപി--'

'അതെ, ലീലേ--എത്ര പുരുഷന്മാരെ?'

'അയ്യോ, ഗോപി!'

'ലീലേ, നീ ഒരാളെ സ്നേഹിച്ചു. നിൻെറ സൗന്ദര്യത്തിനും പദവിക്കും കൊള്ളരുതാത്ത ആ സാധുവിനെ നീ ഉപേക്ഷിച്ചു. അയാളെ

സ്നേഹിക്കുന്നുണ്ടെന്ന വാസ്തവം നിന്നോടുതന്നെ സമ്മതിക്കുവാൻ നീ ലജ്ജിച്ചു. നിനക്കൊത്ത മറെറാരു പുരുഷനെ നീ സ്വീകരിച്ചു. നിങ്ങളുടെ ദാമ്പത്യച്ചങ്ങലയുടെ കണ്ണി മുറുക്കുവാൻ ഒരു കുട്ടിയും ആയി. ഇനിയാണു നിൻെറ ആത്മബോധം? കഷ്ടം, ലീലേ, നീ എന്നെ ഇന്നു സന്ധ്യയ്ക്കു ചെയ്യുതുപോലെ നിൻെറ പേരു വിളിച്ചതിനു ചവിട്ടുകയാണു ചെയ്യിരുന്നതെങ്കിൽ നിൻെറ ഈ സ്നേഹത്തേക്കാൾ ഞാൻ അതിനെ വിലവെയ്ക്കുമായിരുന്നു. ലീലേ, എൻെറ ലീല ഇല്ലാതായിരിക്കുന്നു അവൾ മാഞ്ഞു കഴിഞ്ഞു. നിനക്കിപ്പോൾ അവളുടെ സൌന്ദയ്യം മാത്രമേ ശേഷിച്ചിട്ടുള്ളു."

'ഗോപി...'

ആ യുവാവിനു തൻെറ സൗന്ദര്യത്തിലുള്ള മതിപ്പ് അയാളെ ഇളക്കുമെന്ന വിശ്വാസത്തോടുകൂടി, അവളുടെ സൗന്ദര്യത്തിൽ നിമിഷനേരംകൂടി അഹങ്കരിച്ചു, ലീല അയാളുടെ നേക്കട്ടെത്തു. അതോടുകൂടി അവളുടെ മുഖംപാട്ടു മാഞ്ഞ ദേഹം ആലംബമില്ലാതെ നിലം പതിച്ചു.

ലീലയ്ക്കു ബോധം വന്നപ്പോൾ അവൾ കിടപ്പറയുടെ വാതുക്കൽ കിടക്കുകയായിരുന്നു. ആരോ അടുത്തു് അവളെ സൂക്ഷിച്ചിരിക്കുന്നതായി അവൾക്കു തോന്നി. എഴുന്നേററു നോക്കിയപ്പോൾ അവിടം ശൂന്യമായിരുന്നു. അവൾ മെല്ലെ കിടപ്പുമുറിയിലേയ്ക്കു പ്രവേശിച്ചു. അവളുടെ ഭർത്താവു ശാന്തനായി സുഖനിദ്ര ചെയ്യുന്നുണ്ടായിരുന്നു. അടുത്തെവിടുന്നോ ഒരു മുറിയുടെ കവാടം വളരെ സൂക്ഷിച്ച്, ഒച്ചപ്പെടുത്താതെ ആരോ ബന്ധിക്കുന്നുണ്ടായിരുന്നു. ക്ഷീണിച്ചു, ലീല കിടക്കയിലേയ്ക്കു കമിഴ്ന്നു വീണു.

അവളുടെ മനസ്സ് ഒരു ചൂളപോലെ ചുട്ടുപഴുത്തിരുന്നു. ഹാ! ആ കഴിഞ്ഞുപോയ കാലങ്ങൾ! അതാ, ഔദ്ധത്യത്തോടുകൂടി അവൾ സകലരാലും മാനിക്കപ്പെട്ടു നടക്കുന്നു. ഒരു മൂലയ്ക്കതാ ഒരു യുവാവ് അവളെ മറഞ്ഞുനിന്നു നോക്കുന്നു. അവൾ അതു കാണുന്നുണ്ട്. പക്ഷേ, അതു നടിക്കാൻ അവളുടെ അഭിമാനം സമ്മതിക്കുന്നില്ല.

വീണ്ടും അതാ, മററു ചിത്രങ്ങൾ!

"എൻെറ വിവാഹം! ഹാ! കഷ്ടം!! എൻെറ വിധി! അല്ലെങ്കിൽ എന്തിനതിനെ ആക്ഷേപിക്കുന്നു. എനിക്കു പറയാമായിരുന്നില്ലേ വിവാഹം വേണ്ടെന്ന്. ഞാൻ മറെറാരാളെ.... മറെറാരാളെയോ? ആരെ?... ഗോപി...? ഹാ! ഗോപി! ഗോപി!

"അതാ എൻെറ ഭർത്താവ്. അതേ! എന്തു ഭയങ്കര നോട്ടം. ആവൂ! ഞാൻ ആ സകലം വിറക്കുന്നു. അദ്ദേഹമതാ ചിരിക്കാൻ തുടങ്ങുന്നു. എന്തു ഭയങ്കരമായ ചിരി! ഗോപി!! ഗോപി!! അയ്യോ! ആ ദൃഷ്ടിയേക്കാൾ ഭയങ്കരമായ ചിരി! ഗോപി! ഗോ...

"വീണ്ടും അതാ ഗോപി. എന്തു നിലാവുള്ള രാത്രി! അദ്ദേഹം അതാ എന്നെ വിളിക്കുന്നു. എത്ര മനോഹരമായിരിക്കുന്നു ഗോപിയുടെ

വിളി. ഞാനാകാലുകൾ പിടിക്കട്ടെ. ആവൂ! എന്തൊരാശ്വാസം... എന്ത്! അദ്ദേഹത്തിന്റെ മുഖം ഇത്ര പെട്ടെന്നു മാറിയോ? അയ്യോ എനിക്കു ഭയമാവുന്നു. ഗോപി, ആ മുഖം എന്തു ഭയങ്കരം! ആ നോട്ടം! അയ്യോ ഞാൻ നടുങ്ങുന്നു!! ഗോപി... ഹാ! അദ്ദേഹം പൊയ്ക്കഴിഞ്ഞു......

"വീണ്ടും അതാ, ആ പൈശാചികമായ ചിരി കേൾക്കുന്നു! അയ്യോ, എന്റെ ഭർത്താവതാ! എന്നെ രക്ഷിയ്ക്കണേ! രക്ഷിയ്ക്കണേ! ഗോപി!... ഗോ......"

"ലീലേ, ലീല സ്വപ്നം കാണുന്നുണ്ടോ?"

അവൾ ഞെട്ടി ഉണൎന്നു ഭർത്താവിന്റെ മുഖത്തേയ്ക്കു നോക്കി. അവളുടെ മുഖം വെണ്ടപ്പൂവുപോലെ വിളറിയിരുന്നു.

"ലീല, ദുഃസ്വപ്നം വല്ലതും കണ്ടിട്ടുണ്ടാവും, അല്ലേ? ആട്ടെ, വേഗം പോയി കുറെ തണുത്ത വെള്ളംകൊണ്ടു മുഖം കഴുകിവരൂ. എനിയ്ക്കു ചിലതു പറയാനുണ്ട്."

അവളുടെ ഹൃദയം ചാടി തൊണ്ടയിൽ വന്നിരുന്നതുപോലെ ലീലയ്ക്കു തോന്നി. ഭർത്താവിന്നു ചിലതു പറയാനുണ്ട്! അവൾ ഞെട്ടി. ദേഹമാസകലം കോരിത്തരിച്ചു. ഭർത്താവിനെ നേരിട്ടു നോക്കുവാൻ അവൾ ധൈര്യപ്പെട്ടില്ല. കഴിയുന്നത്ര അശ്രദ്ധ നടിച്ച് അവൾ അദ്ദേഹം ഇരിക്കുന്ന സ്ഥലത്തേയ്ക്കു നോക്കി. അവളുടെ ഭർത്താവിന്റെ മുഖത്തു ഒരൎത്ഥവുമില്ലാത്തതും എന്തൎത്ഥവും കല്പിക്കാവുന്നതുമായ ഒരു ശൂന്യത മാത്രമേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ഒരു കടലാസ്സുകഷണം തിരുപ്പിടിച്ചുകൊണ്ടിരിയ്ക്കയായിരുന്നു. അവൾ അവിടെനിന്നു വേഗം രക്ഷപ്പെട്ടു. പുറത്തുപോയി നിശ്ശബ്ദമായി കുറെ നേരം കരഞ്ഞതിനുശേഷം മുഖം കഴുകി, ഒരുവക സ്ഥൈര്യമവലംബിച്ചു മടങ്ങി. വഴിയ്ക്ക് അവളുടെ കുട്ടി, 'അമ്മ' എന്നു വിളിച്ച് അവളുടെ കാൽ മുട്ടിന്മേൽ പൊത്തിപ്പിടിച്ചു. അവനെ വാരി എടുത്ത് അവൾ നടന്നു. അവളുടെ ഭർത്താവ് അപ്പോഴും മുറിയിൽതന്നെ ഇരിക്കുന്നുണ്ടായിരുന്നു.

അവൾ അദ്ദേഹത്തിന്റെ മുഖത്തേയ്ക്കു നോക്കി. പെട്ടെന്നു തല താഴ്ത്തി, പ്രത്യക്ഷമായി ഒന്നു നടുങ്ങി. അവളുടെ ഭർത്താവ് അതു കണ്ട ഭാവംതന്നെ നടിച്ചില്ല.

'ലീലേ,' അദ്ദേഹത്തിന്റെ മുഖത്ത് വിരൂരമായ ഒരു നോട്ടമുണ്ടായിരുന്നു; "ലീലയ്ക്കിതിന്റെ അൎത്ഥം വല്ലതും അറിയാമോ" എന്നു പറഞ്ഞു കയ്യിലുണ്ടായിരുന്ന കടലാസ്സു കഷ്ണം അവൾക്കു നീട്ടി. അവളതെടുത്തു വായിച്ചു—

"അവിടുന്നേ,

"ഞാൻ പോകുന്നു. എനിക്കു ജോലി പിടിക്കുന്നില്ല. ഞാൻ വിശ്വാസവഞ്ചകനാണെന്നു മാത്രം അവിടുന്നു ധരിക്കരുതെന്നു അപേക്ഷിക്കുന്നു.

എന്ന്, ഗോപി."

വളരെ കഴിഞ്ഞിട്ടും അവൾ എഴുത്തു വായിച്ചു കഴിഞ്ഞ ഭാവം നടിച്ചില്ല. അവളുടെ മുഖം അപ്പോഴും അതിലേക്കു തന്നെ കുനിച്ചുകൊണ്ടിരുന്നു. പെട്ടെന്നു് അവളുടെ ഒക്കത്തിരുന്നിരുന്ന കുട്ടി ആ കടലാസ്സു കഷ്ണം തട്ടിപ്പറിച്ചു. അവൾ മുഖം ഉയർത്തി.

'ലീലേ, ഈ എഴുത്തിന്നുള്ള കാരണം വല്ലതും ലീലയ്ക്കു് ഊഹിച്ചു നോക്കാൻ സാധിക്കുന്നുണ്ടോ?'

ഞാനാണു കാരണം! എന്നു മറുപടി പറഞ്ഞു് അവൾ ജനലിന്നുള്ളിൽക്കൂടി പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു.

'ഞാൻ ഊഹിച്ചു. അപ്പോൾ, നിങ്ങൾ തമ്മിൽ സ്നേഹിച്ചിരുന്നു അല്ലേ?' അദ്ദേഹം അശ്രദ്ധ നടിച്ചു പറഞ്ഞു.

"അതേ"

"എന്നിട്ടു്"

അവൾ ഉത്തരം പറഞ്ഞില്ല

"നീ അയാളെ ചതിച്ചു. അയാളുടെ ജീവിതം നശിപ്പിച്ചു, അല്ലേ?"

അവൾ മിണ്ടിയില്ല.

"ലീലേ, ഒരു സ്ത്രീ എന്നേയും സ്നേഹിച്ചു വഞ്ചിച്ചു. പക്ഷെ, ഞാൻ ഗോപിയെ പോലെ വിഡ്ഢിയല്ലെന്നു തോന്നുന്നു. അവൾക്കെന്നെ നശിപ്പിക്കാൻ കഴിഞ്ഞില്ല."

അവളുടെ സ്ത്രീത്വത്തിന്നു് ക്ഷതം പററിയതുപോലെ തോന്നി. പുറത്തുനിന്നു കണ്ണെടുത്തു് അവൾ അദ്ദേഹത്തെ ക്രൂരമായി നോക്കി. ഉടനെ കണ്ണിൽ വെള്ളം നിറഞ്ഞു; മുഖം തിരിച്ചു.

'ലീലേ,' അദ്ദേഹത്തിന്റെ സ്വരത്തിൽ നിർവ്യാജമായ ഒരു വക വ്യസനം സ്ഫുരിച്ചിരുന്നു, 'നിന്നേപ്പോലുള്ളവക്കു് ആത്മബോധം എന്നൊന്നു് ഇല്ലായിരുന്നെങ്കിൽ അതെത്ര നന്നായിരുന്നു! വേണ്ട സമയത്തു് നിങ്ങൾക്കതുണ്ടാവില്ല. എന്നിട്ടു്, ഏററവും അപകടം പിടിച്ച വേണ്ടാത്ത സമയത്താണു് അതിന്റെ ആവിർഭാവം. അതു വരുത്തിക്കൂട്ടുന്ന ഉപദ്രവങ്ങളോ? ലീലേ, അതുണ്ടായി സാധുക്കളായ മനുഷ്യരെ ഉപദ്രവിക്കുന്നതിലും നല്ലതു് അതുണ്ടാവാതിരിക്കുകയല്ലേ?'

ചെകിട്ടത്തടി കിട്ടിയതുപോലെ അവൾക്കു വേദന തോന്നി. അവളുടെ കണ്ണിൽനിന്നു ധാരധാരമായി കണ്ണുനീരൊഴുകിത്തുടങ്ങി. അവളുടെ ഒക്കത്തിരുന്നിരുന്ന കുട്ടി, അമ്മയെ സമാധാനിപ്പിക്കാനെന്ന മട്ടിൽ, ആ കടലാസ്സുകഷ്ണം അവളുടെ മേലിട്ടുകൊടുത്തു. എന്നിട്ടും അവൾ തേങ്ങിക്കരയുന്നതു കണ്ടപ്പോൾ എന്തോ പന്തികേടുണ്ടെന്നറിഞ്ഞ ഭാവത്തിൽ അവന്റെ അച്ഛന്റേയും അമ്മയുടേയും മുഖം മാറി മാറി നോക്കിക്കൊണ്ടിരുന്നു.

# ചണ്ഡിദാസ്.

രംഗം ൧. ഒരു ക്ഷേത്രത്തിൻെറ പ്രവേശനഭാഗം.

[ചണ്ഡിദാസ് മന്ത്രോച്ചാരണങ്ങളോടുകൂടി, ശ്രീകോവിലിന്നകത്തു പൂജ നടത്തുന്നു. മണിനിനാദം മുഴങ്ങുന്നു. പുറമെ, രാമി, ചണ്ഡിദാസ ൻെറ വിഗ്രഹത്തെ നോക്കി, ഒരാനന്ദലഹരിയിൽ ലയിച്ചുകൊണ്ടു നില്ക്കുന്നു.]

രാമി: (തന്നെത്താൻ) "പ്രഭോ! അങ്ങ് ആ ബിംബത്തെ ആരാധിക്കുന്നു; ഞാൻ അങ്ങയേയും."

(മണിനിനാദം നിലയ്ക്കുന്നു: ചണ്ഡിദാസ് കയ്യിൽ ജലപാത്ര വുമായി പുറത്തേക്കു ആഗതനാകുന്നു. ആനന്ദലഹരിയിൽനിന്നും വിമു ക്തയാകുന്ന രാമി, അദ്ദേഹത്തെ നമിക്കുന്നു,)

ചണ്ഡിദാസ്—"രാമീ—എല്ലാം ശരിതന്നെയല്ലേ ?"

രാമി: "അതെ—പ്രഭോ"

ചണ്ഡിദാസ് മന്ദസ്മിതം തൂകിക്കൊണ്ടു പോകുന്നു. ആ വിഗ്ര ഹം കണ്ണിൽനിന്ന് മറയുന്നതുവരെ രാമി, അതിനെ നോക്കിക്കൊണ്ടിരി ക്കുന്നു.

രാമി:—'ദൈവമേ, അദ്ദേഹം അത്ര ഗുണവാൻ, അത്ര മോഹനൻ; എ- ന്നാൽ, എനിക്ക് അദ്ദേഹമില്ല; ഒരിക്കലും എനിക്കദ്ദേഹത്തെ ലഭി ക്കുന്നതല്ല!'

(ഒരു ചൂലെടുത്തു അവൾ ക്ഷേത്രപരിസരങ്ങളെ അടിച്ചുവാരുന്നു; ഗോപിനാഥൻ, സരളയോടുകൂടി ആഗതനാകുന്നു.)

ഗാപിനാഥൻ:—"സരള—അനാഥയായിക്കിടക്കുന്ന ഈ അനാഘ്രാതപു ഷ്പമേതാണ്?

ഗോപിനാഥൻ:—"അലക്കുകാരിയോ ?

സരള:—അതെ-ജാതിയിൽ അലക്കുകാരിതന്നെ.'

ഗോപിനാഥൻ:—'പക്ഷെ, സൌന്ദര്യസമ്പത്തിൽ ശ്രീലക്ഷ്മിദേവി!" "സർജ്ജു—അവളുടെ പേർ?"

സർജ്ജു:—"രാമി- അവളെ രാമിയെന്നാണ് വിളിക്കുന്നത്."

ഗോപിനാഥൻ:—'രാമി-ആ-രാമി! അവൾ എൻേറതാണ്. എനിക്കാ യിട്ടുള്ളതാണ്. അവൾ അലക്കുകാരിയാകുവാൻ ജനിച്ചതല്ല—പക്ഷെ ഒരു സെമിന്ദാരിണി-ഒരു രാജ്ഞിതന്നെയാകേണ്ടവളാണ്''

(ഗോപിനാഥൻ, സരളയോടൊന്നിച്ച് അവളുടെ അടുക്കെ പോ കുന്നു)

സർജ്ജു:—'രാമീ-സെമിന്ദാർ ഇതാ നിന്നെക്കാണുവാൻ വന്നിരിക്കുന്നു."

രാമി (നമ്രശിരസ്കയായി) : "ഇതാ ഞാൻ അങ്ങയെ നമിക്കുന്നു."
ഗോപിനാഥൻ: "രമണി-രാമി-നീ നമിക്കേണ്ട."

[രാമി, ഗോപിനാഥൻെറ മുഖത്തേക്കു നോക്കുന്നു. അയാൾ മുന്നോട്ടു നടന്നു, അവളുടെ ഹസ്തങ്ങളെ ഗ്രഹിക്കുവാൻ ശ്രമിക്കുന്നു. അവൾ പിൻവാങ്ങുന്നു.]

രാമി: "ഈ സാധുവോട് എന്തിനാണീയക്രമം?"

[ഗോപിനാഥൻ ചിരിച്ചുകൊണ്ട് ക്ഷേത്രത്തിലേയ്ക്ക് പോകുന്നു.]

രംഗം 2. ക്ഷേത്രത്തിന്നരികെ ഒരു നദീതീരം.

[രാമി, നദീതീരത്തിൽ വസ്ത്രങ്ങൾ അലക്കുന്നു. അവളുടെ നയനങ്ങൾ അശ്രുപൂർണ്ണമായിരിക്കുന്നു. ചണ്ഡിദാസ് പൂജാപാത്രവുമായി ക്ഷേത്രത്തിലേക്കു പോകുന്നു.]

ചണ്ഡിദാസ്: 'രാമി!'
രാമി: 'പ്രഭോ!'
ചണ്ഡിദാസ്: 'രാമി-ഈ അശ്രുപ്രവാഹം എന്തിനാണ്?'
രാമി: 'പ്രഭോ, അങ്ങക്കറിയാമല്ലോ, അങ്ങേക്ക് എൻെറ ഹൃദയത്തെ അറിയാം. അതു നിറഞ്ഞിരിക്കുന്നു. അതു കവിഞ്ഞൊഴുകുകയാണ്.'
ചണ്ഡിദാസ്: 'രാമി, അതിത്ര ചെറിയതാണോ? ഇത്ര വേഗത്തിൽ അതു കവിഞ്ഞൊഴുകുന്നുവോ?'
രാമി: 'പ്രഭോ, അതു വലിയതാണ്. എന്നിട്ടും അതു നിറഞ്ഞൊഴുകുന്നു. അതിൻെറ കാരണം—കാരണം അങ്ങേയ്ക്കറിയാമല്ലോ.
ചണ്ഡിദാസ്: (ദീർഘമായി നിശ്വസിച്ചുകൊണ്ട്) 'രാമി, എനിക്കറിയാം. എൻെറ ഹൃദയത്തിലെ ഓരോ രക്തബിന്ദുവിനും അറിയാം.
രാമി— 'നാം ഒരേ മാതിരി ജനിച്ചിരുന്നുവെങ്കിൽ- ഹാ നാമെത്ര ഭാഗ്യവാന്മാരാകുമായിരുന്നു.'

[രാമി മൌനമവലംബിക്കുന്നു.]

ചണ്ഡിദാസ്: 'രാമി- നീ എൻെറതായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ ലോകത്തിൽ നാം മാത്രമായിരുന്നുവെങ്കിൽ എന്ന് ഞാനാശിക്കുന്നു.'

[ഒരു ജലപാത്രവുമായി കുസും പ്രവേശിക്കുന്നു.]

രാമി: 'ഇതാ- ഭേജി വരുന്നുണ്ട്. പ്രഭോ അങ്ങ് പൊയ്ക്കൊൾക.'

[ചണ്ഡിദാസ് പോകുന്നു.]

കുസും: "രാമി- ഇതെന്തുധിക്കാരം? അത് ക്ഷേത്രാചാര്യനല്ലേ?"
രാമി: 'അതേ ഭേജി അദ്ദേഹം, അത്ര ഗുണവാൻ, അത്ര ദയാലു- ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു, ആരാധിക്കുന്നു......'
കുസും: ഛീ! മിണ്ടാതിരിക്ക്. നിനക്ക്- ഒരു അലക്കുകാരി പെണ്ണിന്ന് അദ്ദേഹം ആരാധ്യൻ! ഇതാരും കേൾക്കേണ്ട- ഇത് അദ്ദേഹത്തിൻെറ നാശഹേതുവാണ്. നിൻെറ മരണാസ്ത്രവും'

[കുസും, രാമിയെ വലിച്ചിഴച്ചുകൊണ്ടുപോകുന്നു.]

രംഗം 3. ഗോപിനാഥന്റെ കൊട്ടാരത്തിൽ ഒരു മുറി.

(അഴിഞ്ഞ കേശഭാരത്തോടും, ഉലഞ്ഞ വസ്ത്രങ്ങളോടുംകൂടി രാമി, ഒരു മഞ്ചത്തിന്മേൽ കിടക്കുന്നു. ഗോപിനാഥൻ പ്രവേശിക്കുന്നു.)

രാമി:— "ദൈവമേ! എന്നെ രക്ഷിക്കണമേ"

ഗോപിനാഥൻ:— 'രാമീ - സുന്ദരി! നീ ആരെയാണ് വിളിക്കുന്നത്? എന്നേയോ? ഇതാ വത്ര - എന്റെ പാണികൾ—'

രാമി:—"ച്ഛീ-മാറു-എന്നെ തൊടരുത്!"

[ഗോപിനാഥൻ ബലാല്ക്കാരത്തിന്നു കോപ്പുകൂട്ടുന്നു. ആ സമയം അവിടെ കല്യാണി ആഗതയാകുന്നു. ഗോപിനാഥൻ, ലജ്ജിച്ച്, സ്ഥലം വിടുന്നു.]

കല്യാണി:— 'സോദരി-എണീക്കു-നമുക്കു പോകാം-ഇത് നിണക്കു ചേർന്നസ്ഥലമല്ല'

[രാമിയും കല്യാണിയും പോകുന്നു.]

രംഗം. 4. ഒരു തെരുവ്

[ഒരു സംഘം ബ്രാഹ്മണർ സംസാരിക്കുന്നു.]

ഒന്നാംബ്രാഹ്മണൻ: 'അയാളെ ജാതിഭ്രഷ്ടനാക്കണം'

രണ്ടാമൻ: ,, 'അതെ. തീർച്ചയായും'

മൂന്നാമൻ: ,, 'അതുവേണ്ട. അയാൾ അവളെ വിവാഹം ചെയ്തിട്ടില്ല. ഒരു പ്രായശ്ചിത്തം മതി'

[ചണ്ഡിദാസ് പ്രവേശിക്കുന്നു]

ചണ്ഡിദാസ്: 'സ്നേഹിതരേ! ഇതെന്താണ് സംഗതി!"

ഒന്നാംബ്രാഹ്മണൻ: 'സംഗതി-നിണക്കറികയില്ല! നീ ഒരു ഭ്രഷ്ടനാണ്. നീ അതിന്ന് പ്രായശ്ചിത്തം ചെയ്യണം'

ചണ്ഡിദാസ്:— 'പ്രായശ്ചിത്തമോ—എന്തിന്? എനിക്കു മനസ്സിലാകുന്നില്ല.'

രണ്ടാമൻ:— 'മനസ്സിലാകുന്നില്ല അല്ലേ? നീ ആ അലക്കുകാരിപ്പെണ്ണുമായുള്ള സംസർഗ്ഗത്താൽ, ഭ്രഷ്ടനായിരിക്കുന്നു. ഗ്രാമം മുഴുവൻ അതറിയുന്നുണ്ട്. സെമിന്ദാർ നിന്നെ ഭ്രഷ്ടനാക്കുവാനും കല്പിച്ചിട്ടുണ്ട്.'

ചണ്ഡിദാസ്:— സ്നേഹം ഇത്ര പാപപങ്കിലമോ? അവൾ എത്ര ഗുണവതിയാണ്. അവളെ സ്നേഹിക്കുന്നത് ഇത്ര കുററകരമോ?'

എല്ലാ ബ്രാഹ്മണരും:—'അസംബന്ധം പുലമ്പാതിരിക്കു. പ്രായശ്ചിത്തത്തിന്നു ഒരുങ്ങിക്കൊള്ളു.'

രംഗം 5. ക്ഷേത്രത്തിന്നു മുൻവശം കഴിഞ്ഞ പ്രദേശം.

[നിർബ്ബന്ധമായ പ്രായശ്ചിത്തത്തിന്നായി ചണ്ഡിദാസ് ഇരിക്കുന്നു. അദ്ദേഹത്തിന്നു മുമ്പാകെ ധൂപദീപപുഷ്പാദികൾ സജ്ജീകൃതമായിരിക്കുന്നു. ഗോപിനാഥൻ, സർജ്ജുവോടും, ഭടന്മാരോടുംകൂടി അല്പം അകലെ നിൽക്കുന്നു. മററൊരു വശത്തുനിന്നു രാമി പ്രവേശിക്കുന്നു.]

രാമി:—'ശരിതന്നേയോ? അദ്ദേഹം പ്രായശ്ചിത്തം ചെയ്യുന്നുണ്ടോ? പ്രായശ്ചിത്തം! പശ്ചാത്താപം! അദ്ദേഹം എന്നെ സ്നേഹിച്ചതിന്നു പശ്ചാത്തപിയ്ക്കുന്നുണ്ടോ? ഇല്ല. ഒരിക്കലും ഇല്ല.'

(രാമി മുന്നോട്ടു പോകുന്നു. ഭടന്മാർ തടയുന്നു.)

ഭടന്മാർ:—'നില്ക്കു്. നിണക്കു അങ്ങോട്ടു പോകുവാൻ പാടില്ല. അതു അദ്ദേഹത്തിന്റെ കല്പനയാണു്.'

രാമി:—(കോപാവേശത്തോടുകൂടി അവരെ നോക്കിക്കൊണ്ടു) 'മിണ്ടാതിരിക്കു. ഞാൻ പോകും! പോകും! വഴി മാറുവിൻ!'

[ഭടന്മാർ വഴി മാറുന്നു രാമി മുന്നോട്ടു പോകുന്നു. ഗോപിനാഥൻ തടയുന്നു.]

ഗോപിനാഥൻ:—'നില്ക്കു്! നില്ക്കു്! ഇതു ഞാനാണു്. ഇപ്പോൾ നിന്റെ മാഗ്ഗം മുടക്കുന്നതു്.'

രാമി:—(ഗൽഗദസ്വരത്തിൽ) 'എന്തു്! എന്തിനാണീ തടസ്സം?'

ഗോപിനാഥൻ—'നീ ഒരു അലക്കുകാരിപ്പെണ്ണു്. ഒരു നീചജാതി. നിണക്കു് അദ്ദേഹത്തോടടുക്കുവാൻ പാടില്ല. അദ്ദേഹം പ്രായശ്ചിത്തം ചെയ്യുയാണു്.'

രാമി—(ഉയന്ന സ്വരത്തിൽ) 'പ്രായശ്ചിത്തം? നിങ്ങൾ അതിനെ പ്രായശ്ചിത്തമെന്നു വിളിക്കുന്നു. നിങ്ങളുടെ മനസ്സിലെ അന്ധകാരത്തെ, നിങ്ങളുടെ ഹൃദയത്തിലെ കൊടും ക്രൂരതയെ! പ്രായശ്ചിത്തം! അദ്ദേഹം എന്നെ സ്നേഹിച്ചതുകൊണ്ടു്—ഞാൻ നിങ്ങൾക്കടിമപ്പെടാത്തതുകൊണ്ടു്—'

ഗോപിനാഥൻ—(കോപത്തോടുകൂടി) നിശ്ശബ്ദം! പോ- പുറത്തുപോ-'

രാമി—(ഗോപിനാഥന്റെ കൈകളെ തട്ടി നീക്കിക്കൊണ്ടു്- കോപത്താൽ വിറയ്ക്കുന്ന ദേഹത്തോടുകൂടി) ഇല്ല. എന്റെ എല്ലുകൾ തകരട്ടെ- എന്റെ ദേഹം രക്തപങ്കിലമാകട്ടെ- എന്നാലും, അദ്ദേഹം അതു ചെയ്വാൻ പാടുള്ളതല്ല. അതേ- എന്നെ സ്നേഹിച്ചതുകൊണ്ടു മാത്രം, അദ്ദേഹം അതു ചെയ്യുയില്ല. ഇല്ല- ഞാൻ ജീവനോടുകൂടിയിരിക്കുമ്പോൾ......നിങ്ങളുടെ ജാതി-നിങ്ങളുടെ സമുദായം- നിങ്ങളുടെ ആചാരങ്ങൾ, എല്ലാം അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന നീചവസ്തുക്കൾ- അവയെന്നെ തടയുകയില്ല. ഇല്ല...... ഒരിക്കലും ഇല്ല!'

[രാമി, ഗോപിനാഥനെ തള്ളിനീക്കി, ചണ്ഡിദാസന്റെ മുമ്പാകെയെത്തുന്നു. ചണ്ഡിദാസ് എഴുന്നേററു നില്ക്കുന്നു. ഇരുവരും മുഖത്തോടുമുഖം നോക്കുന്നു. അവരുടെ നയനങ്ങൾ ബാഷ്പക്ലിന്നങ്ങളായിച്ചമയുന്നു.]

രാമി—"പ്രഭോ- എന്റെ ഹൃദയനാഥാ"

ചണ്ഡിദാസ്—"രാമീ— എന്റെ സർവ്വസ്വമേ!"

[അവർ കൈകോത്തു പിടിച്ചുകൊണ്ടുപോകുന്നു.]

# ശാകുന്തളത്തിലെ
# ആദ്ധ്യാത്മികരഹസ്യം.

—ഏ. ഹരിഹരൻ.

കവിസാൎവ്വഭൌമനായ കാളിദാസരുടെ ഉത്തമകൃതിയാണല്ലോ അഭിജ്ഞാനശാകുന്തളം. മുനിപുംഗവനായ കണ്വൻെറ വളൎത്തുപുത്രിയായ ശകുന്തളയിൽ ദുഷ്യന്തമഹാരാജാവു് അനുരക്തനാവുകയും അവളെ ഗാന്ധൎവ്വവിധിപ്രകാരം വേൾക്കുകയും ചെയ്യുന്നു. പിന്നീടു കോപമൂൎത്തിയായ ദുൎവ്വാസസ്സുമഹൎഷിയുടെ ശാപഫലമായി ദുഷ്യന്തൻ ആപന്നസത്വയായ ശകുന്തളയെ വിസ്മരിക്കുന്നു. അടയാളമായി കൊടുത്ത അംഗുലീയകം കിട്ടിയതോടുകൂടി പുനഃസ്മരണം വന്നു വിരഹസന്താപത്തിൽ നിമഗ്നനായ മഹാരാജാവു് ഒരു ദിവസം യാദൃച്ഛികമായി മാരീചാശ്രമത്തിൽ ചക്രവൎത്തിലക്ഷണങ്ങൾ തികഞ്ഞ ഒരു ബാലനെ കാണുന്നു. അവയവസാദൃശ്യംകൊണ്ടു് ആത്മപുത്രൻതന്നെ എന്നു ദുഷ്യന്തൻ ഊഹിക്കുന്നു; ഏകവേണീധരയായ ശകുന്തളയുടെ സമാഗമം സംഭവിക്കുകയും ചെയ്യുന്നു. ഇതാണു കഥാസാരം. എന്നാൽ ഈ ഉത്തമഗ്രന്ഥത്തിൽ ലയിച്ചുകിടക്കുന്ന തത്വങ്ങൾ വിലമതിക്കാത്തവയാണു്.

തുച്ഛമായ ബാഹ്യസൌന്ദൎയ്യത്താൽ ഉന്മത്തനായ രാജാവു സംഭോഗസുഖത്തിനു മാത്രമായി ശകുന്തളയെ പരിഗ്രഹിക്കുന്നു. "ഇതല്ലാ യഥാൎത്ഥസുഖം" എന്നു പഠിപ്പിക്കുവാനായിരിക്കാം മഹൎഷിവൎയ്യൻ ശകുന്തളയെ ശപിച്ചതു്. മുനികന്യകയുമായുള്ള സകല ഏൎപ്പാടും വിസ്മരിച്ചു കൊട്ടാരത്തിൽ വന്നിരിക്കുന്ന പൂൎണ്ണഗൎഭിണിയായ ശകുന്തളയെ രാജാവു നിരസിക്കുന്നു. ആകസ്മികമായി വിസ്മൃതി വിരമിക്കുകയും ദുഷ്യന്തമഹാരാജാവു വിരഹസന്താപത്തിൽ മുങ്ങുകയും ചെയ്യുന്നു. പശ്ചാത്താപമാകുന്ന ഉലയിലിട്ടു മലിനമായ പ്രണയത്തെ ഇങ്ങിനെ സംസ്കരിക്കുന്നു; വിഷയാസക്തിയെ തൃപ്തിപ്പെടുത്തുകയല്ലാ ദാമ്പത്യജീവിതത്തിലെ ദിവ്യകൎമ്മമെന്നു രാജാവു മനസ്സിലാക്കുന്നു; തൻെറ പ്രാണപ്രിയയായ ശകുന്തളയെ കാണുവാനുള്ള ആശ ശതഗുണീഭവിക്കുന്നു. ഇതോടുകൂടിത്തന്നെ ശകുന്തളാഹീനമായ തൻെറ ജീവിതം നിരൎത്ഥകമെന്നും രാജാവിനു തോന്നുന്നു. രാജധാനിയിൽ പ്രജകളാരും

വസന്തോത്സവം കൊണ്ടാടരുതെന്നാണു രാജകല്പന; അദ്ദേഹത്തിൻെറ മനസ്സിന്നൊരിക്കലും ശാന്തിയില്ല; സംഭാഷണത്തിൽ സ്ഖലിതങ്ങൾ സംഭവിക്കുന്നു; പ്രകൃതി ശൂന്യമായി പരിണമിക്കുന്നു. എന്തിനേറെ—കണ്വാശ്രമത്തിൽ തോട്ടം നനച്ചുകൊണ്ടിരുന്ന നായികയുടെ കാമുകനായി നാം കണ്ട ദുഷ്യന്തനും, ഇന്നു തൻെറ രാജധാനിയിൽ സദാ വിചാരവീചിയിൽക്കിടന്നു കുഴയുന്നവനും ശോകസാഗരത്തിൽ നിമഗ്നനുമായ ദുഷ്യന്തനുമായി അജഗജാന്തരമുണ്ട്. ഇപ്രകാരം ദുഃഖമയമായ ദിവസം കഴിച്ചുകൂട്ടുമ്പോഴാണു ദുഷ്യന്തൻ ഇന്ദ്രനെ സഹായിക്കുവാനായി സ്വർഗ്ഗത്തിലേയ്ക്കു പോകുന്നതു്. അവതരണസമയത്താണു മാരീചാശ്രമദർശനം. മൃഗയാതല്പരനായി രഥത്തിൽ ആശ്രമത്തിലെ ഒരു ഹേമമൃഗത്തെ പിൻതുടൎന്നുകൊണ്ടിരുന്ന ദുഷ്യന്തനും, ഇന്നു ദേവന്മാൎക്കു സഹായം നൽകി ഇന്ദ്രരഥത്തിൽ മാരീചാശ്രമപരിസരത്തിൽ അവതരണം ചെയ്യുന്ന ദുഷ്യന്തനുമായി എന്തൊരുവ്യത്യാസം. ദേവകാൎയ്യം അനുഷ്ഠിച്ചതിനുശേഷം ദിവ്യനായ മാരീചൻെറ ആശ്രമദർശനത്തോടുകൂടി മഹാരാജാവിൻെറ മനസ്സിൽനിന്നു കല്മഷം മാഞ്ഞുപോവുകയും, ഈശ്വരചിന്ത, സദാചാരനിഷ്ഠ, സൎവ്വപ്രാണികളിലും സ്നേഹം മുതലായ സൽഗുണങ്ങൾ അതിൻെറ സ്ഥാനം കൈക്കലാക്കുകയും ചെയ്യുന്നു. ആശ്രമപരിസരങ്ങളിൽ സ്വൈരം സഞ്ചരിച്ചുകൊണ്ടിരുന്ന വന്യമൃഗങ്ങളെ സ്വാധീനമാക്കി 'സൎവ്വദമനൻ' എന്ന പേർ സിദ്ധിച്ചവനും, കോമളഗാത്രനും, ചക്രവൎത്തിലക്ഷണങ്ങൾ സൎവ്വവും തികഞ്ഞവനുമായ ദുഷ്യന്തനന്ദനൻ സിംഹക്കുട്ടിയോടു പല്ലെണ്ണുവാനായി വായ് തുറക്കുവാൻ കല്പിക്കുന്ന അവസരത്തിലാണു രാജാവു് ആ കുമാരനെ—തൻെറ പുത്രനെ—കാണുന്നതു്. അദ്ദേഹത്തിൻെറ മനസ്സിൽ പലപല വികാരങ്ങൾ പ്രശ്നപടങ്ങളെപ്പോലെ ഉദിക്കുവാനും തൽക്ഷണം അസ്തമിക്കുവാനും തുടങ്ങുന്നു. ക്ഷത്രിയന്മാരിൽ മാത്രം കാണുന്ന ശൌൎയ്യമുള്ള ഈ കുമാരനാരായിരിക്കും?—ക്ഷത്രിയകുമാരനാണെങ്കിൽ ആശ്രമത്തിൽ വളൎത്തിവരുവാനുള്ള കാരണമെന്തു്? ആകാരസാദൃശ്യംകൊണ്ടു് എൻെറ പുത്രനാണെന്നു തോന്നുന്നു—അവയവസാദൃശ്യംകൊണ്ടു മാത്രം അങ്ങിനെ നിശ്ചയിക്കാമോ? എന്നിങ്ങിനെയുള്ള പ്രശ്നങ്ങളെ അടുത്ത അവസരത്തിൽ തന്നെ അടിസ്ഥാനരഹിതങ്ങളാണെന്നു തീരുമാനിക്കുന്ന രാജാവിനു്, "പുത്രനെ മടിയിലിരുത്തി ലാളിച്ചു് ഉടുത്തവസ്ത്രത്തെ പൊടി പുരണ്ടതാക്കുവാനുള്ള ഭാഗ്യം സുകൃതികൾക്കല്ലാതെ അത്ര സുപ്രാപ്യമല്ലെന്നു" തോന്നുന്നു. ഇതിൽപരം ഒരു വ്യക്തി പശ്ചാത്തപിക്കാമോ?

ശകുന്തളയുടെ സ്ഥിതിയെന്തെന്നു് ആലോചിയ്ക്കാം. ഭർത്താവിനാൽ നിരസിയ്ക്കപ്പെട്ട ശകുന്തളയെ അപ്സരസ്സായ മേനക വന്നു് എടുത്തുകൊണ്ടു പോകുന്നു. ആ വീരപത്നി ചക്രവർത്തിലക്ഷണം തികഞ്ഞ ഒരു സുകുമാരകുമാരനെ പ്രസവിയ്ക്കുന്നു. ഈ രാജകുമാരനെ ആ സാധ്വീമണി മാരീചാശ്രമത്തിൽ വളർത്തിക്കൊണ്ടുവരുന്നു. ആശ്രമജീവിതം ശകുന്തളയേയും സംസ്കരിയ്ക്കുമല്ലോ. വിഷയങ്ങളിൽ അനാസക്തയും, ഈശ്വരധ്യാനത്തിൽ സദാ വ്യാപൃതയും, പുത്രലാഭത്താൽ ചാരിതാർത്ഥയുമായ ശകുന്തള ആ പുത്രനുവേണ്ടിത്തന്നെ ജീവനെ സന്ധാരണം ചെയ്യുന്നു.

ഇങ്ങിനെ മലിനവസ്ത്രം കൈക്കൊണ്ടവളും ഏകവേണീധരയുമായ ശകുന്തളയേയാണു ദുഷ്യന്തൻ ആശ്രമത്തിൽ കാണുന്നതു്. ഇരുഭാഗത്തും പശ്ചാത്താപം, ക്ഷമാപണം, സന്താപം, സന്തോഷം— ഇവയോടുകൂടി സംഗമിച്ച ആ ദമ്പതിമാരുടെ ആദർശത്തെപ്പററി, ഭാവിസൗഖ്യത്തെപ്പററി, ജീവിതരീതിയെപ്പററി എന്തു പറയട്ടെ—

അതെ, കാളിദാസർ നമ്മെ പഠിപ്പിയ്ക്കുന്ന പാഠം ഇതുതന്നെയാണു്: കേവലം സൌന്ദര്യത്തിലല്ല ദിവ്യമായ സ്നേഹം പരിപൂതമായ പരമാത്മാക്കളിലാണു്. എന്നാൽ സകല വ്യക്തികൾക്കും ഈ ശുദ്ധമായ— ശാശ്വതമായ—ദിവ്യമായ—മരണാനന്തരവും നിലകൊള്ളുന്ന—സ്നേഹത്തെ സേവിയ്ക്കുവാൻ സാധിയ്ക്കുമോ? ഇല്ല. പ്രായേണ മനുഷ്യസമുദായം ബാഹ്യസൌന്ദര്യത്തെയാണു് ആരാധിയ്ക്കുന്നതു്. വസ്തുസ്ഥിതി ഇതാണെങ്കിൽ ആ ദിവ്യസ്നേഹത്തെ കൈക്കലാക്കുവാൻ പ്രയാസമല്ലേ? അല്ല. സദാചാരനിഷ്ഠ, ആത്മസംയമനം, ഈശ്വരവിചാരം മുതലായ ഉത്തമഗുണങ്ങളുള്ളവൎക്കു് ഇതു ക്ഷിപ്രസാദ്ധ്യമാണു്. ഈ ഗുണങ്ങൾ എല്ലാവരിലും ഉണ്ടാകുന്നതാണോ? അല്ല. അവർക്കെന്തൊന്നാണു ഗതി? എന്തിനാണു നാം വാനപ്രസ്ഥാശ്രമം സ്വീകരിയ്ക്കണമെന്നു മുനിമാർ പറയുന്നതു്? യൌവനദശയെ നാം വിഷയസുഖത്തിനുവേണ്ടി വിനിയോഗിയ്ക്കുന്നു. നാം ഉന്മത്തരാകുന്നു; മദാന്ധരാകുന്നു; പാപികളാകുന്നു. എന്തിനുവേണ്ടി? സുഖത്തിനുവേണ്ടി. എന്തുസുഖം—ക്ഷണഭംഗുരമായ, നീചമായ സുഖം. യൌവനമിങ്ങനെ പാഞ്ഞുപോകുന്നു. മനുഷ്യൻ മനസ്സിലാക്കുന്നു അവനു മനശ്ശാന്തിയില്ലെന്നു്. അവനറിയാം അവനൊരു കുററക്കാരനാണെന്നു്. എന്തു ഗതി!

വാനപ്രസ്ഥം! മലഞ്ചെരിവുകളിൽ പർണ്ണശാല പണിതു്, കന്ദമൂലഫലാദികളാൽ മിതഭക്ഷണം കഴിച്ചു സച്ചിദാനന്ദസ്വരൂപത്തെ ധ്യാനിക്കുക. സകല ആസക്തികളും പമ്പ കടക്കും. നാലുഭാഗത്തും കുററിക്കാടും, മൈതാനവും, ചോലയും, പക്ഷിവൃന്ദങ്ങളും. പ്രകൃതി മന്ദഹാസം പൊഴിക്കുന്നു. എല്ലായിടത്തും സർവ്വവ്യാപിയായ ഈശ്വരനെ നാം കാണുന്നു. ഇപ്രകാരം മലിനമായിത്തീർന്ന നമ്മുടെ ആത്മാവു് പരിപൂതമായി പ്രശോഭിക്കുന്നു! നാം നിത്യസുഖം അനുഭവിക്കുന്നു!! ദിവ്യമായ മനശ്ശാന്തിയെ ഭജിക്കുന്നു!!

വാനപ്രസ്ഥം മാത്രമാണു നിത്യശാന്തി ലഭിക്കുവാനുള്ള ഏക മാർഗ്ഗം. ഇതുതന്നെയാണു ശാകുന്തളത്തിലെ ആ പരമരഹസ്യം.

---

# പ്രൊഫസ്സർ മേഘനാദസാഹ.

— എസ്. കെ. ബാലകൃഷ്ണൻ.

ആധുനിക ഭാരതത്തിലെ ശാസ്ത്രജ്ഞന്മാരിൽ ഒട്ടും അപ്രധാനനമല്ലാത്ത ഒരു സ്ഥാനത്തെ അഹ്റിക്കുന്ന മഹാനാണ് പ്രൊഫസ്സർ മേഘനാദസാഹ. ശാസ്ത്രത്തിൽ പ്രായേണ അസാമാന്യമായ അവജ്ഞയും, അനാദരവും കാണിക്കുന്ന ഇന്ത്യക്കാക്ക് സാഹയുടെ ജീവചരിത്രം ഒരു മാതൃകയായിത്തീരാതിരിക്കയില്ല.

ഢക്കാജില്ലയിലെ സിയോറടലി (Seoratali) എന്ന ഗ്രാമത്തിൽ 1893-ലാണ് നമ്മുടെ ചരിത്രനായകൻ ജാതനായത്. പിതാവായ ജഗന്നാഥ സാഹ കേവലം ഒരു ചെറിയ വത്തകനായിരുന്നതിനാൽ, അംഗബാഹുല്യമുള്ള തന്റെ കുടുംബത്തെ സംരക്ഷിച്ചുകൊണ്ടു വരുവാൻ അദ്ദേഹത്തിനു് വളരെ ബുദ്ധിമുട്ടേണ്ടിവന്നു. സാഹയെ ചെറുപ്പത്തിൽ തന്നെ, അടുത്തുള്ള ഒരു ഗ്രാമപാഠശാലയിൽ വിദ്യാഭ്യാസത്തിന്നായി അയച്ചു. അവിടെനിന്നു് അദ്ദേഹത്തിന്നു ലഭിച്ചതു വെറും പ്രാഥമികവിദ്യാഭ്യാസം മാത്രമായിരുന്നു. സമീപത്തെങ്ങും വേറെ യാതൊരു വിദ്യാലയവും ഇല്ലാതിരുന്നതിനാൽ കേവലം പത്തു വയസ്സുള്ളപ്പോൾ ബാലനായ സാഹയ്ക്കു് ഉപരിവിദ്യാഭ്യാസാർത്ഥം ഉദ്ദേശം ആറുനാഴിക അകലെയുള്ള സമൂലിയ (S!mulia) എന്ന ഗ്രാമത്തിലേക്കു പോകേണ്ടിവന്നു. പ്രസ്തുതവിദ്യാലയത്തിൽനിന്നാണ് 1905-ൽ സാഹ പ്രശസ്യമാംവണ്ണം—ഢക്കാ ഡിവിഷനിൽ ഒന്നാമനായി— എം. ഈ. പരീക്ഷ പാസ്സായതും, ഒരു സ്കോളർഷിപ്പു സമ്പാദിച്ചതും. അവിടുത്തെ ഒരു പ്രമാണിയും, കാസിംപൂരിയിലെ നവാബിന്റെ കുലവൈദ്യനും, ഉദാരശീലനും ആയ ഡാക്ടർ ആനന്ദകുമാർദാസ് എന്ന ആളാണ് സാഹയ്ക്കു താമസത്തിന്നും പഠിപ്പിന്നും വേണ്ടുന്ന സകല സൌകര്യങ്ങളും ചെയ്തുകൊടുത്തത്. തദനന്തരം സാഹ പഠനം തുടന്നു ഢക്കാ നഗരത്തിലെ കൊളീജിയററ് സ്കൂളിൽ ആയിരുന്നു. എന്നാൽ എന്തുകാരണത്താലോ, അധികം താമസിയാതെ അദ്ദേഹം ആ വിദ്യാലയം വിട്ട് കെ. എൽ. ജൂബിലി സ്കൂളിൽ ചേന്നു. ഈ വിദ്യാലയത്തിൽ നിന്നാണ് കൽക്കത്താ സവ്വകലാശാലാപ്രവേശനപരീക്ഷയിൽ കിഴക്കെ ബെംഗാളത്തിൽ ഒന്നാമനായി അദ്ദേഹം വിജയിയായത്. സാഹ രണ്ടാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അഖിലബെംഗാൾ ബൈബിൾ

സമ്മാനപരീക്ഷയ്ക്കു ഹാജരാകുകയുണ്ടായി. അതിൽ ഒന്നാമനായി ജയിച്ചതിനാൽ ബേപ്റ്റിസ്റ്റ് സൊസൈററി വക 100ക പാരിതോഷികമായി അദ്ദേഹത്തിനു ലഭിച്ചു.

1911-ൽ ഡാക്കാകോളേജിൽനിന്നു സാഹ ഐ. എസ്സ്. സി. പരീക്ഷയിൽ കൽക്കത്താ സർവ്വകലാശാലയിൽ മൂന്നാമനായും, ഗണിതശാസ്ത്രത്തിലും രസതന്ത്രത്തിലും, ഒന്നാമനായും ജയിച്ചു. അതിൽപിന്നെ, അതേ വർഷത്തിൽതന്നെ, അദ്ദേഹം കൽക്കത്തെയിലെ പ്രസിഡൻസി കോളേജിൽ ചേർന്നു. ഇവിടെനിന്നാണ് സാഹ, ബി. എസ്സ്. സി, എം. എസ്സ്. സി. മുതലായ ഉന്നതബിരുദുകൾ കരസ്ഥമാക്കിയതു്. മേൽപറഞ്ഞ രണ്ടു പരീക്ഷകളിലും അദ്ദേഹം രണ്ടാമനായിട്ടാണ് പാസ്സായതു്. പ്രസിഡൻസി കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന കാലത്തു്, സുപ്രസിദ്ധന്മാരായ സർ ജെ. സി. ബോസ്, സർ പി. സി. റോയി, പ്രൊഫസ്സർ ഡി. എൻ. മാലിക്ക്, പ്രൊഫസ്സർ സി. ഈ. കള്ളിസ് മുതലായവരുടെ ശിഷ്യത്വം സമ്പാദിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. ഗണിതശാസ്ത്രപഠനത്തിലാണ് സാഹ അധികസമയവും വിനിയോഗിച്ചിരുന്നതെങ്കിലും, സർ പി. സി. റോയിയുമായി അടുത്തു പെരുമാറുവാൻ സംഗതി വന്നതോടുകൂടി, അദ്ദേഹം ഏർപ്പെട്ടിരുന്ന സകല സംരംഭങ്ങളിലും, സാഹയും ഭാഗഭാക്കായി പ്രവർത്തിച്ചുവന്നു.

പരേതനായ സർ റി. എൻ. പോളിററ് സർ ആർ. ബിഘോഷ് എന്നീ മാന്യന്മാരുടെ വമ്പിച്ച സംഭാവനകളാൽ സ്ഥാപിതമായ സയൻസ് കോളേജിലെ, പ്രകൃതി വിജ്ഞാനീയപ്രാസംഗികനായി സാഹയെ സർ ആസുതോഷ് മുക്കർജിയുടെ ഉത്സാഹത്താൽ 1916-ൽ നിയമിച്ചു. ഈ കലാലയത്തിൽ പ്രവൃത്തി ചെയ്തുകൊണ്ടിരുന്ന കാലത്താണ് ഡാക്ടർസ്ഥാനം കിട്ടുന്നതിന്നർഹനാക്കിയ പ്രബന്ധങ്ങൾ (Doctorate Thesis) അദ്ദേഹം എഴുതിയതു്. പ്രസിദ്ധരായ ലണ്ടനിലെ കിങ്ങ്സ് കോളേജിലെ പ്രൊഫസ്സർ, ഒ. ഡബ്ളിയു. റിച്ചാർഡ്സൺ, യൂനിവേർസിററി കോളേജിലെ പ്രൊഫസ്സർ എ. ഡബ്ളിയു. പോർട്ടർ എന്നിവരടങ്ങിയ ഒരു സമിതിയായിരുന്നു പ്രസ്തുത പ്രബന്ധങ്ങൾ പരിശോധിച്ചതു്.

അക്കാലത്തു് സാഹ അയിൻസ്റ്റീൻെറ സാപേക്ഷണവാദം (The Theory of Relativity) ഏററവും ശ്രദ്ധയോടുകൂടി പഠിച്ചുകൊണ്ടിരുന്നു.

പ്രസ്തുത സിദ്ധാന്തത്തിന്നു സർവ്വത്ര പ്രസിദ്ധി ലഭിക്കുന്നതിന്നു മുമ്പുതന്നെ മി. സാഹ തൻെറ സ്നേഹിതനായ മി. എസ്സ്.എൻ. ബോസുമായി സഹകരിച്ച്, എയിൻസ്റ്റിൻെറ ശാസ്ത്രതത്വങ്ങൾ മുഴുവനും, പരിഭാഷപ്പെടുത്തിയിരുന്നു. അവയെല്ലാം പിന്നീട്ട കൽക്കത്താ സർവ്വകലാശാലക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു. അദ്ദേഹത്തിൻെറ ബിരുദപ്രബന്ധങ്ങൾ ഇത്തരം പഠനത്തിൻെറ പ്രതിഫലനമായിരുന്നു. 1919-ൽ സാഹക്കു ഡാക്ടർ എന്ന ബഹുമതി ലഭിച്ചു.

അതേവർഷത്തിൽതന്നെ "പ്രത്യേകമായ പ്രസരസമ്മർദ്ദനവും, വ്യോമശാസ്ത്രത്തിൽ അവയുടെ പ്രായോഗികതത്വവും" (Selective Radiation Pressure and its application to problems of Astro-physics) എന്ന തലക്കെട്ടിൽ അയച്ച വിജ്ഞാനപ്രദമായ പ്രബന്ധത്തിൻെറ ഫലമായി പരംചരന്ദ്റോയിചരന്ദ്സ്റ്റുഡൻറഷിപ്പ് ഗുരുപ്രസന്നഘോഷ് സ്കോളർഷിപ്പും അദ്ദേഹത്തിന്നു ലഭിച്ചു. ഈ രണ്ടു വിദ്യാവേതനങ്ങളുടെ സഹായത്തോടുകൂടി 1920-ൽ സാഹ ഇംഗ്ലണ്ടിലേക്കു പോയി. അദ്ദേഹം കുറച്ചുകാലം ഇംപീരിയൽ സയൻസ് കോളേജിലെ പ്രൊഫസ്സറായ ഫൌളറോടൊന്നിച്ച് ജോലി ചെയ്തു. ഇക്കാലത്താണ് സാഹയുടെ ശാസ്ത്രഗ്രന്ഥങ്ങളിൽ ഏററവും പ്രാമുഖ്യം അർഹിക്കുന്ന "വാതകങ്ങളുടെ ഊഷ്മളായണീകരണം" (On the Thermal Ionisation of gases) എന്ന വിശിഷ്ടഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത്. പദാർത്ഥങ്ങളുടെ കൂട്ടത്തിൽ ഏററവും ചെറിയതു അണുക്കളാണെന്നാണ് അല്പകാലം മുമ്പുവരെ ധരിച്ചിരുന്നത്. എന്നാൽ ആ ധാരണ ഇപ്പോൾ അബദ്ധമാണെന്നു വെളിപ്പെട്ടിരിക്കുന്നു. അണുക്കളെ പിന്നേയും വിഭജിക്കാമെന്നും, അവയിൽ അധികവും ഋണാലക്തകമായി (Nagative electricity) പരിണമിക്കുമെന്നും, മററും ഇന്നു പലരും അറിഞ്ഞിരിക്കുവാൻ ഇടയുണ്ട്. ഈ തത്വം കണ്ടുപിടിച്ചവരിൽ പ്രഥമവും പ്രധാനവും ആയ സ്ഥാനം റോയിക്കുണ്ട്. അണുവിഭജനം വെറും ചൂടുപിടിപ്പിക്കൽകൊണ്ടു സാദ്ധ്യമാണെന്നു കാര്യകാരണസഹിതം 'അയണീകരണം' (അണുവിഭജനം) (Ionisation) എന്ന അദ്ദേഹത്തിൻെറ സിദ്ധാന്തത്തിൽ സുവ്യക്തമായി വിവരിച്ചിട്ടുണ്ട്. ഡാക്ടർ സാഹയുടെ ഗവേഷണഫലങ്ങളെക്കുറിച്ചു സർ പി. സി. റോയി വിജ്ഞേയമായ ഒരു ലേഖനം 1922 ഒക്ടോബർ ലക്കം മോഡേൺ റവ്യൂവിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

1921-ൽ ഡാക്ടർ സാഹ തൻെറ സിദ്ധാന്തങ്ങളുടെ സഫലീകരണത്തിനും, പരിശോധനയ്ക്കും ആയി പ്രൊഫസ്സർ നെർണസ്റേറാടോന്നിച്ച (Prof, W. Nernest) പരീക്ഷണങ്ങൾ തുടരുവാൻ ബെർളിനിലേയ്ക്കു പോയി. ബെർളിനിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ്. മ്യൂനിച്ചിൽവെച്ചു കൂടിയ പ്രകൃതിവിജ്ഞാനീയശാസ്ത്രജ്ഞന്മാരുടെ ഒരു വമ്പിച്ച യോഗത്തിൽ ആദ്ധ്യക്ഷം വഹിപ്പാൻ പ്രൊഫസ്സർ സൊമർഫീൽഡ് സാഹയെ ക്ഷണിക്കുകയുണ്ടായതു്. പ്രസ്തുത സഭയുടെ ആഭിമുഖ്യത്തിൽ ഡാക്ടർ സാഹ ചെയ്ത പ്രസംഗം "സിററ്ശ്രഫ്ററ് ഫർഫിസിക്ക്" (Zeitschrift fur Physik) എന്ന ജർമ്മൻ മാസികയിൽ പ്രസിദ്ധം ചെയ്തിരുന്നു. അടുത്തുതന്നെ സർ ആസുതോഷ് മുക്കർജി സാഹയെ കൽക്കത്താ സർവ്വകലാശാലയിലെ പ്രകൃതിവിജ്ഞാനീയ പ്രാസംഗികനായി വീണ്ടും നിശ്ചയിച്ചു.

കൽക്കത്താ സർവ്വകലാശാല പലവിധമായ വിഷമഘട്ടങ്ങളിൽകൂടി തരണം ചെയ്തുവന്ന കാലമായിരുന്നു അതു്. തന്നിമിത്തം ശാസ്ത്രീയ ഗവേഷണങ്ങൾ തുടരുവാൻ തക്ക സൌകര്യമുള്ള ഒരു പരീക്ഷണശാല കിട്ടാതെ സാഹ വളരെ വിഷമിക്കേണ്ടിവന്നു. അങ്ങിനെയിരിക്കെ, തൻെറ ഒരു പഴയ സുഹൃത്തായ ഡാക്ടർ ഡി. എൻ. ഡാർ എന്ന മാന്യൻെറ പരിശ്രമഫലമായി ഡാക്ടർ സാഹയെ അല്ലഹബാദ് സർവ്വകലാശാലയിലെ പ്രകൃതി വിജ്ഞാനീയ പ്രാസംഗികനായി നിയമിച്ചു. 1923 ഒക്ടോബർ മാസത്തിലാണ് അദ്ദേഹം പുതിയ ജോലിയിൽ പ്രവേശിച്ചതു്. അദ്ദേഹം കൽക്കത്തയിൽ താമസിച്ചുകൊണ്ടിരുന്ന കാലത്താണ് ബംഗാളിൽ ഭയങ്കരമായ വെള്ളപ്പൊക്കം ഉണ്ടായതു്. ജനങ്ങൾ ബംഗാൾ റിലീഫ് കമ്മിററി എന്ന പേരിൽ സർ പി. സി. റോയിയുടെ അദ്ധ്യക്ഷത്തിൽ ഒരു സംഘം രൂപീകരിച്ചിരുന്നു. പി. സി. റോയിയുടെ അപേക്ഷയനുസരിച്ചു സാഹ ആ കമ്മിററിയിൽ ഒരംഗമായി ചേരുകയും, വളരെ കൃത്യബോധത്തോടും, ഉത്സാഹത്തോടുംകൂടി തൻെറ ജോലി നിർവ്വഹിക്കുകയും ചെയ്തു.

പ്രൊഫസ്സർ സാഹ ഏകദേശം നാലു വർഷങ്ങളോളം അല്ലഹബാദ് സർവ്വകലാശാലയിൽ ജോലി ചെയ്തിട്ടുണ്ട്. അദ്ദേഹം അവിടെ ജോലി ചെയ്തിരുന്ന കാലമത്രയും, ശാസ്ത്രീയഗവേഷണങ്ങളിൽ ബദ്ധശ്രദ്ധനായിരുന്നു. ഈയവസരത്തിലാണ് ഫ്രാൻസിലെ ജ്യോതിശ്ശാസ്ത്രജ്ഞമണ്ഡലത്തിലെ ഒരംഗമായി സാഹയെ തിരഞ്ഞെടുത്തതു്. ഇതിന്നു

പുറമേ, ലണ്ടനിലെ ഭൌതികശാസ്ത്രവിദ്യാലയത്തിലെ (Institute of Physics in London) ഒരു 'ഫെല്ലൊ' ആയിട്ടും അദ്ദേഹത്തെ തിരഞ്ഞെടുക്കുകയുണ്ടായി അദ്ദേഹം ഏകനായിട്ടോ മററു സ്നേഹിതന്മാരുമായി കൂടിച്ചേൎന്നിട്ടോ, ശാസ്ത്രപരമായ പല ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തിയിരുന്നു. തന്റെ നവീനസിദ്ധാന്തമായ അണുക്കളുടെ ഘടന (The structure of the atom) എന്നതിനെസ്സംബന്ധിച്ച സാഹ പ്രസിദ്ധപ്പെടുത്തിയിരുന്ന ഗ്രന്ഥം പല മഹാന്മാരുടേയും, ഗാഢമായ ശ്രദ്ധക്കു വിഷയീഭവിച്ചിരുന്നുവെന്നതിനു പുറമേ, ഭൌതികശാസ്ത്രലോകത്തിനു തന്നെ അതൊരു അമൂല്യസമ്പത്തായിത്തീൎന്നിട്ടുമുണ്ട്.

ഡാക്ടർ സാഹയുടെ അയണീകരണ സിദ്ധാന്തത്തിന്റെ പരിപൂൎണ്ണതക്കായി പല ശാസ്ത്രജ്ഞന്മാരും പരിശ്രമിച്ചുതുടങ്ങി. അവരിൽ അഗ്രഗണ്യനായ ആൾ പ്രിൻസ്ടൻ സൎവ്വകലാശാലയിലെ പ്രൊഫസ്സറായ ഹെൻറി നോർമൻ റസ്സൽ (Henry Norman Russel) ആയിരുന്നു. സാഹയുടെ ശാസ്ത്രീയവിജയങ്ങൾ ലോകം മുഴുവനും അറിവായിത്തുടങ്ങിയതോടുകൂടി ശാസ്ത്രപരമായ പ്രസംഗങ്ങൾ ചെയ്വാൻ നാനാരാജ്യങ്ങളിൽ നിന്നും അദ്ദേഹത്തെ ക്ഷണിക്കുകയുണ്ടായി. 1926-ൽ കൂടിയ ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൽ (Indian Science Congress) അദ്ധ്യക്ഷപദം അലങ്കരിച്ചിരുന്നതും പ്രൊഫസ്സർ സാഹ തന്നെയായിരുന്നു.

വിദ്യുച്ഛക്തിയുടെ ജനയിതാവായ വോൾട്ടയുടെ (Volta) ശതവൎഷദിനമഹോത്സവം 1927-ൽ അദ്ദേഹത്തിന്റെ ജന്മദേശമായ ഇററലിയിൽവെച്ചു കൊണ്ടാടിയപ്പോൾ ഇന്ത്യൻ പ്രതിനിധികളെന്ന നിലയിൽ ക്ഷണിച്ചതു പ്രൊഫസ്സർ സാഹയേയും, പ്രൊഫസ്സർ ഡി. എം. ബോസിനേയും ആയിരുന്നു. ലോകത്തിലെ നാനാഭാഗങ്ങളിൽനിന്നും പ്രസിദ്ധന്മാരായ ശാസ്ത്രജ്ഞന്മാരെ തദവസരത്തിൽ ക്ഷണിക്കുകണ്ടായിട്ടുണ്ട്. ശാസ്ത്രപരമായ സകല സമ്മേളനങ്ങളിലും, ഭാരതത്തിലെ ഒരു പ്രസിദ്ധശാസ്ത്രജ്ഞനായ ഡാക്ടർ സാഹയെ ക്ഷണിക്കുന്നതുകൊണ്ടുതന്നെ ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ അദ്ദേഹത്തിനുള്ള പേരും പെരുമയും എത്രമാത്രമാണെന്നു സാമാന്യേന ഊഹിക്കാവുന്നതാണല്ലോ.

1935 ഒക്ടോബർ 3-ാംനു ജബൽപുരിയിലെ റോബൊട്ട്സ്റ്റൺ കോളേജിലെ 26-ാമത്തെ സാമുദായികസമ്മേളനം നടന്നപ്പോൾ ഡാക്ടർ മേഘനാദസാഹ "കുറേക്കൂടി നല്ല ഒരു ലോകം" എന്ന വിഷ

യത്തെ അധികരിച്ചു വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്തു. അതിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിരുന്നു:

ഇന്നത്തെ ലോകത്തെ കൂടുതൽ നന്നാക്കിത്തീക്കണമെന്നുണ്ടെങ്കിൽ ശാസ്ത്രീയഗവേഷണങ്ങളെ പോഷിപ്പിക്കുന്നതിന്നു കൂടുതൽ സമയം ചിലവാക്കേണ്ടിയിരിക്കുന്നു. ശാസ്ത്രാഭിവൃദ്ധിക്കുമാത്രമേ, ലോകത്തിൽ സമാധാനമുണ്ടാക്കാൻ സാധിക്കുകയുള്ളു. ഇന്നത്തെ ലോകത്തിൽ സമാധാനവും, ക്ഷേമവും, അഭിവൃദ്ധിയും ഉണ്ടാകണമെങ്കിൽ ശാസ്ത്രത്തെ നന്നാക്കുകതന്നെ വേണം. ഇന്നത്തെ ദാരിദ്ര്യത്തിനും അസ്വാസ്ഥ്യത്തിന്നും കാരണം ശാസ്ത്രമാകുന്നുവെന്നു ചിലർ ആക്ഷേപിക്കുന്നുണ്ട്. ഭൌതികശാസ്ത്രത്തെ മാത്രമായി അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഫലമാണത്. മനുഷ്യസ്വഭാവത്തെ മാററുവാൻ മഹാമതസ്ഥാപകന്മാക്കും, തത്വജ്ഞാനികൾക്കുംകൂടി സാധിച്ചിട്ടില്ല. മനുഷ്യസ്വഭാവത്തെ മാററിട്ടില്ലെന്നുള്ള കാരണത്താൽ ശാസ്ത്രത്തെ വെടിയുന്നപക്ഷം മനുഷ്യർ മൃഗങ്ങളെപ്പോലെയായിരുന്ന ഒരു പഴയ കാലത്തെ സ്ഥിതിയിൽ നാം തീച്ചയായും എത്തുന്നതായിരിക്കും.

മനുഷ്യസ്വഭാവത്തെ മാററണമെന്നുണ്ടെങ്കിൽതന്നെ ശാസ്ത്രത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. രോഗബീജശാസ്ത്രം നന്നാകുന്നതായാൽ മനുഷ്യസ്വഭാവത്തെ ഭേദപ്പെടുത്തുവാൻ കഴിയും. യുദ്ധങ്ങളേയും, രോഗങ്ങളേയും, മററു ദുരിതങ്ങളേയും നിത്തൽ ചെയ്യുന്നതിന്നു് ഇതു വളരെ സഹായമായിരിക്കും.

ലോകോപകാരിയായിരുന്ന അമേരിക്കയിലെ ആ മഹാനായ ആൻഡ്റൂ കാർണിജിയുടെ ജീവിതം ഇന്ത്യക്കാക്കു മാതൃകയായിത്തീരട്ടെ! ഇന്ത്യയിലെ നാട്ടുരാജാക്കന്മാരും, ലക്ഷപ്രഭുക്കളും, ആൻഡ്റൂ കാർണീജിയുടെ ജീവിതത്തെ നല്ലപോലെ പഠിക്കേണ്ടതാകുന്നു. കൊള്ളരുതാത്ത ആളുകളുടെ വശമാണു തങ്ങളുടെ വമ്പിച്ച സ്വത്തു മുഴുവനും അവർ ഏല്പിക്കുന്നത്."

# ഒളിമ്പിക്ക് വിനോദങ്ങൾ.

—എം. ക. ജോസഫ്.

അതിദീർഘങ്ങളായ ശാസ്ത്രീയപ്രതിപാദനങ്ങളേക്കാൾ, ചിലപ്പോൾ, ചില ചെറുസംഭവവിവരണങ്ങൾ അഗാധങ്ങളായ അർത്ഥങ്ങളെ പ്രദ്യോതിപ്പിക്കുന്നുണ്ടെന്നുവരാം. അങ്ങനെയുള്ള ഒന്നാണ 'ചരിത്രത്തിന്റെ പിതാവ്' എന്നറിയപ്പെടുന്ന ഹെറോഡോട്ടസ് വിവരിക്കുന്ന അധോദ്ധൃതമായ സംഭവം.

"ബി. സി. 480-ൽ പേർഷ്യാരാജാവായ സെർക്സസ് തന്റെ മഹാസൈന്യത്തോടുകൂടി ഗ്രീസിനെ കീഴടക്കുന്നതിനായി ആ രാജ്യത്തെ ആക്രമിച്ചു. തദവസരത്തിൽ ഗ്രീസിൽ ആർക്കേഡിയയിൽനിന്നും ഒളിച്ചോടിപ്പോന്ന ചിലർ പേർഷ്യൻ രാജാവിന്റെ കൂടാരത്തിലെത്തിച്ചേർന്നു. രാജാവും സ്വസൈന്യാധിപനായ മർഡോണിയസ്സും യവനന്മാരുടെ പ്രവർത്തനങ്ങളെപ്പറ്റി അവരോടു പലതും ചോദ്യം ചെയ്തു. ഗ്രീക്കുകാർ ഒളിമ്പിക്ക് മഹാമഹം കൊണ്ടാടുകയാണെന്നും, കായികാഭ്യാസങ്ങളിലും രഥമത്സരങ്ങളിലും ഏർപ്പെട്ടിരിക്കുകയാണെന്നും, അവരിൽനിന്നറിഞ്ഞപ്പോൾ പേർഷ്യക്കാർക്കുണ്ടായ ആശ്ചര്യം സീമാതീതമായിരുന്നു. വിജയികൾക്കു ലഭിക്കുന്ന സമ്മാനം ഒരു ഒലീവുകൊമ്പു മാത്രമാണെന്നുകൂടി കേട്ടപ്പോൾ പേർഷ്യക്കാരുടെ ആശ്ചര്യം അതിന്റെ മൂർദ്ധന്യത്തെ പ്രാപിച്ചു. ഒരു പേർഷ്യൻ പ്രഭു ഇങ്ങനെ ഉദീരണം ചെയ്തു - "മർഡോണിയസ്സ്, നമുക്കു ദുരിതം! എന്തൊരു ജാതി ജനങ്ങളെ ആക്രമിക്കുവാനാണ് നിങ്ങൾ ഞങ്ങളെ നയിച്ചിരിക്കുന്നതു്? അവർ സ്വർണ്ണമോ വെള്ളിയോകൊണ്ടുള്ള സമ്മാനങ്ങൾ കാംക്ഷിച്ചല്ല, പ്രത്യുത പൌരുഷഗുണത്തെ ആഗ്രഹിച്ചാണ് മത്സരം നടത്തുന്നതു്!"

ഗ്രീക്കുകാരുടെ ഒളിമ്പിക്ക് വിനോദങ്ങളുടെ മൌലികമായ പ്രാധാന്യം എന്തിലടങ്ങിയിരിക്കുന്നുവെന്ന് ഈ സംഭവം വിശദീകരിക്കുന്നു. തങ്ങളെ ആക്രമിക്കുവാൻ വന്ന ശത്രുക്കൾ സമീപിച്ചുകൊണ്ടിരിക്കുന്നുവെന്നറിഞ്ഞിട്ടും ഗ്രീക്കുകാർ ഒളിമ്പിയയിലെ ആഘോഷങ്ങൾക്കു വിഘ്നം വരുത്തിയില്ല. പേർഷ്യൻ ആക്രമണത്തെ അവർ വളരെ അലക്ഷ്യതയോടെയാണ വീക്ഷിച്ചിരുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ അതേകൊല്ലംതന്നെ അരാതികളെ അവർ നാട്ടിൽനിന്ന്

ആട്ടിയോടിക്കുകയുണ്ടായി. തങ്ങളുടെ ഒളിമ്പിക്ക് മഹാമഹത്തെ പേർഷ്യക്കാർ അലങ്കോലപ്പെടുത്തരുതെന്നേ അവർക്ക് അപ്പോൾ ചിന്ത ഉണ്ടായിരുന്നുള്ളു !!

കായികാഭ്യാസപ്രകടനത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സമയം ആസന്നമാകുമ്പോഴെല്ലാം, ഗ്രീസിലാകമാനം, ഒരു സൈന്യാധിപൻെറ ഏകശാസനത്താലെന്നവണ്ണം, ആയുധങ്ങളെല്ലാം താഴെ വെയ്ക്കുന്നു; എല്ലാ സംസ്ഥാനങ്ങളിലും, അത്ഭുതകരമാംവിധം ശാന്തിയുടേയും സമാധാനത്തിൻേറയും ഒരു കാലഘട്ടം ആഗതമാകുന്നു. ഗ്രീസ് രാജ്യത്തിന് ഒരു ശാപമെന്നപോലെ, എപ്പോഴുമുണ്ടായിരുന്ന രാഷ്ട്രീയാനൈക്യത്തിനിടയിൽ ഈ ശാന്തി അസാധാരണമായ ഒന്നായിരുന്നു. ഗ്രീസ് ഒരു ചെറിയ രാജ്യമാണെങ്കിലും, നൂറിൽപരം നഗരസംസ്ഥാനങ്ങൾ (City states) ആയി അതു വിഭജിക്കപ്പെട്ടിരുന്നു. നിരന്തരമായ ആഭ്യന്തരയുദ്ധം ഒരു സാധാരണസംഗതിയായേ അക്കാലത്ത് അവിടെ ഗണിക്കപ്പെട്ടിരുന്നുള്ളു. എന്നാൽ ഒളിമ്പിക്ക് വിനോദങ്ങൾ ആസന്നമാകുമ്പോഴെല്ലാം, രക്തരൂഷിതമായ കലഹങ്ങളുടെ സ്ഥാനത്തു സമാധാനകരമായ മത്സരങ്ങൾ സ്ഥലം പിടിച്ചുതുടങ്ങും. സമാധാനചൈതന്യമാണ് സർവ്വത്ര പൊന്തിനിന്നിരുന്നത്.

അനന്യസാധാരണമായ ഈ പരിവർത്തനത്തിൻെറ കാരണമെന്താണ്? യവനപരിഷ്ക്കാരവും സംസ്കാരവുമാണല്ലോ നമുക്കു ലഭിച്ചിട്ടുള്ളതിൽ ഏററവും അമൂല്യമായ പിതൃസമ്പത്ത്. (?) അവരുടെ മഹത്തായ നിഘണ്ടുവിൽ, മററു ഭാഷകളിലേയ്ക്കു തർജ്ജമചെയ്യുവാൻ സാധിക്കാത്തതായ ഒരു പദമുണ്ടായിരുന്നു; ആ പദം ഒളിമ്പിയയിലെ സമാധാനസന്ധി എന്ന അത്ഭുതത്തെ വിശദീകരിക്കുന്നുണ്ട്. അതു "കലോകഗാതാ" (Kalokagatha) എന്നതാണ്. സാന്മാർഗ്ഗികസുകൃതങ്ങളെ കായികസൗന്ദര്യത്തോടു ഘടിപ്പിക്കുവാൻ ശ്രമിക്കുന്ന ആദ്ധ്യാത്മികവും മാനസികവുമായവയെ ശാരീരികപൂർണ്ണതയോടും ആരോഗ്യത്തോടും ഒരു ഐക്യമുണ്ടാക്കുവാൻ പരിശ്രമിക്കുന്ന ഒരു വിദ്യാഭ്യാസാദർശമെന്ന് അതിനെ പറയാവുന്നതാണ്. യവനന്മാരുടെ വിദ്യാദാനകാലത്തിൻെറ എല്ലാ ഘട്ടങ്ങളിലേയും പ്രത്യക്ഷവും പരോക്ഷവുമായ മൌലികാദർശം ഇതായിരുന്നു. ഈ ആദർശപരമായ വിദ്യാഭ്യാസത്തെപ്പററിയുള്ള ബോദ്ധ്യത്തിൽ, ഗ്രീസിലെ വിവിധജാതികളും ഐക്യം കണ്ടെത്തിയിരുന്നു. ഇതിനു വല്ല വ്യത്യസ്തതയും പറയാനുണ്ടെങ്കിൽ അത്, സ്പാർ

ട്ടയിൽ കായികശക്തിയ്ക്കും, ഏതൻസിൽ മാനസികാഭിവൃദ്ധിക്കും പ്രാധാന്യം നൽകിയിരുന്നുവെന്നുള്ളതാകുന്നു. യുവജനപരിശീലനത്തെപ്പററിയുള്ള ഈ ബോദ്ധ്യത്തിൽ, ഗ്രീക്കു തത്വജ്ഞാനവും, ഗ്രീക്കുകവിതയും, അതുല്യമായ ഗ്രീക്കു ശില്പവിദ്യയും പ്രതിബിംബിച്ചിരുന്നു. നിർഭാഗ്യവശാൽ, ആധുനികനാഗരികതയ്ക്കില്ലാത്തതും ഇവ മാത്രമാണല്ലോ. ഇവ ഇല്ലായിരുന്നുവെങ്കിൽ, ഗ്രീസിലെ കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയബഹളങ്ങൾക്കിടയിൽ, പൂർവ്വോദ്ധൃതയായ വിദ്യാഭ്യാസാദർശത്തിന്റെ ശ്രീകോവിലും സമാധാനത്തിന്റെ മണ്ഡലവുമായ ഒളിമ്പിയ അഭിവൃദ്ധിപ്പെടുക അസാദ്ധ്യമായി ഭവിക്കുമായിരുന്നു.

ഒളിമ്പിക്ക് വിനോദങ്ങളുടെ ചരിത്രം അന്ധകാരമയവും കല്പിതകഥാപൂർണ്ണവുമായ അതിപ്രാചീനകാലത്താണ് ആരംഭിക്കുന്നത്. യവനദേവതകളുടെ അധിപനും ശക്തിമാനുമായ സൂസിന്റെ (Zeus) പുത്രനും, ഗ്രീക്കുകാരുടെ ദേശീയവീരനും, സകല പൌരുഷഗുണങ്ങളുടെയും മൂർത്തീകരണവും, പുരാണകഥകളിൽ അനവരതം പ്രകീർത്തിതനും ആയ ഹെർക്കുലീസിന്റെ കാലത്താണ് അവ ആരംഭിച്ചതെന്നു പ്രസ്താവിക്കുന്ന ഒരു കഥപോലുമുണ്ട്. പ്രാദേശികവിനോദങ്ങളെയെല്ലാം ഏകീകരിച്ച്, ഒരു ദേശീയമഹാമഹമാക്കിത്തീർത്ത ആ കാലത്തെ ഏതാണ്ടു കണക്കാക്കുവാനേ നമുക്കു നിവൃത്തിയുള്ളു. എന്തുകൊണ്ടെന്നാൽ ബി. സി. 800-നു മുൻപുള്ള യഥാർത്ഥമായ ചരിത്രമൊന്നും നമുക്കറിഞ്ഞുകൂട. യവനന്മാരുടെ മഹാഭാരതവും രാമായണവും എന്നു സന്യായം പറയപ്പെടാവുന്ന "ഇലിയഡ്", "ഒഡിസി" ഈ മഹാകാവ്യങ്ങളിൽ വർണ്ണിക്കപ്പെട്ടു കാണുന്ന തരത്തിലുള്ള ആയോധനാഭ്യാസങ്ങളിൽനിന്നാണ് ഇവയുടെ ഉത്ഭവമെന്നു നമുക്കു സങ്കല്പിക്കാം. പ്രാചീനദേവതമാർക്കു നൽകപ്പെട്ടിരുന്ന ആരാധനകൾ, ആഭിചാരാനുഷ്ഠാനങ്ങൾ, മത്സരങ്ങളിൽ ഏർപ്പെട്ടു ശക്തി പരീക്ഷിക്കുവാൻ യുവാക്കന്മാർക്കു സഹജമായുണ്ടാവുന്ന തൃഷ്ണ മുതലായവയും ഈ വിനോദങ്ങളുടെ ഉത്ഭവത്തിന്റെ മൌലികകാരണങ്ങളായി വേണമെങ്കിൽ ഗണിക്കാം. കായികാഭ്യാസപ്രകടനങ്ങളും മതകർമ്മങ്ങളും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടായിരുന്നു. ഒളിമ്പിയയിലുള്ള സൂസിന്റെ ബലിപീഠത്തിൽ മതകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതു് ഈ വിനോദങ്ങളുടെ ഒരു അവശ്യഘടകമായിരുന്നുവെന്ന വസ്തുത ഇതിന് ഉത്തമോദാഹരണമായിരിക്കുന്നു.

ബി. സി. അഞ്ചാംനൂററാണ്ടിലാണ് ഈ വിനോദങ്ങൾ അതിന്റെ

പാരമ്യത്തിലെത്തിയതു്. വാസ്തവത്തിൽ, നാശത്തിന്റെ പ്രാരംഭലക്ഷണങ്ങൾ കണ്ടുതുടങ്ങിയതും അന്നാണു്. കായികമായ പരിപൂൎണ്ണതയ്ക്കും സൌന്ദൎയ്യത്തിനും പ്രാമാണ്യം നൽകിവന്ന പതിവിൽനിന്നു് അന്നു് വ്യതിചലിച്ചുതുടങ്ങിയിരുന്നു. ആധുനികകാലത്തു സൎവ്വസാധാരണമായിരിക്കുന്നതുപോലെ, ഒരിക്കൽ കിട്ടിയ വിജയത്തെ എങ്ങനെയും നിലനിൎത്തിക്കൊണ്ടുപോകുവാനുള്ള അഭിനിവേശം ആദികാലത്തു് അവരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. ആ അഭിനിവേശം ഉണ്ടായതോടുകൂടി ഓരോന്നിലും പ്രത്യേകവൈദഗ്ദ്ധ്യം സമ്പാദിക്കുവാനുള്ള ആഗ്രഹം കടന്നുകൂടി. കായികാഭ്യാസപ്രകടനങ്ങൾ തൊഴിലാക്കിയിട്ടുള്ള ഒരു കൂട്ടരുടെ ആവിൎഭാവം അടുത്ത പടിയായിരുന്നു. കപടവേദാന്തികളുടെ വിനാശകരമായ സ്വാധീനശക്തിയും ഇതിനോടുകൂടിച്ചേൎന്നു. ഇക്കൂട്ടർ ആക്ഷേപസ്വരത്തിലും, താൎക്കികരീതിയിലും ഗ്രീക്കുദേവതമാരിൽ ചൊരിഞ്ഞിരുന്ന ഭത്സനങ്ങൾ ജനാവലിയിൽ പ്രതിഫലിച്ചുകൊണ്ടിരുന്നു. അത്യന്തം മതപരമായ അന്തരീക്ഷത്തോടുകൂടിയ ഒളിമ്പിക്കു് വിനോദങ്ങളെ അതു മ്ലാനതരമാക്കിയെങ്കിൽ അതിൽ അത്ഭുതപ്പെടുവാനില്ല.

മാസിഡോണിയക്കാരുടെ ആക്രമണവും, ചെയ്റോണിയായിലെ ഭയങ്കരയുദ്ധവും നിമിത്തം ഗ്രീസിലെ നഗരസംസ്ഥാനങ്ങൾ നാമാവശേഷമായി. രാഷ്ട്രീയമായ വാദപ്രതിവാദങ്ങളിൽനിന്നു വിമുക്തരായതോടുകൂടി അവർ പരിപൂൎണ്ണമായി ഒളിമ്പിക്കു് വിനോദങ്ങളിൽ ദത്താവധാനരായി. കഴിഞ്ഞ കാലങ്ങളിൽ നഗരങ്ങൾക്കുണ്ടായിരുന്ന പ്രതാപങ്ങളെ ഈ രംഗത്തിലെങ്കിലും നിലനിൎത്തണമെന്നുള്ളതായിരുന്നു അവരുടെ ഉദ്ദേശ്യം. പക്ഷെ ഇതിനു് അവർ സ്വീകരിച്ച മാൎഗ്ഗങ്ങൾ തെല്ലും അഭിലഷണീയമായിരുന്നില്ല. അതിപ്രാചീനകാലംമുതൽ നടപ്പിലിരിക്കുന്ന നിയമങ്ങളനുസരിച്ചു്, യുവജനങ്ങളെ പരിശീലിപ്പിക്കുക എന്ന പതിവിനെ ഉല്ലംഘിച്ചു്, അവർ കായികാഭ്യാസികളെ ശമ്പളം കൊടുത്തു വരുത്തി തങ്ങളുടെ ദേശീയരായി പരിഗണിച്ചുതുടങ്ങി. ഒടുവിൽ ബി. സി. രണ്ടാംനൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി അലക്സാണ്ടരുടെ സാമ്രാജ്യത്തിന്റെ അധഃപതനത്തിനും, അദ്ദേഹത്തിന്റെ പിൻഗാമികളുടെ ഇടയിലെ സുദീൎഘവും രക്തച്ചൊരിച്ചിലോടുകൂടിയതുമായ കലഹങ്ങൾക്കും ശേഷം, ഗ്രീസ് റോമാക്കാരുടെ ഭരണത്തിനു കീഴമൎന്നു. ആയോധനശീലരായ അവൎക്കു വിനോദങ്ങളിൽ യാതൊരു താല്പൎയ്യവും ഉണ്ടായിരുന്നില്ലെങ്കിലും അവ തുടൎന്നുകൊണ്ടു

പൊയ്ക്കൊള്ളുന്നതിന്നു റോമക്കാർ യവനന്മാരെ അനുവദിച്ചു. പക്ഷേ ഇത്രയുമായപ്പോഴേയ്ക്കും ഈ വിനോദങ്ങളുടെ ആചാരവിഷയകമായ വില ഇടിഞ്ഞു കഴിഞ്ഞിരുന്നു.

ശതവർഷങ്ങൾ പലതു കടന്നുപോയി. എങ്കിലും ഈ വിനോദങ്ങൾ അവയുടെ അന്തഃസ്ഥിതമായ ജീവച്ഛക്തിമൂലം തുടർന്നുകൊണ്ടിരുന്നു. പ്രാചീനലോകം നാശത്തിലേയ്ക്കു ക്രമേണ ചരിച്ചുകൊണ്ടിരുന്നു. ആദായത്തിൽ മാത്രമുള്ള താല്പര്യം എല്ലാ ഒളിമ്പിക്ക് സംരംഭങ്ങൾക്കും നാശകോടാലിയായി ഭവിക്കുമെന്ന്, മഹാനായ തീബ്ബിയൻ കവി പിൻഡാർ അദ്ദേഹത്തിന്റെ ഒളിമ്പിക്ക് വിജയഗീതങ്ങളിൽ നൽകിയിട്ടുള്ള മുന്നറിവ് അന്വർത്ഥമായി. എന്തുകൊണ്ടെന്നാൽ, കാലം കഴിയുന്നതോടുകൂടി പരിതഃസ്ഥിതികളും പൂർണ്ണമായി മാറിക്കൊണ്ടിരുന്നു. ഒളിമ്പിക്ക് വിനോദങ്ങൾക്കു മുൻപുണ്ടായിരുന്ന ആദർശങ്ങൾ സമസ്തവും വിസ്മരിക്കപ്പെടുകയും, ആദായം മാത്രം ഒരു പ്രേരകമായി ഭവിക്കുകയും ചെയ്തു. ഒടുവിൽ എ. ഡി. 393-ൽ ഒന്നാം തിയൊഡോസിയസ് ചക്രവർത്തി ഈ വിനോദങ്ങളെ ഒന്നടങ്കം നിരോധിച്ചു. മരണഗർത്തത്തിലേക്കു കുതിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനത്തിന്ന് അദ്ദേഹം ഒരു ഉന്തുകൊടുത്തുവെന്നു മാത്രം.

ഒളിമ്പിക്കു വിനോദങ്ങളോടുകൂടി യവനനാഗരികതയുടെ ഒരു ഘട്ടവും നശിച്ചു. അഥവാ, അതൊരു സഹസ്രാബ്ദക്കാലത്തെ ദീർഘനിദ്രയിലേയ്ക്കു വീണു; എന്തെന്നാൽ അതു തീരെ നശിച്ചിരുന്നില്ല. ഒളിമ്പിയ ധൂളിയും ഭസ്മവുമായിത്തീർന്നു. ആൽട്ടിസിന്റെ മനോമോഹനങ്ങളായ സൌധങ്ങളും, സുസ്ദേവന്റെ ആസ്ഥാനമായി ഫിഡിയാസ് നിർമ്മിച്ചിരുന്ന വിശ്വവിഖ്യാതങ്ങളായ ദേവാലയങ്ങളും നിന്നിരുന്ന സ്ഥലത്തു് ആട്ടിൻ പററങ്ങൾ മേഞ്ഞുകൊണ്ടിരുന്നു. സൌധങ്ങൾ നശിക്കാം; പക്ഷെ ആദർശങ്ങൾ ഒരിക്കലും നശിക്കുന്നതല്ലല്ലോ. ഒളിമ്പിയായിൽ ഒരു കാലത്തു സവിച്ഛതാപങ്ങളോടുംകൂടി ആഘോഷിച്ചുകൊണ്ടിരുന്ന യവനനാഗരികതയും, യവനവിദ്യാഭ്യാസവും ഒടുവിൽ നവ്യജീവനെ പ്രാപിച്ചു. അതിപ്രാചീനകാലത്തേക്കുറിച്ചു പുനരുത്തേജിതമായ താല്പര്യവും ഗവേഷണാസക്തിയും ഉണ്ടാകുന്നതിന്നു വാസ്തവത്തിൽ കാരണക്കാരനായ പ്രസിദ്ധ ഭൂഗർഭശാസ്ത്രജ്ഞൻ വിങ്കൽമാൻ (Winckelmenn) ഒരിക്കൽ ഒളിമ്പിയയെ ഖനനം ചെയ്തു നോക്കുന്നതിന് ആഗ്രഹിക്കുകയും അതിന്നു വേണ്ട പദ്ധതികൾ നിർമ്മിക്കുകയും

ചെയ്തിരുന്നു. പക്ഷേ ഗ്രീസിലേയ്ക്കുള്ള യാത്രാമദ്ധ്യേ ട്രസ്ററിൽവെച്ച് ഒരു തസ്കരൻെറ കയ്യാൽ അദ്ദേഹത്തിനു നേരിട്ട മരണം ഈ പ്രത്യാശകളെ ഉന്മൂലനം ചെയ്തു. എങ്കിലും ഒളിമ്പിക്ക് വിനോദങ്ങളുടെ പരിശുദ്ധസ്ഥലത്തെ നവ്യജീവനിലേയ്ക്ക് ഉത്ഥാപനം ചെയ്യിക്കുന്നതിനുള്ള ആഗ്രഹം നശിച്ചില്ല. ഏർണസ്ററും കർട്ടിസ്സും അനുചരന്മാരും ആ വേല പൂർത്തിയാക്കി. ഖനനവേല പൂർത്തിയാകുകയും, അതേത്തുടർന്നുണ്ടായ നിരീക്ഷണങ്ങൾ ഗ്രീക്ക് കായിക സംസ്കാരത്തിൻെറ ഒരു സമഗ്രമായ ചിത്രം അത്ഭുതമൂകമായ ലോകത്തിനു നൽകുകയും ചെയ്തതിനു ശേഷമേ പ്രാചീന വിനോദങ്ങളുടെ ഒരു നവോത്ഥാനം സുസാദ്ധ്യമായിത്തീർന്നുള്ളു.

പ്രാചീനമെങ്കിലും നിത്യമായി യുവത്വപൂർണ്ണമായ ഗ്രീസിലെ കലാനിധികൾ ഉപഗമ്യമാക്കിത്തീർക്കുന്നതിന്ന് ഒരു വിങ്കൾമാൻെറയോ കർട്ടിസിൻെറയോ ധിഷണാവിലാസം അത്യന്താപേക്ഷിതമായിരുന്നതുപോലെ, പ്രാചീനമെങ്കിലും അഭിവന്ദ്യമായ പദ്ധതികൾക്കു ആധുനികപ്രാമാണ്യം നല്കുന്നതിന്ന് കായികസംസ്കാരതരംഗത്തിൽ, ബാറൺ പിയറേഡി ഗ്രുബെർട്ടിൻ എന്ന ഫ്രഞ്ചുകാരൻേറതുപോലെയുള്ള ഒരു ധിഷണാവിലാസം അത്യന്താപേക്ഷിതമായിരുന്നു. വർത്തമാനകാലത്തെ അതിലംഘിച്ചു ഭാവിയെ വീക്ഷിക്കുന്ന എല്ലാ മഹാസ്വപ്നദർശകന്മാർക്കും സംഭവിക്കാറുള്ളതുപോലെതന്നെ അദ്ദേഹത്തിനും സംഭവിച്ചു. അദ്ദേഹം സവിശേഷം അധിക്ഷിപ്തനായി. എങ്കിലും അദ്ദേഹം തൻെറ ആദർശത്തിൽനിന്നു വ്യതിചലിച്ചില്ല. അക്ഷീണസ്ഥൈര്യത്തോടുകൂടി അദ്ദേഹം ആ ആദർശത്തെ തൻെറ ആയുഷ്കാലവൃത്തിയാക്കിത്തീർത്തു. അദ്ദേഹത്തിൻെറ അയോസന്നിഭമായ മനഃശക്തിയേയും, അചഞ്ചലമായ തീക്ഷ്ണതയും അഭിമുഖീകരിക്കേണ്ടിവന്ന വൈഷമ്യങ്ങൾ ഓരോന്നും ഇവിടെ എടുത്തു പറയേണ്ട ആവശ്യമില്ല. 1896-ൽ ഏതെൻസിലെ കൃഷ്ണശിലാനിർമ്മിതമായ വിഹാരമണ്ഡപത്തിലേക്കു കായികാഭ്യാസികൾ നടത്തിയ ഘോഷയാത്രയോടുകൂടി പ്രാചീന വിനോദങ്ങളുടെ പുനർജ്ജന്മം പരിപൂർണ്ണമായെന്നും, അതിൻെറ അഭിവൃദ്ധിയ്ക്കുള്ള മൂലക്കല്ലു് പ്രതിഷ്ഠാപിതമായി എന്നും മാത്രം പറയാം. ആ അഭിവൃദ്ധിയുടെ ആരംഭമാണു നാം ഇന്നു കാണുന്നത്. ആ വിനോദങ്ങളുടെ ഭാവിപ്രാമാണ്യതയെ സമ്യഹമാനം നിരീക്ഷിക്കുകയും ചെയ്യാം.

പ്രാചീനയവനന്മാർ ചെയ്തിരുന്നതുപോലെ, ഒളിമ്പിക്ക് വിനോദങ്ങളുടെ കണക്കനുസരിച്ച് നാം വയസ്സു കണക്കാക്കുകയോ,

സ്യൂസിൻെറ പീഠത്തിങ്കൽ ബലി അർപ്പിക്കുകയോ ചെയ്യില്ലെന്നു വരാവുന്നതാണ്. അന്നത്തെ സമസ്ത യവനരാജ്യവിനോദങ്ങളിൽനിന്നാണ് എല്ലാ രാജ്യക്കാർക്കും ജാതിക്കാർക്കും ഭാഗഭാക്കാകാവുന്ന ഇന്നത്തെ മത്സരങ്ങൾ ആവിർഭവിച്ചത്. ഇതു കാര്യമായ ഒരു വ്യത്യാസം തന്നെ. പക്ഷെ പരസ്പരജ്ഞാനത്തിനും, രാജ്യങ്ങൾ തമ്മിലുള്ള മൈത്രിക്കും ഒരു പ്രത്യേകമാർഗ്ഗമായിരുന്ന ഒളിമ്പിക്ക് ആദർശങ്ങളുടെ മഹനീയമായ ഒരു വികാസം മാത്രമാണത്. പുതിയ കാലങ്ങളിൽ പുതിയ രൂപങ്ങളും പുതിയ ആഘോഷങ്ങളുമാണല്ലോ ആവശ്യമായിരിക്കുന്നത്. എങ്കിലും അവക്കു പ്രാചീനഗ്രീസിലെപ്പോലെതന്നെ ആഘോഷകരവും തീക്ഷ്ണവുമാകാവുന്നതാണ്. പ്രാചീനവും ആധുനികവുമായ ഘടകങ്ങളെ പൂർണ്ണമായി ഏകീകരിച്ചുകൊണ്ടാണ് പീയറേ ഡി ഗ്രബർട്ടിൻ ഇതു സാധിച്ചത്. ഒരിക്കൽ അനുഭവപ്പെടുന്നവർക്ക് ഒരു നാളും അതിനെ വിസ്മരിക്കുവാൻ സാധിക്കുന്നതുമല്ല. രൂപങ്ങൾ ക്ഷണഭംഗുരങ്ങളാണെങ്കിലും ആദർശങ്ങൾ ചിരസ്ഥായികളാകുന്നു. ശാരീരികമായും, ആദ്ധ്യാത്മികമായും, മാനസികമായും പരിപൂർണ്ണമായിരിക്കുക എന്നുള്ള ആദർശം അചഞ്ചലവും, നിത്യവും അക്ഷയവുമത്രേ.

ഈ ഘട്ടത്തിൽ ആസന്നമായിരിക്കുന്ന അടുത്ത ഒളിമ്പിക്ക് വിനോദങ്ങളേപ്പററി അല്പം അറിയുന്നതു രസാവഹമായിരിക്കുമല്ലൊ. ജർമ്മൻ തലസ്ഥാനനഗരത്തിൻെറ പ്രാന്തദേശത്തുള്ളതും, ലോകത്തിലെ വിഹാരരംഗങ്ങളിൽ ഏററവും വിസ്താരമേറിയതുമായ കായികാഭ്യാസരംഗത്തിൽവെച്ച് 1936 ആഗസ്റ്റ് മാസത്തിലാണ് അവ നടക്കുന്നത്. വിഹാരരംഗങ്ങളുടേയും അക്ഷവാടങ്ങളുടേയും സമീപത്തു സ്ഥിതിചെയ്യുന്ന ഒരു ഗോപുരത്തിൽനിന്നു്, ഒളിമ്പിക്ക്വിനോദങ്ങളുടെ ചരിത്രത്തിൽ ഇദംപ്രഥമമായി, പുറപ്പെടുന്ന ഘണ്ടാനാദം—ബ്രഹ്മാണ്ഡമായ ഒളിമ്പിക്ക്മണിയുടെ നാദം—ഈ വസ്തുത ലോകത്തെ വിളിച്ചറിയിക്കുന്നതാണ്. ഭീമാകാരമായ ആ മണിയുടെ പുറത്തു് "ലോകത്തിലെ യുവാക്കന്മാരെ ഞാൻ ക്ഷണിക്കുന്നു" എന്നു് കൊത്തിയിട്ടുണ്ടു്. ഈ ഘണ്ടാനാദം പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന അതിവിസ്തൃതവും ബൃഹത്തരവുമായ ബർലിൻ വിഹാരരംഗങ്ങളിലാണ്, മഹാമഹങ്ങളിൽ സർവ്വപ്രധാനമായ ഒളിമ്പിക്ക് വിനോദങ്ങളിൽ ഭാഗഭാക്കാകുന്നതിനായി ലോകത്തിലെ കായികാഭ്യാസപ്രമുഖന്മാർ സന്നിഹിതരാകാനിരിക്കുന്നതു്. ഇതിലേക്കുള്ള ജർമ്മനിയുടെ ക്ഷണം ഇതിനകം നാല്പത്തെട്ടു രാജ്യ

ങ്ങൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. കായികവിനോദികൾക്ക് അറിയപ്പെട്ടിട്ടുള്ള സമ്മാനങ്ങളിൽ ഏററവും ആശാസ്യമായ ഒളിമ്പിക്കുസമ്മാനങ്ങൾക്കുവേണ്ടി നാല്പത്തെട്ടു രാജ്യങ്ങൾ മത്സരിക്കുന്നതാണ്. പക്ഷെ മഹനീയമായ ഈ മത്സരത്തിൽ വിജയകിരീടം അണിയുന്നവർ ആരായിരിക്കും?

ഒളിമ്പിക്ക് വിനോദങ്ങൾ സാധാരണ നാലു കൊല്ലത്തിലൊരിക്കലാണ നടത്തപ്പെടുന്നത്. കഴിഞ്ഞ പ്രാവശ്യത്തെ വിനോദപ്രകടനം മൂന്നു കൊല്ലം മുമ്പ്, പ്രകൃതിസുന്ദരമായ കാലിഫോർണിയായിൽവെച്ചാണ നടത്തപ്പെട്ടതു്. ഈ മഹാമഹം കൊണ്ടാടുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചതു് ലോസ് ഏഞ്ചലസ് നഗരത്തിനായിരുന്നു. മേഘശൂന്യമായ ശ്യാമളാംബരമണ്ഡലത്തിനു കീഴിൽ, ശാന്തസമുദ്രതീരത്തുവെച്ചു കഴിച്ചുകൂട്ടിയ അന്നത്തെ ദിനങ്ങൾ വാസ്തവത്തിൽ മഹനീയങ്ങൾ തന്നെയായിരുന്നു. കായികാഭ്യാസപ്രകടനത്തിനുള്ള കാര്യക്ഷമത, വിഹാരരംഗങ്ങളുടെയും അക്ഷവാടങ്ങളുടേയും പൊതുവായ ക്രമീകരണം, അവയെ ഗുണകരമായ വിധം ഉപയോഗിക്കാവുന്ന മാർഗ്ഗങ്ങൾ മുതലായവയെപ്പററി നവനവങ്ങളായ ആദർശങ്ങൾ അവിടെവെച്ച് ഉൽഭൂതമായി. തൽഫലമായി, അതിനുമുമ്പുണ്ടായിട്ടുള്ളവയേക്കാൾ ലോസ് ആഞ്ചെൽസിലെ ഒളിമ്പിക്ക് വിനോദങ്ങൾ എല്ലാംകൊണ്ടും പ്രശസ്തമായി ഭവിച്ചു. കാലിഫോർണിയായിലെ വിനോദങ്ങളെ അതിശയിക്കേണ്ടതു്, കുറഞ്ഞ പക്ഷം അതിനോട്ടു് ഒപ്പമെത്തേണ്ടതു്, ഇന്നു ജർമ്മനിയുടെ കർത്തവ്യമായിത്തീർന്നിരിക്കുന്നു. ഈ ഉദ്ദേശ്യത്തോടുകൂടി, ജർമ്മനി കഴിവുള്ളപോലെ യത്നിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

ഒളിമ്പിക്ക് വിനോദങ്ങളുടെ ചരിത്രത്തിൽ ഇദംപ്രഥമമായി ബ്രഹ്മാണ്ഡമായ ഒരു ഒളിമ്പിക്ക് മണി അടിച്ചുകൊണ്ടിരിക്കുമെന്നു പറഞ്ഞല്ലോ. അതുപോലെതന്നെ ഇദംപ്രഥമമായി ഒരു ഗണം അശ്വാരൂഢന്മാർ മാറിമാറി ഒളിമ്പിയയിലെ പ്രാചീനക്ഷേത്രം സ്ഥിതിചെയ്യുന്നിടത്തുനിന്നു് ഒളിമ്പസിന്റെ പവിത്രമായ അഗ്നി, ഗ്രീസ്, ബൾഗേറിയ, യുഗോസ്ലേവിയ, ഹംഗറി, ആസ്ത്രിയ, ചെക്കൊസ്ലോവാക്കിയാ ഈ രാജ്യങ്ങളിൽക്കൂടി കടന്നു ബർലിനിൽകൊണ്ടുചെയ്യുന്നതാണ്. ബർലിനിലെ ആ മഹാപന്തയക്കളത്തിൽ ഒളിമ്പിക്കുഗീതങ്ങളും ബിഥോവന്റെ Ninth Symplony എന്ന അനശ്വരഗാനവും ശ്രുതിമധുരമായ സ്വരത്തിൽ പ്രതിധ്വനിക്കപ്പെടുന്നതാണ്. ലോകം

ഇതിനു മുമ്പ് കണ്ടിട്ടില്ലാത്ത തരത്തിൽ ഭീമമായ വിസ്തൃതിയോടും പരിപൂൎണ്ണമായ ക്രമീകരണത്തോടുകൂടിയ ആ പന്തയക്കളം ദ്രഷ്ടാക്കളെ അത്ഭുതപരതന്ത്രരാക്കിത്തീൎക്കുന്നതാണ്. അതോടുകൂടി മനോമോഹനവും അത്യന്തസുന്ദരവുമായ അവിടത്തെ പ്രകൃതിവിലാസവുംകൂടി ചേൎന്നാലത്തെ കഥ പറയേണ്ടതില്ലല്ലോ. പ്രാചീനഗ്രീസിൽ കലയുംകായികാഭ്യാസവും അത്യന്തം ഏകീഭവിച്ചിരുന്നതുപോലെ ബർലിനിലെ പന്തയക്കളത്തോടു ചേൎന്നു, പ്രാചീനസൌന്ദൎയ്യത്തോടുകൂടിയ ഒരു നാടകശാലയും ഉണ്ടായിരിക്കുന്നതാണ്. അതിന്റെ പാശ്ചാത്തലം, സമീപത്തുള്ളതും, പൈൻ വൃക്ഷങ്ങളാൽ നിബഡീകൃതവുമായ മനോഹരരാജ്യമായിരിക്കും.

പന്തയം ആരംഭിക്കുവാൻ അടയാളം കൊടുക്കുന്നവരുടെ കൈത്തോക്കു പൊട്ടുന്ന സ്വരം ഭാവനാശക്തികൊണ്ട് ഒരാൾക്ക് ഇപ്പോഴേ കേൾക്കാവുന്നതാണ്. പ്രബുദ്ധരും തീക്ഷ്ണരുമായ ജനക്കൂട്ടത്തിന്റെ അട്ടഹാസത്താൽ മുഖരിതമാകുന്ന പന്തയക്കളത്തെ ദൎശിക്കുകയും ചെയ്യാം. കരിനിറത്തിലുള്ള പാതകൾ, നീന്തുമത്സരത്തിനുള്ള കുളത്തിലെ വെള്ളത്തിലെ ചെറുതിരകൾ, ഹരിതവൎണ്ണമായ മൈതാനങ്ങൾ, ബൃഹത്തരമായ മുറികൾ, പോക്കളങ്ങൾ, ലോകത്തിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള മിടുമിടുക്കന്മാരായ അഭ്യാസികൾ മത്സരങ്ങളിൽ ഒന്നാംകിടയിൽ എത്തുവാൻ ചെയ്യുന്ന ശ്രമങ്ങൾ, ഇതെല്ലാം നാം ഇപ്പോഴേ കാണുന്നതു പോലെ തോന്നുന്നു.

ഒളിമ്പിക്ക് വിനോദങ്ങൾക്ക്, കായികാഭ്യാസപരമായ നിലയേക്കാൾ കാൎയ്യമായ ഒരു പ്രാധാന്യമുണ്ട്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പെട്ടവരായ ജനങ്ങൾക്ക്, അഭ്യാസികളായോ, പ്രേക്ഷകരായോ വന്നുചേരുന്നതിനും, അഭിപ്രായവ്യത്യാസങ്ങളെ സമീകരിക്കുകയും, തൎക്കവിഷയങ്ങളെ മയപ്പെടുത്തുകയും ചെയ്യുന്നതിനുപകരിക്കത്തക്കവിധം സഹാനുഭൂതിയുടേയും പരസ്പരജ്ഞാനത്തിന്റെയും ഒരു ബന്ധം സ്ഥാപിക്കുന്നതിനും സാധിക്കുന്നുവെന്നുള്ളതാണ് ആ മെച്ചം. നന്നായി പരിചയപ്പെടുന്നതിനും, നന്നായി പരസ്പരം അറിയുന്നതിനുമുള്ള സന്ദൎഭം ഒളിമ്പിക്ക് വിനോദങ്ങൾ നിമിത്തം സംസിദ്ധമാകുന്നു.

ജൎമ്മനിയെപ്പററി യാതൊന്നും അറിയാത്ത അനേകം വിദേശികൾ നിൎഭാഗ്യവശാൽ ഇന്നുണ്ട്. അതുപോലെ തന്നെ സന്ദേഹമനസ്ഥിതിയോടും, പ്രശംസാരഹിതരായും ജൎമ്മനിയെ ഉററുനോക്കുന്നവരും ഉണ്ട്. ഇതിന്റെ കാരണം അവിടെ നടക്കുന്നതെന്തൊക്കെയാണെന്നു ശരിക്കു

മനസ്സിലാകാത്തതുകൊണ്ടാണ്. അങ്ങനെയുള്ളവക്ക് ജമ്മനിയൽ നടക്കുന്നതെന്താണെന്നു നേരിട്ടു കണ്ടറിയാനുള്ള ഒരു സന്ദർഭമാണ് ഒളിമ്പിക്കു വിനോദങ്ങൾ മൂലം കൈവന്നിരിക്കുന്നതു്. സർവ്വത്രികമായ താല്പര്യവും പ്രാധാന്യവുമുള്ള ഈ സംഭവം നടക്കുന്നതിനു് ഇനി രണ്ടുമാസമില്ല.

സ്റ്റീപ്പ്ൾചേയിസ്, ഹർഡിൽറേസ് എന്നു രണ്ടു തരം കുതിരപ്പന്തയങ്ങൾ ഒളിമ്പിക്കു വിനോദങ്ങളുടെ കൂട്ടത്തിലുണ്ട്. ഈ വിനോദങ്ങളിൽ, 120 ഗജവും 437 ഗജവും ദൂരത്തിലുള്ള രണ്ടു ഹർഡിൽ റേസുകളും 3280 ഗജം ദൂരത്തിലുള്ള ഒരു സ്റ്റീപ്പിൾ ചെയിസും ഉണ്ട്. ഇതിൽ ഒടുവിൽ പറഞ്ഞതാണു മത്സരികൾ പ്രധാനമായി ഗണിക്കുന്നതു് (വേലി, ചുമരു് മുതലായവ അതിലംഘിച്ച് — തടസ്സങ്ങളെ അവഗണിച്ച് — നടത്തുന്ന കുതിരപ്പന്തയത്തിനാണു സ്റ്റീപ്പ്ൾ ചേയിസ് എന്നു പറയുന്നതു്. തട്ടികൾ മുതലായവയുടെ മുകളിൽകൂടി ചാടിക്കുന്നതു്. തട്ടികൾ മുതലായവയുടെ മുകളിൽകൂടി ചാടിക്കുന്നതിനു ഹർഡിൽറേസ് എന്നും പറയുന്നു) ഈ കുതിരപ്പന്തയങ്ങളെ നിയന്ത്രിക്കുന്ന സാർവലൌകികനിയമങ്ങളനുസരിച്ച്, ഓരോ കുതിരയോട്ടത്തിന്റെയും അവസാനത്തിൽ, 36 ഇഞ്ചു് ഉയരം വരുന്ന തട്ടികളുടേയോ വേലികളുടേയോ മുകളിൽക്കൂടി 5 പ്രാവശ്യം ചാടിക്കണമെന്നു നിർബന്ധമുണ്ട്. ഈ കുതിരപ്പന്തയത്തിൽ ചാടിക്കടക്കേണ്ട കുളത്തിനു് 11 അടി വീതിയാണുള്ളതു്. അതിനു് ഏററവും ആഴം കൂടിയ ഭാഗത്തിനടുത്തു് 30 ഇഞ്ചു് ഉയരമുള്ള ഒരു വേലി ഉണ്ടു്. അവിടെനിന്നും ക്രമേണ കുളത്തിന്റെ ആഴം കുറഞ്ഞു കുറഞ്ഞു വരുന്നു. ഈ വൈഷമ്യങ്ങളെയെല്ലാം തരണം ചെയ്യാണു് കുതിരപ്പന്തയക്കാർ മത്സരിക്കേണ്ടതു്.

മഹായുദ്ധത്തിനു മുൻപു് ഒളിമ്പിക്കു് വിനോദങ്ങളിൽ വിജയികളായവരിൽ അധികവും ഇംഗ്ലീഷുകാരും അമേരിക്കരും ആയിരുന്നു എന്നാൽ മഹായുദ്ധത്തിനുശേഷം ഫിൻലൻഡുകാരാണു സ്റ്റീപ്പ്ൾചെയിസ്സിൽ ഒന്നാംസ്ഥാനത്തുനിൽക്കുന്നതു്. ബർലിനിലെ ഒളിമ്പിക്കു് വിനോദങ്ങളിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്നവർ ആരായിരിക്കും ?

# ആററുവക്കത്ത്.

—പ്രേംജി.

൧.

അക്കഭ്രാംബരയായ സന്ധ്യ കവിളും
ചോപ്പിച്ചു, ചട്ടപ്പടി-
ക്കോ, കക്ഷത്തേന്തിയ തണ്ണിനീർക്കുടവുമാ-
യുത്താരമെത്താക്കയാൽ
തക്കം പാർത്തു വിലാസി മന്ദപവനൻ
ലാത്തുന്നു, ചേർത്തും നദീ-
വക്കത്തക്ഷമനായ് ച്ചൂട്ടുക്കൊന്നെ നെട്ടും-
വീപ്പിട്ടു വീപ്പിട്ടിതാ!

൨.

തിരസ്ഥദ്രുമവശ്യ, ന്നുഷ്മളഗളൻ-
ബാഷ്പാവിലാർദ്രാംഗിയായ്-
ദൂരപ്പെട്ടുകരഞ്ഞുകൊണ്ടൊഴുകുമീ-
യോമന്നദിക്കായ് സ്വയം
ആരക്താമലവർണ്ണപത്രനികരം
മെല്ലെന്നരിഞ്ഞേകിടും-
നേരം മാരുതനെന്തിനാണവകളെ-
ത്തട്ടിപ്പറിപ്പൂ വൃഥാ?

൩.

ഉല്ലാസോത്തരളങ്ങളാം തിരകളാൽ-
ത്തല്ലിത്തകർത്തീടിലും
നില്ലാതെപ്പൊഴുമിങ്ങു വെൺനുരകളാൽ
മാന്തിപ്പൊളിച്ചീടിലും,
നല്ലാറേ, കരപററിയങ്ങിനെയന-
ങ്ങാതേ കിടപ്പൂ കരി-
കല്ലാരാൽ: പ്രണയോർമ്മിളപ്രകൃതിതൻ
തല്ലാർക്കുമുല്ലാസദം!

91770
D32m20322
G7
MADRAS UNIVERSITY LIBRARY
- 3 APR 2003
CHENNAI-600 005

൮.

പുച്ഛപ്പുഞ്ചിരി തൂകിടാം കുതിരവാൽ-
പ്പുൽച്ചാർത്തിതുച്ചാവചം;
സച്ഛത്മം ചപലാനിലൻ പിറുപിറു-
ത്തീടാമിലക്കൂട്ടമായ്;
സ്വച്ഛന്ദം പ്രവഹിച്ചുകൊള്ളുക—തട-
സ്ഥം നിൻ തടസ്സം മഹാ-
തുച്ഛംതാൻ തവ നിർമ്മലാമൃതഝരി-
ക്കു, ല്ലോലകല്ലോലിനി!

൯.

പൂശീലെത്ര കുളിത്ത കുങ്കുമരസം
സായാഹ്ന ശാന്താരുണൻ;
വീശീലെത്ര വിലോപമാം വിശറിയാൽ-
ക്കുളലാന്തതാലാളികൾ;
പേശീലെത്ര സുസാന്ത്വനോക്തികൾ മര-
പ്പൊത്താന്ന തത്തമ്മമാർ-
ഹാ, ശീർഷം ശിലമേലടിച്ചു കരയു-
മ്മാറെ, ന്തിതാറെപ്പൊഴും?

൰

തീയാളുംപടി ചുട്ട വേനൽവെയില-
ത്തേററം തപിക്കു, ക്കരെ-
ക്കായാവിൻതരുതൻ തണുത്ത തണൽ ത-
ന്നില്ലേ നിനക്കായ് സ്വയം?
നീയാറേ, പകരം, മുഷിഞ്ഞു മുഖമെ-
ന്തേവം കറുപ്പിപ്പതി-
ച്ഛായാബിംബനകൈതവാ;—ലറിവതാ-
രാവക്രഭാവം തവ!

൧

തുമ്പില്ലാതെ തലച്ചു കാററു പിടിപെ-
ട്ടാററിൻകരയ്ക്കെ,ന്തിനോ
തുമ്പിച്ചാർത്തു തുളച്ച നീ, നെടുമുളേ,
പാടുന്നു രാഗാകുലം?
നിൻചിച്ചേത്ര വിചിത്ര!-മുപ്പുകടലിൻ-
നേർക്കോടിയും പാടിയും
വെമ്പിപ്പോമവളെത്തിരിച്ചരികിലെ-
ത്തിപ്പാൻ നിനക്കാവതോ?

# സാഹിത്യവും സാമാന്യജീവിതവും. *

—എം. എസ്സ്. ദേവദാസ്, ബി. ഏ. ഓണേഴ്സ്.

I

ആവേശം മാത്രമാണ് യുവചൈതന്യത്തിന്റെ ലക്ഷണമെന്നും, ആലോചന കഴിയുന്നതും കുറച്ച്, ക്ഷോഭം കഴിയുന്നതും കൂട്ടുകയാണ് ചോരത്തിളപ്പുള്ള ചെറുപ്പക്കാരുടെ ചുമതലയെന്നും തെററിദ്ധരിച്ചിട്ടുള്ളവർ ഇന്നു ധാരാളമുണ്ട്. തലച്ചോറിന്റെ പ്രേരണയേക്കാളധികം കൈവിരലുകളിലൂടെ ഓടുന്ന ചുടുരക്തത്തിന്റെ പ്രേരണയാലാണ് ഇവർ എഴുതുന്നതു്. ബുദ്ധിയുടെ നിഗ്രഢവും അവണ്ണനീയവുമായ ശക്തിയേക്കാളധികം നാവിന്റെ നാഡിബലംകൊണ്ടാണ് ഇവർ സംസാരിക്കുന്നതു്. വിചാരിക്കുവാനോ വിചാരിപ്പിക്കുവാനോ ഇട കൊടുക്കാതെ, എല്ലായ്പോഴും വെറും വികാരങ്ങളുടെ പരിധിയിൽ, ശരീരത്തെ മാത്രം സ്പർശിക്കുന്ന വെറും ചില ബാഹ്യവികാരങ്ങളുടെ സാമ്രാജ്യത്തിൽ, കിടന്നു കൂത്തടിച്ചതുകൊണ്ടു മതിയാവും വലിയ വലിയ വിപ്ലവങ്ങൾ സാധിക്കുവാൻ എന്ന് ഇവർ വിശ്വസിക്കുന്നു.

ഇത്രയും ഭീമവും ഭയങ്കരവുമായ ഒരു തെററിദ്ധാരണ ഇനിയുണ്ടാകാനില്ല. അറിവും ആലോചനയുമില്ലാതെ, അടിയുറച്ച വിവേകത്തിന്റെ സാഹായ്യവും ബലിഷ്ഠമായ ചിന്തയുടെ പിൻബലവും കൂടാതെ, യാതൊരു മഹത്തായ വിപ്ലവവും പ്രയോജനപ്രദമായ വിധത്തിൽ ലോകത്തിലുണ്ടായിട്ടില്ല. യാഥാസ്ഥിതികന്മാൎക്കു ബുദ്ധിശക്തിയോ ആലോചനാശക്തിയോ ഇല്ലെങ്കിലും കഴിഞ്ഞുകൂടുവാൻ കഴിയും. കിടന്ന കിടപ്പിൽനിന്ന് അനങ്ങുകപോലും ചെയ്യാതെ അങ്ങനെയൊരു നിൎജ്ജീവമായ രീതിയിൽ ജീവിച്ചുപോരുന്ന പഴമയുടെ തലയോട്ട് ശൂന്യമായാൽത്തന്നെ എന്താണ്? ഊൎജ്ജസ്വലമായ കാൽവെപ്പോടും ഉദ്ധതമായ പെരുമാററത്തോടുംകൂടി സമുദായത്തിലും സാഹിത്യത്തിലും വിപ്ലവങ്ങളുണ്ടാക്കിക്കൊണ്ടു മുന്നോട്ടു നടന്നു പോകണമെന്ന് ആഗ്രഹിക്കുന്ന പരിവൎത്തകന്മാരുടേയും പരിഷ്കൎത്താക്കളുടേയും തലയോട്ടിലാണു തലച്ചോറ് അത്യാവശ്യകമായിരിക്കുന്നതു്. അല്ലാത്തപക്ഷം അവരാൽ നയിക്കപ്പെടുന്ന മററുള്ളവർ വല്ല മുൾക്കുഴിയിലും

---

* കിഴത്താനി സാഹിത്യസമാജത്തിന്റെ വാൎഷികയോഗത്തിൽ ചെയ്ത പ്രസംഗം.

ചെന്നു ചാടും. ഫ്രാൻസിലെ ഭരണപരിവൎത്തനത്തിന്റെ ജനയിതാക്കളെന്നു പേരെടുത്തിട്ടുള്ള വോൾട്ടയരും റൂസ്സോവും മഹാന്മാരായ ബുദ്ധിമാന്മാരായിരുന്നു. എന്നിട്ടും ആ വിപ്ലവത്തിൽ അവരാൽത്തന്നെ അപ്രതീക്ഷിതങ്ങളായിരുന്ന അനേകം അപ്രശസ്തങ്ങളും ഭയജനകങ്ങളുമായ പല പല സംഭവങ്ങളുമുണ്ടായി. നാമിപ്പോൾ ഇവിടെ തൽക്കാലം ആലോചിക്കുന്നതു് കേരളത്തിലെ സാഹിത്യത്തിൽ വരുത്തേണ്ടുന്ന വിപ്ലവത്തെക്കുറിച്ചു മാത്രമായതുകൊണ്ടു് രക്തച്ചൊരിച്ചലും മററും ഉണ്ടാവുകയില്ലായിരിക്കാം. എങ്കിലും, മനുഷ്യരുടെ സാമുദായികജീവിതത്തിൽ ഒരു രക്തച്ചൊരിച്ചൽ എത്രകണ്ടു് അനാശാസ്യമാണോ, അത്രകണ്ടു് അപഹാസ്യമാണു് സാഹിത്യത്തിന്റെ സീമയിൽ വിപ്ലവങ്ങളായ വാദങ്ങളുടെ പ്രചരണം. നവംനവങ്ങളായ ഉൽകൃഷ്ടതത്വങ്ങളെ നാം തീൎച്ചയായും പരത്തുവാൻ നോക്കണം. എന്നാൽ, നവംനവങ്ങളായ നികൃഷ്ടതത്വങ്ങളുടെ പ്രചരണത്തെ നിശ്ശേഷം നാം തടയണം. പുതിയതരം വിപ്ലവങ്ങൾ പഴയതരം വിപ്ലവങ്ങളോടൊപ്പം തന്നെ ത്യാജ്യകോടിയിൽ തള്ളപ്പെടേണ്ടവയാകുന്നു.

സാമാന്യജീവിതവും സാഹിത്യവും തമ്മിൽ വല്ല ബന്ധവുമുണ്ടോ, ഉണ്ടെങ്കിൽ അതു എത്രത്തോളമാണു് എന്നു തുടങ്ങിയുള്ള പ്രശ്നങ്ങൾ നിശ്ചയമായും നമ്മുടെ ഗൌരവപ്പെട്ട ചിന്തയുടെ ആശ്ലേഷത്തെ അൎഹിക്കുന്നവയാണു്. ഇതിനു നാം ശാന്തബുദ്ധ്യാ തുനിയാത്തതുകൊണ്ടു മാത്രമത്രേ, നമ്മിൽപ്പലൎക്കും മററു ചിലരോടു കോപവും നിന്ദയുമുണ്ടാകുന്നതു്. അതുപോലെത്തന്നെ അവരിൽച്ചിലർ ഇങ്ങോട്ടും വെറുപ്പോടുകൂടി വീക്ഷണം ചെയ്യുന്നുണ്ടു്. രണ്ടിനും കാരണം ഒന്നാകുന്നു: കൂലങ്കഷവും നിഷ്പക്ഷപാതവുമായ ആലോചനയുടെ അഭാവം.

ജീവിതം എന്ന വാക്കു് അതിന്റെ ഏററവും വ്യാപകമായ അൎത്ഥത്തിൽ ഉപയോഗിക്കുന്നതായാൽ, അതിന്റെ അഗാധവും അപരിമേയവുമായ ആ തല ചുററിപ്പിക്കുന്ന ചുററളവിൽ—അഥവാ, അളവില്ലായ്മയിൽ—ഒതുങ്ങുന്നതേയുള്ളു സാഹിത്യവും സംഗീതവും ചിത്രമെഴുത്തും, എന്നുവേണ്ട, സുന്ദരങ്ങളും അസുന്ദരങ്ങളുമായ എല്ലാത്തരം കലകളും കലാഭാസങ്ങളും, പ്രായോഗികങ്ങളും അപ്രായോഗികങ്ങളുമായ എല്ലാത്തരം ശാസ്ത്രങ്ങളും, അവയെല്ലാം പുറമെ, അവയിൽനിന്നു ഇതരമാണെന്നു പറയപ്പെടാറുള്ള സാധാരണമായ നമ്മുടെ ജീവിതവും. എന്നാൽ, ഈ ഇതരമാണെന്നു പറയപ്പെടുന്ന നമ്മുടെ സാധാരണ

ജീവിതം വാസ്തവത്തിൽ അവയിൽനിന്നു് ഇതരമാണോ? ആണെങ്കിൽ, എത്രത്തോളമുണ്ടു് ഈ ഇതരത്വം? അതാണു് നമുക്കു സമാധാനം കിട്ടേണ്ടിയിരിക്കുന്ന ചോദ്യം. സമാധാനമാകട്ടെ, ഇതാണു്: കലയിൽനിന്നു വളരെയധികം ദൂരപ്പെട്ടതല്ലാത്ത—കലയെ, എന്നു വെച്ചാൽ അതിൻെറ ചുവടെയുള്ള ഭാഗങ്ങളെ, സ്പൃശിക്കുകയും അവയാൽ സ്പൃശിക്കപ്പെടുകയും ചെയ്യുന്ന—ചില സവിശേഷവിഭാഗങ്ങൾ സാമാന്യജീവിതത്തിലുണ്ടു്. അതുപോലെത്തന്നെ, സാമാന്യജീവിതവുമായി വളരെയധികം ബന്ധപ്പെട്ടുകിടക്കുന്ന കലാവിഭാഗങ്ങളുമുണ്ടു്. ഈ രണ്ടു വിഭാഗങ്ങളും അന്യോന്യാവലംബികളാണു്, അന്യോന്യം ഉജ്ജീവിപ്പിക്കുന്നവയാണു്, അന്യോന്യം ആശ്രയിച്ചു കഴിയുന്നവയുമാണു്. എന്നാൽ ഇവയിൽ നിന്നെല്ലാം അകലെ, ഇവയുമായി യാതൊരു ബന്ധവുമില്ലാതെ, ജീവിതത്തിൽനിന്നു് ഇതരമായ കലയുമുണ്ടു്. കലയിൽനിന്നു് ഇതരമായ ജീവിതവുമുണ്ടു്. ഒടുവിൽപ്പറഞ്ഞ രണ്ടിൻേറയും അഗ്രവർത്തികളായ ആളുകൾ തമ്മിലാണു് ഇന്നു നാം കാണുന്ന കലഹം.

കലയുടേയും ജീവിതത്തിൻേറയും ആദ്യം പറഞ്ഞ അന്യോന്യോപജീവികളായ വിഭാഗങ്ങൾക്കു ഞാനൊരുദാഹരണം പറയാം. നമ്പൂതിരിസമുദായത്തിൻെറ വെറും ജീവിതപരങ്ങളായ അഴിമതികളുടെ മൂർച്ചമൂലമാണു നമ്മെക്കൊണ്ടു് അത്രയുമധികം ചിരിപ്പിക്കുകയും കരയിക്കുകയും ചെയ്തിട്ടുള്ള ആ രസാകത്തം തുളുമ്പുന്ന പ്രഹസനങ്ങളും നാടകങ്ങളുമുണ്ടായതു്. എന്നല്ല, നേരേമറിച്ചു് ഇതേ രസാവഹങ്ങളായ കലാവസ്തുക്കളുടെ പ്രയോഗംകൊണ്ടുതന്നെ നമ്പൂതിരിസമുദായത്തിൻെറ വളർച്ചയ്ക്കും ഗുരുതരമായ ഗുണമുണ്ടായിട്ടുണ്ടു്. പക്ഷേ, ഈയൊരു കാരണംകൊണ്ടു മാത്രം ഈ പ്രഹസനങ്ങൾക്കും നാടകങ്ങൾക്കും മേലെക്കിടസ്സാഹിത്യത്തിൻെറ സംസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നില്ല. എന്തുകൊണ്ടു്? അവ ഒരു സമുദായത്തിൻെറ സാമാന്യജീവിതവുമായി അത്രമാത്രം ബന്ധപ്പെട്ടു കിടക്കുന്നവയാണു്—അതുകൊണ്ടുതന്നെ. സാമുദായികങ്ങളായ വെറും ചില പരിഷ്കാരങ്ങൾക്കു ചവുട്ടിക്കയറുവാൻവേണ്ടി ഉപയോഗിക്കപ്പെടുന്ന സാഹിത്യം, ആ ആവശ്യമവസാനിച്ചാൽ, ആ ഉൽക്കർഷം മുഴുവനായാൽ, ഒരു കോണിയെന്നപോലെ പുറംകാലുകൊണ്ടു തട്ടിനീക്കപ്പെടുന്നു, മുകളിലെത്തിയവരുടെ താഴെയായിത്തീരുന്നു. ശാശ്വതമായ ആയുസ്സ് ഇത്തരം സാഹിത്യത്തിന്നില്ല. പക്ഷേ താൽക്കാലികമായ പ്രചാരവും പ്രയോജനവും ഇതിന്നാണു് ജനതയുടെ ഇടയിൽ ധാരാളമായുണ്ടാവുക.

ഭാവനാലോകത്തിനും കർമ്മപ്രപഞ്ചത്തിനും മദ്ധ്യത്തിൽ വർത്തിക്കുന്ന ഈ അതിർത്തിസംസ്ഥാനം വിളവുള്ളതാകകൊണ്ടു് വിപുലമാക്കേണ്ടതാണു്. ഒരിക്കലും ഉണങ്ങാത്ത ഇലകളോടും വാടിക്കൊഴിയാത്ത പഴങ്ങളോടും കൂടിയ വൃക്ഷങ്ങളോ, ഒരിക്കലും കരിയാത്തവയും പരിമളം പോകാത്തവയുമായ പുഷ്പങ്ങളോടുകൂടിയ ലതകളോ ഈ ഭൗതികമായ ക്ഷേത്രത്തിൽ വളരുകയില്ല. പക്ഷേ, ഇവിടെയുണ്ടാകുന്ന മരങ്ങളുടെ കായ്കൾ തികച്ചും തിന്നാവുന്നവയാണു്. ഇവിടങ്ങളിൽ വിടരാറുള്ള പൂക്കൾ സാമാന്യജനതയുടെ ജടപിടിച്ച തലമുടിയിലും സങ്കോചമന്യേ എടുത്തു ചൂടാവുന്നവയാണു്. ബ്രിട്ടനു് ഇന്ത്യപോലെയും ഇററലിക്കു് എത്യോപ്യപോലെയും അനുപേക്ഷണീയമാണു് നമുക്കു നമ്മുടെ സാഹിത്യസാമ്രാജ്യത്തിൽ ഈ സംസ്ഥാനം. സാമുദായികങ്ങളും സാമ്പത്തികങ്ങളുമായ അനേകം അസമത്വങ്ങളെക്കൊണ്ടു വിഷമവും നിമ്നോന്നതവുമായ നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഇക്കാലത്തു വിശേഷിച്ചും, സാഹിത്യത്തിന്റെ ചില ചില ഭാഗങ്ങളെസ്സംബന്ധിച്ചേടത്തോളമെങ്കിലും ഇപ്രകാരമൊരു വ്യവസ്ഥ രൂപവൽക്കരിക്കുന്നതു നന്നായിരിക്കും.

എന്നാൽ, ഇന്ത്യ കയ്യിൽനിന്നു പൊയ്പോകാതിരിപ്പാൻവേണ്ടി ബ്രിട്ടീഷുകാർ തങ്ങളുടെ മന്ത്രിസഭയേയും, അബിസീനിയ തങ്ങൾക്കു നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി ഇററലിക്കാർ തങ്ങളുടെ മുസ്സോളിനിയേയും ഉന്മൂലനം ചെയ്യേണ്ടതാണെന്നു പറഞ്ഞാൽ, സാമ്രാജ്യമേധാവികളായ ആ പാശ്ചാത്യരാജ്യക്കാർ പൊട്ടിച്ചിരിക്കുകയേ ഉള്ളു. ഭാവനാമയമായ സാഹിത്യത്തിലെ മഹാന്മാരുടെ നേരെ ഈ പ്രായോഗികസാഹിത്യത്തിന്റെ വെളിച്ചപ്പാടന്മാർ ഖഡ്ഗമുയർത്തിക്കാണിക്കുന്നതും ഏതാണ്ടു് അതുപോലെത്തന്നെ അസംബന്ധമാണു്. കയ്യിന്റേയും കാലിന്റേയും പ്രവർത്തനത്തിനു വിഷയകമായ നമ്മുടെ സാമാന്യലോകത്തിൽ സാമ്രാജ്യത്തിന്റെ തത്വങ്ങൾ നിഷിദ്ധങ്ങൾതന്നെ. എന്നാൽ ബുദ്ധിയുടെ ലോകം അങ്ങനെയല്ല. അവിടെ സ്ഥിതിസമത്വം അചിന്ത്യമാകുന്നു. അതു് ഒരു സാമ്രാജ്യമാണു്, എന്നും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. എല്ലാവരാലും സൃഷ്ടിക്കപ്പെടാവുന്നതും എല്ലാവർക്കും ഒരുപോലെ വീതിച്ചെടുക്കാവുന്നതുമല്ല ആ ഒരു സാമ്രാജ്യത്തിലെ സമ്പത്തു്. പ്രകൃതിദത്തമായ പ്രാഭവം ആർക്കാണോ അധികമുള്ളതു് അവനാണു് ആ രാജ്യത്തിലെ ധനവാൻ. അവിടത്തെ

മുതലാളി ഹിററ്ലരെപ്പോലെ കണ്ണുരുട്ടുന്ന വെറുമൊരു വ്യക്തിയല്ല. അവിടത്തെ സ്വേച്ഛാധിപത്യം മനുഷ്യന്റെ ബുദ്ധിശക്തിയുടേയാണ്, അവന്റെ പ്രതിഭയുടേയാണ്. സംഹരിക്കപ്പെട്ട എതിരാളികളുടെ അരുണമായ രക്തംകൊണ്ടല്ല, അനന്തയൌവനയായ ആ സൃഷ്ടിദേവതയുടെ പ്രഭാതമോഹനമായ പുഞ്ചിരിയാലാണ് അവിടത്തെ ഭരണാധികാരം ചെങ്കോലിന്നു ചായമിടുന്നതു്. അതു് സാമാന്യജീവിതത്തിൽനിന്നു് ഇതരവും വ്യതിരിക്തവുമായ സാക്ഷാൽ കലയുടെ രാജധാനിയാകുന്നു.

വള്ളത്തോളിന്റെ "മാപ്പ്" എന്ന കവിതയാണ് അദ്ദേഹമെഴുതിയിട്ടുള്ള എല്ലാററിലും വെച്ചു നല്ലതെന്നു് ഉള്ളിലും വിശ്വസിക്കുന്നുണ്ടോ എന്തോ! — പുറമേക്കു പറയുന്ന ചില ആളുകളെ ഇയ്യിടെയായി കാണമാനുണ്ടു്. ഉള്ളിൽ ഇവരിൽപ്പലക്കും ഈ വിശ്വാസം വാസ്തവത്തിലുണ്ടാവില്ലെന്നാണ് എന്റെ വിശ്വാസം. എന്തുകൊണ്ടെന്നാൽ, 'മാപ്പി'നേക്കാൾ നല്ല കവിതകൾ എത്രയോ എണ്ണം വള്ളത്തോൾ എഴുതിയിട്ടുണ്ടെന്നറിയുവാൻ വളരെ വലിയ പ്രയാസമൊന്നുമില്ല. "മാപ്പിന്നു്" ഒരു കവിതയെന്ന നിലയിൽ മേന്മയില്ലെന്നോ, സാധുക്കളുടെ ദൈന്യം കണ്ടിട്ടു കണ്ണുനീരൊഴുക്കുകയും അവരുടെ മർദ്ദകന്മാരെ അധിക്ഷേപിക്കുകയും ചെയ്യുന്ന കവിതകൾ നമുക്കു വേണ്ടെന്നോ അല്ല എന്റെ ആശയം. ദീനാനുകമ്പയുടേയോ പ്രഭുവിദ്വേഷത്തിന്റെയോ ധാരാളിത്തമല്ല കവിതയുടെ മേന്മയ്ക്കുള്ള മാനദണ്ഡം എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. കരയുവാൻ പലക്കും കഴിയും. കോപിക്കുവാൻ അതിലുമധികം ആളുകൾക്കു സാധിക്കും. കവിതയെഴുതുവാൻ, യഥാർത്ഥമായ മേന്മയോടുകൂടിയ അനശ്വരകാവ്യങ്ങളെ നിർമ്മിക്കുവാൻ, എത്രയോ ചുരുക്കം പേക്കു മാത്രമേ ലോകത്തിൽ ത്രാണിയുള്ളു. ഈ സംഗതി നാം വിസ്മരിക്കരുതു്. "പാവങ്ങൾ," "പട്ടിണി," "മുതലാളിവർഗ്ഗം" മുതലായ വെറും ചില വാക്കുകൾ കാണുകയേ വേണ്ടു, നമ്മളിൽപ്പലരും സംതൃപ്തിയടയുകയായി. നേരേ മറിച്ചു്, ഇങ്ങിനെയുള്ള വാക്കുകൾക്കു പ്രാതിനിധ്യം കൊടുക്കാത്ത വരികളോടുകൂടിയ കവിതകളുടെ നേരെ ഇപ്പറഞ്ഞ ആളുകൾ ക്രുദ്ധരാവുകയും ചെയ്യും. ക്രിസ്തുവിനെ ഒരിടത്തു കൃഷ്ണനോടും മറെറാരിടത്തു ശിവനോടും ഉപമിച്ചുകൊണ്ടുള്ള ചില ഭാഗങ്ങൾ "മഗ്ദലനമറിയ"ത്തിൽ കാണപ്പെടുന്നതുകൊണ്ടു്, ആ മനോഹരമായ ഖണ്ഡകാവ്യത്തിന്റെ നേരെ ചില മതഭ്രാന്തന്മാർ കോപിച്ചിട്ടുള്ളതായി ഞാൻ

കേട്ടിട്ടുണ്ട്. ഏതാണ്ട് അതുപോലെതന്നെയല്ലേ, നമ്മുടെ പഴയ മുതലാളിത്തത്തിന്റെ മാഹാത്മ്യത്തെ വാഴ്ത്തുന്ന മേത്തരം പുസ്തകങ്ങളുടെ നേരെ നമ്മളിൽച്ചിലർ കോപിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. മതഭ്രാന്ത് എവിടെയായാലും മതഭ്രാന്തു തന്നെയാണ്. അതു് ഒരിക്കലും അരുത് എന്നുള്ളതാണ് സമത്വവാദത്തിന്റെ പ്രഥമ തത്വം. ശാന്തവും കഠിനവും നിഷ്കൃഷ്ടവും നിഷ്പക്ഷപാതവുമായ നോട്ടമാണ് ഒരു ശരിയായ സമത്വവാദിയുടെ നോട്ടം. കവിത എവിടെയായാലും കവിത തന്നെയാണെന്നു സമ്മതിക്കുവാൻ തെയ്യാറുണ്ടെങ്കിലേ, മേൽപ്പറഞ്ഞ മേത്തരം കവിതകളിൽ അന്തർഭവിച്ചുകിടക്കുന്ന മുതലാളിത്തത്തിന്റെ അംശങ്ങളെ നമുക്കു വേറെയെടുത്തു വിമർശിക്കുവാൻ സാധിക്കു. കവിത എവിടെയായാലും, എങ്ങിനെയായാലും, എന്തിനെക്കുറിച്ചായാലും, കവിതതന്നെയാണ്. സമത്വവാദം ഒരു ശാസ്ത്രസിദ്ധാന്തമാണ്. രണ്ടും തമ്മിൽ സ്പർദ്ധയില്ല. ഉണ്ടെന്നു പറയുകയോ വിചാരിക്കുകയോ ചെയ്യുന്നവർ ഏതെങ്കിലുമൊന്നിനെക്കുറിച്ചു മാത്രമേ അവധാനപൂർവ്വം ആലോചിച്ചിട്ടുള്ളു.

സാഹിത്യവും പ്രായോഗികജീവിതവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും ബന്ധമില്ലായ്മയെപ്പറ്റിയും വേണ്ടിടത്തോളം ശ്രദ്ധയോടുകൂടി ചിന്തിക്കാത്തതുകൊണ്ടാണ് നാമം ഈ വേണ്ടാത്ത വഴക്കുകളിലേക്കു വഴുതിവീഴുന്നതു്. വാസ്തവത്തിൽ ആ ബന്ധം എത്രത്തോളം ഉണ്ടാവാമെന്നും എത്രത്തോളമാണ് ഉണ്ടാകേണ്ടതെന്നും ഉള്ളതിനെപ്പറ്റി ഞാൻ ചുരുക്കത്തിലൊന്നു പ്രതിപാദിച്ചു. പ്രായോഗികജീവിതത്തെ സ്പർശിക്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന സാഹിത്യത്തിന്റെ അത്യാവശ്യകത നമുക്ക് എത്രത്തോളമുണ്ടെന്നും ഞാൻ പറഞ്ഞുകഴിഞ്ഞു. പക്ഷെ, ഈ പ്രായോഗികജീവിതത്തിനു സാഹിത്യവുമായി ഉണ്ടാകാൻ കഴിയുന്ന ബന്ധത്തെക്കുറിച്ചു കർമ്മക്ഷമങ്ങളല്ലാത്ത സ്വപ്നങ്ങളൊന്നും കാണുവാൻ ഞാനൊരുക്കമില്ല. ഉൽകൃഷ്ടമായ സാഹിത്യം എല്ലായ്പോഴും പ്രായോഗികജീവിതത്തിന്നെത്താവുന്ന പൊക്കത്തെ അതിവർത്തിക്കുന്നതായിരിക്കും.

കുമാരനാശാന്റെ “ദുരവസ്ഥ”യിൽ നിഴലിച്ചുകാണുന്ന ജീവിതതത്വങ്ങൾ എത്രയാണ് എന്റെ ഹൃദയത്തെ ആകർഷിച്ചിട്ടുള്ളതെന്നോ എന്റെ ബുദ്ധിയെ തൃപ്തിപ്പെടുത്തിയിട്ടുള്ളതെന്നോ പറയാൻ എനിക്കു കഴികയില്ല. മനുഷ്യനിർമ്മിതങ്ങളായ മേലുകീഴുകളെ അതിലംഘിച്ചു

പുഷ്ടിപ്പെടുന്ന ഈശ്വരന്റെ സമത്വവാദമാണ് ആ കവിതയുടെ ഓരോ വരിയിലും മുഴങ്ങുന്നതു്. എന്നാൽ, കവിതയെന്ന നിലയിൽ ആ പദ്യം ആശാന്റെ മററനേകം കൃതികളേക്കാളും എത്രയോ താഴെയാണ്. നളിനിയ്ക്കും, "കരുണ"യ്ക്കും, "ചണ്ഡാലഭിക്ഷുകി"യുടെ ചുരുക്കം ചില ഭാഗങ്ങളൊഴികെ ബാക്കിയുള്ള ഭാഗങ്ങൾക്കും ഉള്ളേടത്തോളം മേന്മ "ദുരവസ്ഥ"യ്ക്കില്ലതന്നെ. ഇതു് ആ പുലയന്റെയോ ആ അന്തർജ്ജനത്തിന്റെയോ അപദാനമല്ല. അവരുടെ സൃഷ്ടികർത്താവായ കവിയുടെയുമല്ല. പക്ഷേ, അങ്ങിനെയാണു ലോകത്തിൽ പലപ്പോഴും കണ്ടുവരാറ്. അടിച്ചു വാരുവാനുള്ള ചൂലും അടുപ്പത്തു വെയ്ക്കുവാനുള്ള പാത്രവും സ്വർണ്ണംകൊണ്ടു പണിയുവാൻ തക്ക ധനാഢ്യത മേത്തരം മുതലാളികൾക്കുപോലും എല്ലായ്പോഴും ഉണ്ടായിരിയെന്നു വരില്ല. സ്വർണ്ണത്തിന്റെ ഉപയോഗം പ്രധാനമായി ആഭരണങ്ങളുടെ നിർമ്മാണത്തിലാണ്. മനുഷ്യന്റെ സ്ഥൂലമായ ശരീരത്തിനു് ആഭരണങ്ങൾ അത്യാവശ്യകങ്ങളാണോ എന്നതിനെപ്പററി ഞാൻ യാതൊന്നും പറയുന്നില്ല, എന്നാൽ, അവന്റെ ആത്മാവിനു് അവയെ ഉപേക്ഷിയ്ക്കുവാൻ വയ്യ. ഉയന്നതരം സംഗീതവും ഉത്തമമായ സാഹിത്യവും ഭാവനാസുഭഗമായ ആലേഖ്യവും പ്രതിമാശില്പവും മനുഷ്യന്റെ ആത്മാവിനു് എന്നെന്നും അണിയുവാനുള്ള ആഭരണങ്ങളാണ്.

അതുകൊണ്ടു ഞാൻ ഒരിയ്ക്കൽക്കൂടി പറയുന്നു. സാഹിത്യത്തേയും സാമാന്യജീവിതത്തേയും തമ്മിൽ ആവശ്യത്തിലധികം ഇട്ടു കൂട്ടിമറിയ്ക്കുന്നതു നന്നല്ല. അതു രണ്ടിന്റേയും വ്യത്യസ്തമായ വളച്ചയ്ക്കു വിഘ്നമാണ്, അതിനു ശ്രമിയ്ക്കുന്നതു വിഡ്ഢിത്തവുമാണ്. ആകാശത്തിൽ മാത്രം വെള്ളിപൂശുന്ന ചന്ദ്രന്റേയും സ്വർഗ്ഗത്തിൽ മാത്രം സുവർണ്ണം വിതറുന്ന സൂര്യന്റേയും മുഖത്തേയ്ക്കു വെറുതെ കല്ലെറിഞ്ഞിട്ടു ഫലമില്ല. നമുക്കു നമ്മുടെ ദാരിദ്ര്യം നികത്തണമെന്നുള്ളതു ശരിതന്നെ. അതിന്നുവേണ്ട പൊന്നും വെള്ളിയും നമുക്കു ഭൂമിയിൽനിന്നുതന്നെ കുഴിച്ചെടുക്കുക. എടുക്കാത്ത നാണയങ്ങൾ അടിച്ചുണ്ടാക്കാതിരിപ്പാൻ നാം പ്രത്യേകം മനസ്സിരുത്തണം. ശരിയായ തലയുള്ള നാണയങ്ങൾ മാത്രമേ നമുക്കിപ്പോൾ ആവശ്യമുള്ളൂ.

# :: പ്രതിധ്വനി ::

## വംശവിജ്ഞാനീയവും നമ്മുടെ ഭാവിയും.

—ഡോക്ടർ ബി. സി. വിശ്വാസ്

ഡോക്ടർ ബി. സി. വിശ്വാസ് എം. ഏ., എം., എസ്സ്. സി., പി. എച്ച്. ഡി. (ലണ്ടൻ) "കൽക്കത്താ റെവ്യൂ"വിൽ ഇപ്രകാരം എഴുതുന്നു:

വംശവിജ്ഞാനീയ ഗവേഷണസംഘത്തിൻെറ അദ്ധ്യക്ഷനായ ക്ലേറൻസ് ജി. ക്യാംബൽ മനുഷ്യവർഗ്ഗത്തെ മൂന്നു കുലമായി വിഭജിച്ചിരിക്കുന്നു—ഉത്തമം, മദ്ധ്യമം, അധമം. അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം ഉത്തമകുലവും അധമകുലവും ലോകത്തിലെ ജനസംഖ്യയത്തിൻെറ ഓരോ ശതാംശം വീതം മാത്രമേ ആകുന്നുള്ളു. ശേഷമുള്ള ബഹുഭൂരിപക്ഷം മദ്ധ്യമന്മാരാണ്. പ്രതിഭയും പ്രാഭവവുംകൊണ്ടു് മനുഷ്യസമുദായത്തെ മുന്നോട്ടു നയിക്കുന്ന മഹദ്‌വ്യക്തികൾ ഈ ഉത്തമകുലത്തിൽ പെട്ടവരത്രേ. അവർ സാധാരണവ്യക്തികളെപ്പോലെ പരിതഃസ്ഥിതികൾക്കു വിധേയരോ വശംവദരോ അല്ല. അവർ സർവ്വദാ അതിനോടു മല്ലിട്ടുകൊണ്ടിരിക്കും. അത്രതന്നെ പ്രതിഭാശാലികളായ സാധാരണ ജനങ്ങൾക്കുള്ള പരിതഃസ്ഥിതികൾ സൃഷ്ടിക്കുകയും ചെയ്യും. ജനസംഖ്യയത്തിൽ നിയമവിധേയരായി, സമാധാനതല്പരരായി സ്വാത്ഥമായും പരമാത്ഥമായും, പൌരജീവിതത്തിലെ സാമുദായികവും സാമ്പത്തികവുമായ ധമ്മങ്ങളെ ആചരിച്ചു് വത്തിയ്ക്കുന്ന ബഹുജനങ്ങൾ മദ്ധ്യമകുലത്തിൽ പെടുന്നു. ഇവരിൽനിന്നു് അപൂർവ്വം ചില പ്രതിഭാശാലികളായ വിശേഷവ്യക്തികൾ ജനിക്കാറില്ലെന്നില്ല. എന്നാൽ കേവലം ശൂദ്രനായി ജനിയ്ക്കുന്ന മനുഷ്യൻ ഉപനയനത്തിനു ശേഷം ദ്വിജനായിത്തീരുന്നുവെന്ന ഹൈന്ദവവിശ്വാസംപോലെ, ജന്മനാ മദ്ധ്യമനായ അയാൾ വ്യക്തിപരമായ വിശേഷഗുണങ്ങൾ വികസിക്കുമ്പോൾ കമ്മണാ ഉത്തമനായിത്തീരുന്നു. മദ്ധ്യമത്തിൽനിന്നും വളരെ താഴെ, സമുദായത്തിൻെറ നീർച്ചാലുകളിൽ എന്നുതന്നെ പറയാം, കിടക്കുന്ന വ്യക്തികളാണു് അധമന്മാർ. ഈ കുലത്തിൽപെട്ടവരാണു് വാസ്തവ

ത്തിൽ സമുദായത്തെ അധഃപതിപ്പിക്കുന്നതു്. മന്ദബുദ്ധികളും ധൂർത്ത ശീലരും ആജന്മഘാതകരും ലിംഗപാതകികളും എല്ലാം ഈ കക്ഷിയിൽ പെടുന്നു. ഇവർ സമുദായത്തിനു എന്നും ദുർവ്വഹമായ ഒരു ഭാരമാണു്. പാരമ്പര്യമാണു് ഈ അധമകുലത്തേയും ദുർഗ്ഗുണങ്ങളേയും നിലനിർത്തുന്നതെന്നതിനു ധാരാളം തെളിവുകൾ കിട്ടിയിട്ടുണ്ടു്. ശാസ്ത്രീയരീതിയിൽ മാത്രമേ ഈ ദൂഷ്യത്തെ പരിഹരിക്കുവാനോ നിവാരണം ചെയ്യുവാനോ സാധിക്കുകയുള്ളു

മനുഷ്യസമുദായത്തിൻെറ ജീവശാസ്ത്രപരമായ പരിസരവിധാനത്തെക്കുറിച്ചും വംശവിജ്ഞാനീയത്തിലെ പ്രാഥമികതത്വങ്ങളെക്കുറിച്ചും ഒരു ബോധം ജനിപ്പിക്കുകയാണു് ആദ്യം ആവശ്യം. അരോഗരായ സന്താനങ്ങളെ ജനിപ്പിക്കുവാൻ ശേഷിയുള്ളവൎക്കു മാത്രമേ അതിന്നു അർഹതയുണ്ടാകുവാൻ പാടുള്ളു. അല്ലാത്തപക്ഷം രോഗികളാണെന്നു കാണുന്ന സ്ത്രീപുരുഷന്മാരുടെ സന്തത്യുൽപാദനശക്തിയെ കെടുത്തിക്കളയണം. ഇതിൽ പൊതുജനങ്ങൾക്കും ഗവൺമേണ്ടിന്നും സമമായ ഉത്തരവാദിത്വമുണ്ടു്.

---

## അലൿസാൻഡറും ബ്രാഹ്മണനും.

—ഡോൿടർ ഭവാനി ഭട്ടാചാര്യ.

യവനവീരനായ അലൿസാൻഡറെക്കുറിച്ചു് ഡോൿടർ ഭവാനി ഭട്ടാചാര്യ എം. എ., പി. എച്ച്. ഡി. എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ രസകരമായ ഒരു വിവരണം കാണുന്നു.

അലൿസാൻഡർ ഇന്ത്യയെ ആക്രമിക്കുവാൻ വന്ന അവസരത്തിൽ തക്ഷശിലയ്ക്കു സമീപത്തു് ഏതാനും യോഗികൾ ചുട്ടവെയിലത്തു് നഗ്നരായി, ധ്യാനനിമഗ്നരായി ഇരിക്കുന്നതു കണ്ടു. അവരുമായി സംസാരിക്കണമെന്നുതോന്നിയ ചക്രവൎത്തി അവരുടെ ഗുരുവിനു് ആളെ അയച്ചു. ഹൈന്ദവസിദ്ധാന്തങ്ങൾ അറിയുവാൻ താൻ ആഗ്രഹിക്കുന്നുവെന്നു് അദ്ദേഹം ദൂതനോടു പറഞ്ഞയച്ചിരുന്നു. ഒരു ദ്വിഭാഷിമുഖാന്തരം ഹൈന്ദവസിദ്ധാന്തങ്ങൾ അറിയുവാൻ ശ്രമിക്കുന്നതു് ചേറിൽകൂടെ തെളിനീരൊഴുക്കുവാൻ പ്രയത്നിക്കുന്നതു പോലെയാണെന്നത്രേ യോഗിവര്യനായ കാലനോസ് ദൂതനോടു പറഞ്ഞയച്ചതു്. ഏതായാലും പിന്നീടു യോഗി അലൿസാൻഡറെ കാണുവാൻ ചെന്നു; ഇന്ത്യയിൽ

നിന്നു തിരിച്ചുപോകുമ്പോൾ അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു. പക്ഷേ, ഗ്രീസിലെ കാലാവസ്ഥ പിടിക്കായ്കയാൽ അദ്ദേഹത്തിൻെറ ആരോഗ്യം ക്ഷണത്തിൽ നശിച്ചു. പരാശ്രയത്താൽ ജീവിക്കുന്നതിനേക്കാൾ ഭേദം മരിക്കുകയാണെന്നു നിശ്ചയിച്ച് അദ്ദേഹം മരിക്കുവാൻ ഒരുങ്ങി. അത് അസാധാരണമായ ഒരാത്മഹത്യയായിരുന്നു. അദ്ദേഹം ഒരു വലിയ ചിതകൂട്ടിച്ചു; താൻ കയറിയ ഉടനെ അതിന് തീ കൊളുത്തണമെന്ന് അനുചരന്മാർക്ക് ആജ്ഞ കൊടുക്കുകയും ചെയ്തു. ഈ ആത്മഹത്യോദ്യമത്തിൽനിന്നു വിരമിപ്പിക്കുവാൻ അലക്സാൻഡർ ആവുന്നത്ര ശ്രമിച്ചു; പക്ഷേ ഫലമുണ്ടായില്ല. ഈ അപൂർവ്വമായ കാഴ്ച കാണുന്നതിന്നായി ഏതാണ്ട് ഗ്രീസ് മുഴുവൻതന്നെ അവിടെ തിക്കിത്തിരക്കിക്കൂടിയിരുന്നു. യോഗി യാതൊരു മനശ്ചാഞ്ചല്യവും കൂടാതെ ചിതയിൽ കയറിനിന്നു. അനുചരന്മാർ അതിൽ എണ്ണയൊഴിച്ചു തീ കൊളുത്തി. അദ്ദേഹത്തിൻെറ മുഖത്തു യാതൊരു ഭാവഭേദവുമുണ്ടായില്ല. അഗ്നിജിഹ്വകൾ ആ നഗ്നസന്യാസിയുടെ ദേഹത്തെ പൂർണ്ണമായി ആഹരാദനം ചെയ്തു.........

അലക്സാൻഡർ പത്തു ഹിന്ദു സന്യാസിമാരുമായി നടത്തിയ ഒരു സംഭാഷണത്തെ പ്ലൂട്ടാർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. അവർ തമ്മിൽ നടന്ന സംവാദം താഴെ കാണുന്നവിധമായിരുന്നു:

ചോദ്യം: ആരാണ് അധികം—ജീവിച്ചിരിക്കുന്നവരോ, അതോ മരിച്ചവരോ?

ഉത്തരം: ജീവിച്ചിരിക്കുന്നവർ. എന്തുകൊണ്ടെന്നാൽ, മരണത്തിന്നു ശേഷം ജീവിതമില്ല.

ചോദ്യം: ഏതാണ് അധികം ജീവികളെ പ്രസവിക്കുന്നത്— ഭൂമിയോ, സമുദ്രമോ?

ഉത്തരം: ഭൂമി. എന്തുകൊണ്ടെന്നാൽ, സമുദ്രം അതിൻെറ ഒരു ഭാഗം മാത്രമാണ്.

ചോദ്യം: ഏതാണ് ഏററവും സാമർത്ഥ്യമുള്ള ജീവി?

ഉത്തരം: മനുഷ്യൻ ഇനിയും കണ്ടെത്തിയിട്ടില്ലാത്തതു് ഏതോ, അതു്.

ചോദ്യം: ഏതാണ് ആദ്യമുണ്ടായതു്— പകലോ, രാവോ?

ഉത്തരം: പകൽ. അതു് രാവിന്നു ഒരു പകൽ മുമ്പെ ജനിച്ചു.

(അലക്സാൻഡർ അത്ഭുതഭാവം പ്രകടിപ്പിച്ചപ്പോൾ, സന്യാസിമാരിൽ ഒരാൾ പറഞ്ഞു: 'മുട്ടുചോദ്യങ്ങൾക്കു മുട്ടുത്തരം!!)

ചോദ്യം: സ്നേഹം സമ്പാദിക്കുന്നതെങ്ങനെ?

ഉത്തരം: സ്വന്തം ശക്തികൊണ്ട് അന്യരെ ഭയപ്പെടുത്താതിരുന്നിട്ട്.

ചോദ്യം: ഒരു മനുഷ്യന്ന് എങ്ങനെ ദൈവമാകാം?

ഉത്തരം: മനുഷ്യന്നു ചെയ്വാൻ സാധിക്കാത്തതു ചെയ്തിട്ട്.

ചോദ്യം: ഏതിനാണ് അധികം — ബലം ജീവിതത്തിനോ മരണത്തിനോ?

ഉത്തരം: ജീവിതത്തിന്ന്. അത്യധികം ദോഷങ്ങളെ അതു ചുമന്നുകൊണ്ടു നില്ക്കുന്നു.

ചോദ്യം: ഒരു മനുഷ്യന്ന് എത്ര കാലം മാന്യമായി ജീവിച്ചിരിക്കാം?

ഉത്തരം: ജീവിച്ചിരിക്കുന്നതിൽ ഭേദം മരിക്കുകയാണെന്നു തന്നെത്താൻ തോന്നുന്നതുവരെ."

---

## ഒരു കലാകാരന്റെ ധർമ്മശാസ്ത്രം.

—ജോർജ്ജ് ജീൻ നാഥൻ.

"ന്യൂയോക്ക് നേഷ'ന്റെ നാടകവിമർശകനും ഏതാനും പ്രമാണഗ്രന്ഥങ്ങളുടെ കർത്താവും ആയ ജോർജ്ജ് ജീൻ നാഥന്റെ ഒരു ലേഖനത്തിൽനിന്ന് ഉദ്ധരിച്ചിട്ടുള്ള ഈ ഖണ്ഡികകൾ രസാവഹമായിരിക്കും:

എന്റെ ജീവിതത്തേയും ആചാരത്തേയും സംബന്ധിക്കുന്ന ധർമ്മശാസ്ത്രം ഇത്രമാത്രമാണ്: തീവ്രമായി പ്രയത്നിക്കുക; അനുവദിക്കാവുന്ന ഒരതിരുവരെ വിനോദിക്കുക; അന്യന്മാരുടെ നല്ല അഭിപ്രായത്തേയോ ചീത്ത അഭിപ്രായത്തേയോ ഒപ്പം വിഗണിക്കുക; ഒരു സ്നേഹിതന്റെ നേരെ ഒരിക്കലും മലിനമായ കൗശലം പ്രയോഗിക്കാതിരിക്കുക; ഇഷ്ടമായിട്ടു തോന്നുന്നതു് ഇഷ്ടമുള്ളപ്പോഴൊക്കെ തിന്നുക, കുടിക്കുക, ഒന്നുകൊണ്ടും കുപിതനാകാതിരിക്കുക; ശാന്തതക്കും പ്രസന്നതക്കും പുകയിലയെ ആശ്രയിക്കുക; ദിവസംപ്രതി രണ്ടുനേരവും കുളിക്കുക; ക്രോഷേയുടെ കലാതത്വശാസ്ത്രത്തെ സാന്റയാനയുടെ അഭിപ്രായങ്ങളാൽ അല്പമൊന്നു പരിഷ്കരിക്കുക; കലാപരമായ ജീവിതോപരിതലത്തിന്റെ സൗന്ദര്യത്തിൽ ഒരാളുടെ ആത്മാവിന് ആവശ്യമായ പ്രായോഗികസമ്പൂർണ്ണത സമ്പാദിക്കുക, കുറഞ്ഞപക്ഷം ഏതെങ്കിലും ഒരു സംഗീതോപകരണം പ്രയോഗിക്കുവാൻ പാടവം നേടുക; തനിച്ചിരുന്നുമാത്രം അതു

പ്രയോഗിക്കുക; മരണത്തെപ്പററി ക്ഷണികമായ ഒരു വിചാരംപോലും ബാധിക്കുവാൻ അനുവദിക്കാതിരിക്കുക; അന്യാഭിപ്രായങ്ങളുടെ പ്രത്യാഖ്യാനത്തിന്നു് ഒരിക്കലും പുറപ്പെടാതിരിക്കുക; പണം പ്രതിഫലമായി കിട്ടാത്തപക്ഷം ഒന്നും ആരോടും വാദിച്ചു സ്ഥാപിക്കുവാൻ ശ്രമിക്കാതിരിക്കുക; ഓരോ നിമിഷവും, എത്രത്തോളം സാദ്ധ്യമാണോ അത്രത്തോളം ജീവിതത്തെ അനുഭവിക്കുക; പ്രതിപക്ഷികളെ മര്യാദാപൂർവ്വം അവഗണിക്കുക; ആവശ്യം നിത്യരോഗമായിത്തീർന്നിട്ടുള്ളവരെ വർജ്ജിക്കുക; തന്നെപ്പററിയുള്ള ചിന്തകൊണ്ടല്ലാ, ജീവിതംകൊണ്ടു തൃപ്തിപ്പെടുക; സ്വന്തം പ്രാപ്തികളെക്കുറിച്ചു, നിസ്സാരതാബോധവും വിമർശനപൂർവ്വമായ പരിഗണനവും ഉണ്ടായിരിക്കെത്തന്നെ, ആത്മാവിന്റെ ശക്യതകളെസ്സംബന്ധിച്ചു് അപരിമിതമായ വിശ്വാസമുണ്ടായിരിക്കുക; ആത്മാഭിമാനത്തോടുകൂടിത്തന്നെ അല്പം ഒരു ആത്മശസ്ത്രക്രിയാശക്തി കൂടി സമ്പാദിക്കുക. ബുദ്ധിയുടെ കുലീനതയോടുകൂടിത്തന്നെ ഹൃദയത്തിന്റെ സർവ്വസമത്വവും, വിനയപൂർവ്വമായ അഥവാ മര്യാദയെങ്കിലുമുള്ള സാധാരണത്വവും, ശാന്തമായ ചിരിയോടുകൂടിയ ഗൗരവവും, മാനം, സത്യസന്ധത, സച്ചരിത ഇവയും ആണു മനുഷ്യർക്കു പ്രാപിക്കുവാൻ ആശിക്കാവുന്ന അത്യുത്തമഗുണങ്ങൾ. ഒരു മനുഷ്യനെന്ന നിലയിൽ ഞാൻ ആഗ്രഹിക്കുന്നതും ഇവയെ പ്രാപിക്കുവാനാണു്.

---

## ആന്ധ്രസാഹിത്യം. *

ആന്ധ്രസാഹിത്യത്തെക്കുറിച്ചു് ഒരു ലേഖകൻ
"ഹംസി"ൽ എഴുതുന്നതു് ഇപ്രകാരമാണു്:

തെലുഗ്, തെനുഗ് ഈ ശബ്ദങ്ങൾ ആന്ധ്രഭാഷയുടെ പര്യായങ്ങളാണു്. ആന്ധ്രദിഗ്വാസികൾ ആര്യന്മാരോ, അല്ലയോ എന്നു ചരിത്രകാരന്മാരുടെ ഇടയിൽ ഇന്നും വിവാദവിഷയമാകുന്നു. ഉത്തരഭാരതത്തിൽനിന്നു വിന്ധ്യപർവ്വതം കടന്നു ദക്ഷിണാപഥത്തിൽ താമസിച്ചിരുന്ന ആര്യന്മാർ തന്നെയാണു് അവർ എന്നു സംസ്കൃതഗ്രന്ഥങ്ങളിൽനിന്നു് ഊഹിക്കാം. ഇക്കാലത്തു സാധാരണമായി ആന്ധ്രന്മാരെ ആര്യപദംകൊണ്ടാണു് സംബോധന ചെയ്യുന്നതു്.

---

* അനുവാദിക-പി. എസ്സ്. എ.

ആന്ധ്രഭാഷയുടെ ഉത്ഭവകാലം ശരിയായി നിർണ്ണയിക്കുവാൻ പ്രയാസമാണ്. ക്രിസ്ത്വബ്ദത്തിനു മുമ്പുതന്നെ ഈ ഭാഷ ഉണ്ടായിരുന്നു. തെലുങ്കുഭാഷയിൽ തൽസമങ്ങളും തൽഭവങ്ങളും ദേശീയങ്ങളും ആയ ശബ്ദങ്ങൾ ഉണ്ട്. സംസ്കൃതശബ്ദങ്ങളിൽ അല്പമായ മാററം മാത്രം വന്നിട്ടുള്ളവയാണു തൽസമങ്ങൾ. ഉദാഹരണം:— ഗൗരി (ഗൗരീ), രമ (രമാ), മാല (മാലാ), വൃക്ഷമു (വൃക്ഷ), ചന്ദ്രുഡു (ചന്ദ്ര), ധനമു (ധന), പ്രഭാവമു (പ്രഭാവ). തൽഭവശബ്ദങ്ങൾ സംസ്കൃതത്തിൻെറ അപഭ്രംശങ്ങളാണ്. സംസ്കൃതത്തിലെ ലക്ഷ്മി, ഗൃഹസ്ഥ, സ്നേഹ, കാവ്യാദി ശബ്ദങ്ങളുടെ രൂപാന്തരങ്ങളാണു തെലുങ്കിലെ ലച്ചി, ഗോസ്തു, നെയ്യമു, കബ്ബമു മുതലായവ. തെലുങ്കിലുള്ള മൗലികശബ്ദങ്ങളാണു ദേശീയങ്ങൾ. 'നെല' (നിലം), ആവു (പശു), ഗുരമു (കുതിര), ചാപ (പായ്) ഇത്യാദി ശബ്ദങ്ങൾ മൗലികങ്ങളാകുന്നു. ആ ഭാഷ സരളവും സരസവും സുമധുരവും ആണ്. തെലുങ്കിൽ കഠിനശബ്ദങ്ങളുടെ പ്രയോഗം ഇല്ലെന്നുതന്നെ പറയാം. അതിഖരങ്ങളും ഘോഷങ്ങളും ആയ അക്ഷരങ്ങൾ തത്സമശബ്ദങ്ങളിൽ മാത്രം കാണാം. തെലുങ്കുഭാഷയിലുള്ള എല്ലാ ശബ്ദങ്ങളും അജന്തങ്ങളുമാണ്. അവയുടെ ഉച്ചാരണങ്ങൾ സരളവും മധുരവും ആണ്. കവിയും വിവിധഭാഷാവിശാരദനും ആയിരുന്ന രാജാ കൃഷ്ണദേവരായ് പറഞ്ഞിട്ടുണ്ട്: എല്ലാ ഭാഷകളിലും ഉന്നതമായ സ്ഥാനം ഉണ്ടു തെലുങ്കിന്. യതിയും പ്രാസവുംമാത്രം തെലുങ്കുകവിതയിൽ ഇല്ല. എന്നാൽ നിത്യവും സാധാരണ സംഭാഷണത്തിൽ അവ ഉപയോഗിക്കുന്നുണ്ട്. ഇതു തെലുങ്കിൻെറ ഒരു വിശേഷമാണ്; ഇത്ര മാധുര്യം മറെറാരു ഭാഷയ്ക്കില്ല എന്ന് എല്ലാവരും സമ്മതിക്കും. പ്രസിദ്ധമായ ദക്ഷിണഭാരതസംഗീതം തെലുങ്കുമയമാണ്. ഉത്തരഭാരതത്തിലെ സംഗീതത്തെ അതിശയിക്കുന്നതാണു ദക്ഷിണഭാരതത്തിലെ സംഗീതം എന്നാകുന്നു കലാവിശാരദന്മാരുടെ അഭിപ്രായം. ദക്ഷിണഭാരതത്തിലെ വിശ്രുതഗായകനായ മഹാത്മാ ത്യാഗരാജൻ ആന്ധ്രദേശീയനായിരുന്നു. അദ്ദേഹത്തിൻെറ കൃപകൊണ്ട് ഏററവും ഉന്നതപദവിയിൽ സ്ഥിതിചെയ്യുന്ന കർണ്ണാടകഗാനകല വിശ്വപ്രസിദ്ധമായിത്തീർന്നു. ത്യാഗരാജൻെറ എല്ലാ ഗീതങ്ങളും തെലുങ്കിലാണ്. ഭക്തിരസപൂർണ്ണമായ ആ കൃതികൾ പാടി ഭാഗവതന്മാരും ആരാധകന്മാരും ഭക്തിയിൽ ലയിക്കുന്നു. ശ്രോതാക്കളെ ഭക്തിനിമഗ്നരാക്കുന്നു. ദക്ഷിണഭാരതത്തിലെ കർണ്ണാടകം, തമിഴ്, മലയാളം

മുതലായ ഭാഷകളിലെ ഗായകന്മാരും സാധാരണ ജനങ്ങളും വളരെ അഭിരുചിയോടുകൂടി മഹാത്മാ ത്യാഗരാജന്റെ ഗാനങ്ങൾ പഠിക്കുന്നുണ്ട്. ദക്ഷിണഭാരതത്തിലെ ജനങ്ങൾ, അവർ ഏതു സംസ്ഥാനത്തിൽ നിവസിക്കുന്നവരായാലും, ത്യാഗരാജകീർത്തനങ്ങൾ പഠിച്ചതിനു ശേഷമേ സംഗീതവിദ്വാന്മാരാണെന്നു ഗണിക്കാറുള്ളു. തെലുങ്കു ഭാഷയിലുള്ള പദങ്ങൾക്ക് അസാധാരണമായ മാധുര്യവും ലാളിത്യവും ഉണ്ട്.

തെലുങ്കു ലിപി ബ്രാഹ്മിയുടെ രൂപാന്തരമാണെന്നു പറയപ്പെടുന്നു. അതിലെ വർണ്ണമാല സമ്പൂർണ്ണമാണ്. സംസ്കൃതത്തിൽ ഇല്ലാത്ത എ. ഒ. ററ. മുതലായ വർണ്ണങ്ങൾ തെലുങ്കിൽ ഉണ്ട്. അതു കൊണ്ടു ലോകത്തിലെ ഏതു ഭാഷയിലുള്ള ശബ്ദങ്ങളും തെലുങ്കു ലിപിയിൽ ശരിക്കു എഴുതുവാൻ സാധിക്കും. തെലുങ്കു അക്ഷരങ്ങൾ പുഷ്പം പോലെ മനോഹരങ്ങളും വർത്തുളങ്ങളുമാണ്.

ബങ്കാളി, ഗുജറാത്തി, ഗുരുമുഖി ഇവയിൽ നാഗരലിപി എന്നപോലെ തെലുങ്കിൽ കർണ്ണാടകലിപി കലന്നിരിക്കുന്നു.

വളർച്ചയെ ആസ്പദമാക്കി ആന്ധ്രസാഹിത്യത്തിനു നാലു ഘട്ടങ്ങൾ കല്പിക്കാം. ക്രിസ്ത്വാബ്ദത്തിനു മുമ്പുതന്നെ തെലുങ്കു സാഹിത്യം ഉണ്ട്. എന്നാൽ ക്രി. 1050 വരെയുള്ള യാതൊരു സാഹിത്യകൃതിയും ഇതുവരെ കിട്ടിയിട്ടില്ല. അതിനാൽ ക്രി. 1050 വരെ തെലുങ്കിന്റെ അജ്ഞാതകാലമായി കരുതപ്പെടുന്നു.

1. ക്രി. 1050 മുതൽ 1450 വരെ ആദികാലം (പുരാണയുഗം.)
2. ക്രി. 1450 മുതൽ 1750 വരെ മദ്ധ്യകാലം (പ്രബന്ധകാവ്യയുഗം.)
3. ക്രി. 1750 മുതൽ 1880 വരെ ശുഷ്കകാലം (അനുകരണയുഗം.)
4. ക്രി. 1880 മുതൽ 1936 വരെ ആധുനികകാലം (നവയുഗം.)

ആദിഘട്ടത്തിൽ (1050 മുതൽ 1450 വരെ) ആണു മഹാഭാരതം, രാമായണം ഭാഗവതം മുതലായ മഹാഗ്രന്ഥങ്ങളുടെ ആവിർഭാവം. തുളസീദാസരാമായണം ഇല്ലാത്ത ഒരു ഗൃഹം ഉത്തരഭാരതത്തിൽ ഇല്ല. അതുപോലെ മേൽപറഞ്ഞ മൂന്നു വിശിഷ്ടകൃതികൾ ഇല്ലാത്ത ഭവനങ്ങൾ ആന്ധ്രദേശത്തിലും അപൂർവ്വമാകുന്നു. മഹാഭാരതത്തിനു ജനങ്ങളുടെ ഇടയിലുള്ള പ്രചാരം സൂചിപ്പിക്കുന്ന ഒരു പഴഞ്ചൊല്ല് തെലുങ്കുഭാഷയിൽ ഉണ്ട്: "ഭക്ഷിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഉറതൈർ കഴിക്കുക, കേൾക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഭാരതംതന്നെ കേൾക്കുക."

746



ക്രി. 11-ൽ രാജനരേന്ദ്രൻ ആന്ധ്ദേശത്തിലെ രാജാവായിരുന്നു. അദ്ദേഹത്തിന്റെ പ്രേരണകൊണ്ടു 'നന്നായ് ഭട്ടാരക്' എന്ന കവിപുംഗവൻ മഹാഭാരതനിൎമ്മാണം ആരംഭിച്ചു. ആദിപൎവ്വവും സഭാപൎവ്വവും ആരണ്യപൎവ്വത്തിൽ കുറച്ചുഭാഗവും എഴുതിക്കഴിഞ്ഞപ്പോഴയ്ക്കും അദ്ദേഹം നിര്യാതനായി. അനന്തരം 'കവിബ്രഹ്മാ' തിക്കനെസോമയാജി വിരാടപൎവ്വം മുതൽ ഉള്ള അവശിഷ്ടഭാഗം പൂരിപ്പിച്ചു. അദ്ദേഹം മരിച്ചതിനുശേഷം 'എൎരാപ്രഗ്' എന്ന കവി ആരണ്യപൎവ്വവും പൂൎണ്ണമാക്കി. ഇപ്രകാരം ഭാരതനിൎമ്മാണം 1050-ൽ ആരംഭിയ്ക്കുകയും 1220-ൽ അവസാനിയ്ക്കുകയും ചെയ്തു. ഭാരതമാണു തെലുങ്കു സാഹിത്യത്തിലെ പ്രഥമവും പ്രധാനവുമായ കൃതി. അതിനു മുമ്പുള്ള ഗ്രന്ഥങ്ങളൊന്നും കണ്ടുകിട്ടിയിട്ടില്ലെങ്കിലും 11-ാം ശതകത്തിനു മുമ്പുതന്നെ തെലുങ്കുസാഹിത്യം ഉന്നതസ്ഥിതിയിൽ എത്തിയിരുന്നിരിക്കണം. അല്ലെങ്കിൽ മഹാഭാരതം പോലെയുള്ള ഒരു മഹനീയഗ്രന്ഥം അതിൽ ഉണ്ടാകുവാൻ നിവൃത്തിയില്ലതന്നെ. പിപീലിക മുതൽ ബ്രഹ്മാവുവരെയുള്ള ചരാചരാത്മകമായ വിശ്വത്തിന്റെ ഒരു പ്രതിബിംബമാണു പ്രസ്തുതകാവ്യം."